കേരള സർക്കാർ

# വിഷൻ 2031

എക്സൈസ് വകുപ്പ്

# സെമിനാർ റിപ്പോർട്ട്

VISION 2031

EXCISE DEPARTMENT

# ഉള്ളടക്കം


| ഉള്ളടക്കം | | |
|---|---|---|
| ക്രമ നമ്പർ | വിഷയം | പേജ് നമ്പർ |
| 1 | ആമുഖം | 1 |
| 2 | വിഷൻ 2031 ഉദ്ഘാടനം | 2 |
| 3 | കരട് നയരേഖ | 3-10 |
| 4 | പാനലുകൾ | |
| 4.1 | സെഷൻ 1 | 11 |
| 4.2 | സെഷൻ 2 | 12 |
| 4.3 | സെഷൻ 3 | 13 |
| 4.4 | സെഷൻ 4 | 14 |
| 5 | മീറ്റിംഗ് മിനിട്ട്സ് | 15-36 |
| 6 | പ്രധാന ആശയങ്ങൾ | |
| 6.1 | വിനോദ സഞ്ചാരവും വ്യാവസായിക വളർച്ചയും - വ്യാവസായിക സൗഹൃദ മദ്യനയത്തിന്റെ അനിവാര്യത | 37 |
| 6.2 | മയക്ക് മരുന്ന് രഹിത നവ കേരളം പ്രതിരോധവും പ്രതീക്ഷകളും | 38-39 |
| 6.3 | കേരളത്തിലെ കള്ള് വ്യവസായം നവീകരണവും സുസ്ഥിരവികസനവും | 40-41 |
| 6.4 | എക്സൈസ് നിയമ പരിഷ്കരണവും ലഹരി പ്രതിരോധത്തിലെ പ്രായോഗിക വശങ്ങളും | 41-43 |
| 7 | ലഭ്യമായ മറ്റ് ആശയങ്ങൾ | 44-56 |

# 1. ആമുഖം

2031-ൽ, കേരള സംസ്ഥാനം രൂപീകരിച്ചിട്ട് 75 വർഷങ്ങൾ പൂർത്തിയാകുന്നു. കേരളത്തിന്റെ കഴിഞ്ഞ കാലത്തുള്ള നേട്ടങ്ങൾ വിലയിരുത്തുന്നതിനും ഭാവി വികസന ലക്ഷ്യങ്ങൾ ആസൂത്രണം ചെയ്യുന്നതിനും തെരഞ്ഞെടുക്കപ്പെട്ട വിഷയങ്ങളിൽ സെമിനാറുകൾ സംഘടിപ്പിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുള്ളതാണ്. 2025 ഒക്ടോബറിൽ, സംസ്ഥാനത്തെ വിവിധ ജില്ലകളിൽ, ഇത്തരം സെമിനാറുകൾ വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ സംഘടിക്കപ്പെട്ടു. 2031-ൽ, കേരളം എങ്ങനെ ആയിരിക്കണം എന്നതിനെക്കുറിച്ചും, വികസനത്തിന്റെ പ്രധാന മേഖലകളിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാകണം എന്നതിനെക്കുറിച്ചുമുള്ള ആശയങ്ങൾ ശേഖരിക്കുക എന്നതാണ് **വിഷൻ2031** എന്ന പേരിൽ സംഘടിപ്പിച്ച ഇത്തരം സെമിനാറുകളുടെ ഉദ്ദേശ്യം.

**വിഷൻ2031-ന്റെ** ഭാഗമായി, എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട സെമിനാർ , 23.10.2025 ന് രാവിലെ 9:30ന് , പാലക്കാട് കോസ്മോ പോളിറ്റൻ ക്ലബ്ബിൽ വച്ച് സംഘടിപ്പിച്ചു. ഏകദേശം 1000 പേർ പ്രസ്തുത സെമിനാറിൽ പങ്കെടുത്തു. ദേശീയതലത്തിലുള്ള വിഷയവിദഗ്ധർ, വിദ്യാർത്ഥികൾ, യുവജനങ്ങൾ, വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വ്യക്തികൾ, ഉദ്യോഗസ്ഥർ,കർഷക സംഘടനകൾ, ബാർ/ഡിസ്റ്റിലേഴ്സ്/ടോഡി അസോസിയേഷൻ പ്രതിനിധികൾ, ആന്റി ഡ്രഗ് ക്യാമ്പയിൻ പ്രതിനിധികൾ എന്നിങ്ങനെ സമൂഹത്തിലെ വിവിധ മേഖലകളിൽ നിന്നുള്ളവർ സെമിനാറിൽ പങ്കെടുക്കുകയും ചർച്ചയുടെ ഭാഗമായി തീരുകയും ചെയ്തു. മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങൾ, ആന്റി ഡ്രഗ് കാമ്പെയ്ൻ, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, മദ്യവ്യവസായം, ടൂറിസം വികസനം, എംപ്ലോയ്മെന്റ് ജനറേഷൻ, കള്ള് വ്യവസായ വികസനം എന്നിങ്ങനെ വ്യാവസായിക വികസനത്തിനും മയക്കുമരുന്നുകൾക്ക് എതിരെയുള്ള പ്രതിരോധത്തിനും പ്രാധാന്യം നൽകിക്കൊണ്ടാണ് ചർച്ചകൾ സംഘടിപ്പിച്ചത്. മയക്കുമരുന്നുകൾക്ക് എതിരെയുള്ള പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ട് ,വികസനത്തിന്റെ പ്രധാന മേഖലയിൽ എക്സൈസ് വകുപ്പിന് എന്തൊക്കെ സംഭാവനകൾ നൽകാൻ സാധിക്കും എന്നത് ചർച്ചയിൽ അവതരിപ്പിക്കാനും പുതിയ ആശയങ്ങൾ ലഭ്യമാക്കാനും പ്രസ്തുത സെമിനാറിലൂടെ സാധിച്ചു.

# 2. വിഷൻ 2031 ഉദ്ഘാടനം




2025 ഒക്ടോബർ 23 ന്, പാലക്കാട്, കോസ്മോപൊളിറ്റൻ ക്ലബ്ബിൽ നടന്ന എക്സൈസ് വകുപ്പിന്റെ 'വിഷൻ 2031' സംസ്ഥാന തല വികസന സെമിനാറിന്റെ സംസ്ഥാനതല ഉദ്ഘാടനം ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, എക്സൈസ്, പാർലമെന്ററികാര്യ വകുപ്പ് മന്ത്രി, ശ്രീ.എം.ബി.രാജേഷ് അവർകൾ നിർവ്വഹിച്ചു. സെമിനാറിന്റെ പ്രാരംഭ സെഷനിൽ, കരട് നയരേഖയും ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചു. എ.ഡി.ജി.പി.യും, എക്സൈസ് കമ്മീഷണറുമായ ശ്രീ. എം. ആർ. അജിത് കുമാർ ഐ.പി.എസ്, എക്സൈസ് വകുപ്പിന്റെ പത്ത് വർഷത്തെ നേട്ടങ്ങൾ, നിലവിലുള്ള നയങ്ങൾ, നടപ്പാക്കിയ സുപ്രധാന പദ്ധതികൾ എന്നിവ സംബന്ധിച്ച റിപ്പോർട്ട് പ്രാരംഭ സെഷനിൽ അവതരിപ്പിച്ചു. കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ ശ്രീമതി. ഹർഷിത അത്തല്ലൂരി സ്വാഗതം ആശംസിച്ചു. അഡീഷണൽ എക്സൈസ് കമ്മീഷ്ണർ ശ്രീ.ദേവ മനോഹർ ഐ.പി.എസ് നന്ദി രേഖപ്പെടുത്തി.

## 3. കേരളാ എക്സൈസ്– വിഷൻ 2031 കരട് നയരേഖ

കേരള സംസ്ഥാനത്ത് ആദ്യമായി രൂപീകൃതമായ വകുപ്പുകളിലൊന്നാണ് കേരള എക്സൈസ് വകുപ്പ്. ചരക്ക് സേവന നികുതി വകുപ്പ് കഴിഞ്ഞാൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന പങ്ക് സംഭാവന ചെയ്യുന്നത് എക്സൈസ് വകുപ്പാണ്. 30.06.1998 വരെ ബോർഡ് ഓഫ് റെവന്യുവിന്റെകീഴിൽ പ്രവർത്തിച്ചിരുന്ന ഈ വകുപ്പ് നിലവിൽ നികുതി വകുപ്പിന്റെ കീഴിൽ ഒരു സ്വതന്ത്ര വകുപ്പായി പ്രവർത്തിച്ച് വരുന്നു. 1996 ൽ ചാരായ നിരോധനം ഏർപ്പെടുത്തുന്നത് വരെ മദ്യത്തിൽ നിന്നുള്ള വരുമാനം പിരിച്ചെടുക്കുക, അത്തരത്തിലുള്ള വരുമാനത്തിന്റെ ചോർച്ച തടയുക എന്നിങ്ങനെയുള്ള കർത്തവ്യങ്ങൾ ആയിരുന്നു കേരളാ എക്സൈസ് വകുപ്പ് പ്രധാനമായി നടപ്പിലാക്കി വന്നത്. എന്നാൽ 1996 നു ശേഷം കേരള എക്സൈസ് വകുപ്പ്, മുഖ്യമായും വരുമാനത്തിനായി മാത്രം പ്രവർത്തിച്ചിരുന്ന ഒരു വകുപ്പിൽ നിന്ന് മദ്യവും മയക്കുമരുന്നും ദുരുപയോഗം ചെയ്യുന്നതിനെതിരായ നിയമ പാലനവും സാമൂഹിക ഉത്തരവാദിത്വവും മുൻഗണനനൽകുന്ന ഒരു എൻഫോഴ്സ്മെന്റ് വകുപ്പായി മാറിയിരിക്കുന്നു.

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ എക്സൈസ് വകുപ്പുകൾ സാധാരണയായി സംസ്ഥാനത്തിന് മദ്യവിൽപ്പനയിലൂടെ കൂടുതൽ വരുമാനം ഉറപ്പാക്കുക എന്നതാണ് പ്രധാന ലക്ഷ്യമായി പ്രവർത്തിക്കുന്നത്. അവിടങ്ങളിൽ മയക്ക് മരുന്നിനെതിരായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ പ്രധാന ഉത്തരവാദിത്വം പോലീസ് വകുപ്പിനാണ്. ചില സംസ്ഥാനങ്ങളിൽ എക്സൈസ് വകുപ്പ് പോലീസ് വകുപ്പിന്റെ തന്നെ ഭാഗമായിട്ടാണ് നിലകൊള്ളുന്നത്. ഇതിൽ നിന്ന് കേരള എക്സൈസ് വകുപ്പ് ഏറെ വ്യത്യസ്തമാണ്. കേരളത്തിൽ, എക്സൈസ് വകുപ്പ് വരുമാനം ശേഖരിക്കുന്ന ഒരു ഏജൻസി മാത്രമല്ല, മറിച്ച് മദ്യവും മയക്കുമരുന്നും സംബന്ധിച്ച നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്ന ഒരു പ്രത്യേക എൻഫോഴ്സ്മെന്റ് ഏജൻസി ആണ്. കേരള എക്സൈസ് വകുപ്പ് ഇന്ന് രാജ്യത്തെ ഏറ്റവും മാതൃകാപരമായി പ്രവർത്തിക്കുന്ന എൻഫോഴ്സ്മെന്റ് ഏജൻസികളിൽ ഒന്നായാണ് പരിഗണിക്കപ്പെടുന്നത്. കണ്ടെടുക്കുന്ന മയക്ക്മരുന്ന് കേസുകളുടെ, എണ്ണത്തിലും കേസുകളുടെ പ്രോസിക്യൂഷൻ നടപടികളുടെ കാര്യക്ഷമതയിലും കേരളാ എക്സൈസ് മുൻപന്തിയിൽ നിൽക്കുന്നു. മദ്യത്തിനും മയക്ക്മരുന്നിനും എതിരായ പൊതുജന ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ, സാമൂഹ്യ പ്രതിബദ്ധത ഉള്ള ഒരു വകുപ്പായും എക്സൈസ് വകുപ്പ് പ്രവർത്തിച്ച് വരുന്നു.

ഇന്നത്തെ കാലഘട്ടത്തിൽ എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് സംവിധാനത്തെ നവീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പരമ്പരാഗത രീതികളിലൂടെ മാത്രമല്ല, സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടിയ സൂക്ഷ്മ നിരീക്ഷണവും വിവരശേഖരണ സംവിധാനങ്ങളും ഉപയോഗപ്പെടുത്തിയാണ് ആധുനിക വെല്ലുവിളികളെ നേരിടേണ്ടത്. ഓൺലൈൻ വ്യാപാരവും ഡാർക്ക് വെബ് മുഖേന നടക്കുന്ന അനധികൃത മയക്കുമരുന്ന് ഇടപാടുകളും, സിന്തറ്റിക് മയക്കുമരുന്നുകളുടെ വ്യാപനവും, രാജ്യാന്തര കുറ്റകൃത്യങ്ങളുടെ വർദ്ധനയും ഇന്നത്തെ സാഹചര്യത്തിൽ വലിയ ഭീഷണികളായി മാറിയിരിക്കുകയാണ്. വിധ്വംസക പ്രവർത്തനങ്ങൾക്കുള്ള പ്രധാന സാമ്പത്തിക സ്രോതസ്സ് ഇപ്പോൾ ലഹരി മരുന്ന് വ്യാപാരമായി മാറിയിരിക്കുന്നു. ഇവയെ നേരിടാൻ ഡിജിറ്റൽ ഇന്റലിജൻസ്, സൈബർ സെല്ലുകളുടെ രൂപികരണം, ആധുനിക പരിശോധനാഉപകരണങ്ങൾ ലഭ്യമാക്കൽ, ഡ്രോൺ നിരീക്ഷണം, ഡാറ്റാ അനലിറ്റിക്സ്, എ.ഐ. അടിസ്ഥാനത്തിലുള്ള പരിശോധനാ സംവിധാനം, റാപ്പിഡ് ടെസ്റ്റിംഗ് കിറ്റുകൾ, ക്യൂ.ആർ കോഡ് ട്രാക്കിംഗ് സംവിധാനം, പോലീസ്, കസ്റ്റംസ്, നാർക്കോട്ടിക് കണ്ട്രോൾ ബ്യൂറോ തുടങ്ങിയ ഏജൻസികളുമായിവിവരവിനിമയം സാധ്യമാക്കുന്ന കേന്ദ്രീകൃത ഡിജിറ്റൽ ഡാറ്റാബേസ്ഒരുക്കുക, ഉദ്യോഗസ്ഥർക്ക് സൈബർ ഫോറൻസിക്സ്, സാമ്പത്തിക അന്വേഷണം, ആധുനിക നിരീക്ഷണ രീതികൾ എന്നിവയിൽ സ്ഥിരമായ പരിശീലനം നൽകുക തുടങ്ങിയ സംവിധാനം സ്വീകരിക്കുന്നത് അനിവാര്യമാണ്.അതോടൊപ്പം, പുതുപുത്തൻ വെല്ലുവിളികൾ നേരിടാൻ നിയമങ്ങളിലും നയങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തുകയും, രാജ്യാന്തര-സംസ്ഥാനാന്തര സഹകരണം ശക്തിപ്പെടുത്തുകയും വേണം. ഇത്തരം നവീകരണം വഴി മാത്രമേ എക്സൈസ് വകുപ്പ് കാലാനുസൃതമായ കാര്യക്ഷമത കൈവരിച്ച്, സമൂഹത്തെനിയമവിരുദ്ധ മയക്കുമരുന്ന് ഭീഷണികളിൽ നിന്നും ഫലപ്രദമായി സംരക്ഷിക്കാൻ കഴിയുകയുള്ളൂ. ഇത് കൂടാതെ എക്സൈസ് വകുപ്പിന് കീഴിൽ ഉള്ള ലൈസൻസുകളെ കൂടുതൽ വ്യവസായ സൌഹൃതമാക്കുക, മയക്ക്മരുന്നിനെതിരായ ബോധവൽകരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക തുടങ്ങിയപ്രവർത്തനങ്ങളും നടപ്പിലാക്കേണ്ടതുണ്ട്.ഈ ലക്ഷ്യങ്ങൾ കൈവരിക്കും വിധം ഒരു സമഗ്രമായ മാർഗരേഖ ഉണ്ടാക്കി അത് നടപ്പിലാക്കുന്നതിനു കാലഘട്ടത്തിനു അനുസൃതമായി എക്സൈസ് വകുപ്പിനെ എല്ലാ മേഖലകളിലും സുസജ്ജമാക്കുക എന്ന ലക്ഷ്യത്തോടെ ആണ് വിഷൻ 2031 എന്ന ഈ പദ്ധതി കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്.

1

## 3.1 വരുമാന ശേഖരണവും എൻഫോഴ്സ്മെന്റും വേർതിരിച്ച് , ഒരു പ്രത്യേക സംവിധാനം രൂപീകരിക്കുക

എക്സൈസ് വകുപ്പിന്റെ ലഹരി മരുന്നുകൾക്കെതിരെ ഉള്ള നിലവിലുള്ള എൻഫോഴ്സ്മെൻറ് പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. എങ്കിലും മാറിയ കാലഘട്ടത്തിന് അനുസൃതമായി വകുപ്പിന്റെ പ്രവർത്തന രീതികളിൽ മാറ്റം കൊണ്ട് വരേണ്ടതുണ്ട്. ഇപ്പോൾ ലഹരി മരുന്ന് വ്യാപാരത്തിന്റെ പ്രധാന കേന്ദ്രം ഇന്റർനെറ്റ് അധിഷ്ഠിതമാണ്. ഇന്ന് നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന വിവിധ തരംസോഷ്യൽ മീഡിയകളും, ഡാർക്ക് വെബ്ബും ഇതിനായി ഉപയോഗിക്കുന്നു. ഡാർക്ക് വെബ്ബിന്റെ അജ്ഞാതവും വികേന്ദ്രീകൃതവുമായ സ്വഭാവവും സങ്കീർണതകൾ നിറഞ്ഞതാണ്. "കെറ്റമെലോൺ" എന്ന അപരനാമത്തിൽ പ്രവർത്തിച്ചിരുന്ന, കേരളത്തിലെ മൂവാറ്റുപുഴയിൽ നിന്നുള്ള ഒരു മുൻ എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള ഇന്ത്യയിലെ ഏറ്റവും വലിയ ഡാർക്ക് വെബ് മയക്കമരുന്ന് സിൻഡിക്കേറ്റിനെ എൻ.സി.ബി.യുടെ കൊച്ചി യൂണിറ്റ് ഈ അടുത്ത് പിടികൂടുകയുണ്ടായി. ഇത്തരത്തിൽ ഉള്ള ലഹരി വ്യാപാരം കണ്ടെത്തി തടയിടുന്നതിനു കേരള എക്സൈസ് വകുപ്പ് പൂർണസജ്ജമാണോ എന്ന് ചോദിച്ചാൽ അല്ല എന്ന് തന്നെ പറയേണ്ടി വരും. അതിനു പല കാരണങ്ങൾ ഉണ്ട്. ഏറ്റവും പ്രധാന കാരണം മൊബൈൽ കാൾ റെക്കോർഡുകൾ, ടവർ ലൊക്കേഷനുകൾ എന്നിവ കേന്ദ്രീകരിച്ചുള്ള അന്വേഷണങ്ങൾ നടത്തുന്നതിന് കേന്ദ്ര ടെലികോം മന്ത്രാലയം കേരളാ എക്സൈസ് വകുപ്പിനെ നോട്ടിഫൈ ചെയ്തിട്ടില്ല എന്നതാണ്. മറ്റൊരു കാരണം എക്സൈസ് വകുപ്പിന്റെ സൈബർ സെൽ സംവിധാനങ്ങൾക്കുള്ള പരിമിതികൾ ആണ്. കേന്ദ്ര സർക്കാരിന്റെ സഹകരണത്തോടെ മാത്രമേ ഇത്തരം പ്രതിബന്ധങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുകയുള്ളു. NDPS നിയമ പ്രകാരം നോട്ടിഫൈ ചെയ്തിട്ടുള്ള നോഡൽ ഏജൻസി പോലീസ് വകുപ്പ് ആയതിനാൽ കേന്ദ്രത്തിൽ നിന്നും ലഭ്യമാകുന്ന സാങ്കേതിക സഹായവും ധന സഹായവും എക്സൈസ് വകുപ്പിന് ലഭിക്കുന്നതിനു തടസ്സങ്ങൾ സൃഷ്ടിക്കുന്നു. പരിമിതമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ആണ് കേരള എക്സൈസ് വകുപ്പ് പ്രവർത്തിക്കുന്നത് എങ്കിലും രാജ്യത്തെ മറ്റൊരു സംസ്ഥാനത്തെ എക്സൈസ് സേനക്കും അവകാശപ്പെടാൻ സാധിക്കാത്ത തരത്തിലുള്ള നേട്ടങ്ങൾ കേരള എക്സൈസ് ലഹരിക്കെതിരായ പ്രവർത്തനങ്ങളിൽ നേടിയിട്ടുണ്ട്. മേല്പറഞ്ഞ പ്രതിബന്ധങ്ങൾ നീക്കി എക്സൈസ് വകുപ്പിനെ സാങ്കേതികപരമായി ആധുനികവൽക്കരിച്ചെങ്കിൽ മാത്രമേ ഇനിയുള്ള കാലത്ത് ലഹരിക്കെതിരായ പ്രവർത്തനം ഫലപ്രദമാകുകയുള്ളു. ഇതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗം, ലഹരി ദുരുപയോഗത്തിനെതിരെ പ്രവർത്തിക്കുന്ന എക്സൈസ് വകുപ്പിനെയും പോലീസിനെയും ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കുക എന്നതാണ്. ഇത്തരത്തിൽ എക്സൈസ് വകുപ്പിന്റെ നികുതി പിരിവ് സംബന്ധമായ ചുമതലകളെയും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളെയും വേർതിരിച്ച്,

സർക്കാരിന് ഭീമമായ സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത രീതിയിൽ ലഹരി വിരുദ്ധ എൻഫോഴ്സ്മെന്റിനായി പ്രത്യേക വിഭാഗം രൂപീകരിക്കുന്നതാണ്.

**State Narcotic Enforcement Bureau** എന്ന വിഭാഗത്തിന്റെ തലവൻ ഡി.ഐ.ജി റാങ്കിലുള്ള ഒരു പോലീസ് ഉദ്യോഗസ്ഥൻ ആയിരിക്കും. നിലവിൽ അഡീഷണൽ എക്സൈസ് കമ്മിഷണർ (എൻഫോഴ്സ്മെന്റ്) എന്ന നിലയിൽ പ്രവർത്തിക്കുന്ന തസ്തികയെ , അഡീഷണൽ ഡയറക്ടർ, നാർക്കോട്ടിക് എൻഫോഴ്സ്മെന്റ് ബ്യൂറോ എന്നതായി പുനർനാമകരണം ചെയ്ത്, പുതിയ വിഭാഗത്തിന്റെ തലവനായി നിയമിക്കും. നാർക്കോട്ടിക് എൻഫോഴ്സ്മെന്റ് ബ്യൂറോ അഡീഷണൽ ഡയറക്ടർ, എക്സൈസ് കമ്മീഷണർക്ക് കീഴിൽ നേരിട്ട് പ്രവർത്തിക്കുന്ന രീതിയിലായിരിക്കും. അഡീഷണൽ ഡയറക്ടർക്ക് സമന്വയവും ഏകോപനവും ഉറപ്പാക്കാനുള്ള പ്രധാന ഉത്തരവാദിത്വം നൽകപ്പെടും. അഡീഷണൽ ഡയറക്ടറുടെ കീഴിൽ എക്സൈസ് വകുപ്പിലെയും പോലീസ് വകുപ്പിലെയും ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കും. ഇതിലൂടെ, ഇരുവിഭാഗങ്ങളുടെയും പ്രൊഫഷണൽ ശേഷിയും സാങ്കേതിക പരിജ്ഞാനവും പരമാവധി പ്രയോജനപ്പെടുത്താൻ കഴിയും. എക്സൈസ് വകുപ്പിലെ ജില്ലാനാർക്കോട്ടിക് എൻഫോഴ്സ്മെന്റ് സ്ക്വാഡ് ഈ വിഭാഗവുമായി ലയിപ്പിക്കും.

## 2 3.2 മദ്യ നയത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ട് വരും

നിലവിൽ ഓരോ വർഷവും പുതിയ മദ്യ നയം പ്രഖ്യാപിക്കുന്ന രീതിയാണ് സംസ്ഥാനത്ത് നിലവിലുള്ളത്. ഇതുമൂലം മദ്യവ്യവസായത്തിലും, പ്രത്യേകിച്ച് നിക്ഷേപ രംഗത്തും അനിശ്ചിതത്വം ഉണ്ടാകുന്നുവെന്ന് കാണപ്പെടുന്നു. ഓരോ വർഷവും വ്യത്യസ്തമായ നിയന്ത്രണങ്ങളും വ്യവസ്ഥകളും വരുമ്പോൾ, ദീർഘകാലാടിസ്ഥാനത്തിലുള്ള നിക്ഷേപ പദ്ധതികൾ തയ്യാറാക്കാൻ സംരംഭകർക്ക് പ്രയാസമാകുന്നു. ഇത് പരിഹരിക്കാനാണ് **തുടർച്ചയായി അഞ്ചു വർഷത്തേക്ക് മാറ്റമില്ലാതെ** തുടരുന്ന മദ്യ നയം രൂപപ്പെടുത്തുന്നത്.

ഇത്തരം ദീർഘ കാലത്തേക്കുള്ള നയം നടപ്പിലാക്കിയാൽ, മദ്യവ്യവസായത്തിലേക്ക്കൂടുതൽ സ്വകാര്യ നിക്ഷേപങ്ങൾ വരാൻ സഹായകരമാകും. ദീർഘകാലാടിസ്ഥാനത്തിലുള്ളപദ്ധതികൾ തയ്യാറാക്കാനും, ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനുമുള്ള ഉറപ്പ് വ്യവസായികൾക്ക് ലഭിക്കും. കൂടാതെ, വിദേശവും ആഭ്യന്തരവുമായ നിക്ഷേപകരെ ആകർഷിച്ച് വ്യവസായം കൂടുതൽ ക്രമബദ്ധവുംസ്ഥിരതയുള്ളതുമായരീതിയിൽ

മുന്നോട്ട് കൊണ്ടുപോകാൻ കഴിയും.ടൂറിസം രംഗത്തും ഇതിന്റെ സ്വാധീനം പ്രതീക്ഷിക്കാം. സംസ്ഥാനം സന്ദർശിക്കുന്ന വിദേശ വിനോദസഞ്ചാരികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള സൗകര്യങ്ങളും സേവനങ്ങളും ഒരുക്കുന്നതിന് സ്ഥിരമായ മദ്യ നയം സഹായകരമാകും. ടൂറിസവുമായി ബന്ധപ്പെട്ട ഹോട്ടൽ, റിസോർട്ട്, റെസ്റ്റോറന്റ് മേഖലകൾക്ക് ദീർഘകാല വളർച്ച ഉറപ്പുവരുത്താനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും ഇതിലൂടെ കഴിയും. അതായത്, വർഷേന മാറുന്ന അനിശ്ചിത സാഹചര്യങ്ങൾക്ക് പകരം സ്ഥിരതയുള്ള അഞ്ച് വർഷത്തെ മദ്യ നയം സംസ്ഥാനത്തിന്റെ സമഗ്ര സാമ്പത്തിക വളർച്ചക്കും സാമൂഹിക പുരോഗതിക്കും സഹായകരമായ ഒരു മുന്നേറ്റമായിരിക്കും.

## 3

## 3.3 ബോധവൽക്കരണ പ്രവർത്തനങ്ങളിൽ വരുത്താൻ ഉദ്ദേശിക്കുന്ന കാതലായ മാറ്റങ്ങൾ

i)എക്സൈസ് വകുപ്പ് നിലവിൽ നടത്തുന്ന ബോധവൽക്കരണപ്രവർത്തനങ്ങൾ പൊതുസമൂഹത്തെയും, വിദ്യാഭ്യാസ സ്ഥാപനങ്ങളെയും, വിവിധ സ്ഥാപനങ്ങളെയും ലക്ഷ്യമാക്കി കൂട്ടായ്മയുടെ അടിസ്ഥാനത്തിലാണ് പ്രധാനമായും സംഘടിപ്പിച്ചുവരുന്നത്. എന്നാൽ, പുതിയ സാഹചര്യങ്ങളിൽ ഇത്തരം പ്രവർത്തനങ്ങളെക്കൂടുതൽ ഫലപ്രദമാക്കാൻ വ്യക്തികേന്ദ്രീകൃതമായ സമീപനം സ്വീകരിക്കേണ്ടത് അനിവാര്യമാണ്.ഇതിന്റെ ഭാഗമായി ഓരോ വ്യക്തികളിലും ശ്രദ്ധ കേന്ദ്രീകരിച്ച് വ്യക്തിഗത കൗൺസിലിംഗ്, പേഴ്സണൽ മെന്ററിംഗ്, സൈക്കോളജിക്കൽ സപ്പോർട്ട് തുടങ്ങിയ സംവിധാനങ്ങൾ ഉൾപ്പെടുത്താൻ പദ്ധതി തയ്യാറാക്കും. ലഹരി ഉപയോഗത്തിലേക്ക് വഴിമാറാൻ സാധ്യതയുള്ളവർ, ഇതിനകം ലഹരിക്കടിമപ്പെട്ടവർ, അതിന്റെ പ്രത്യാഘാതങ്ങൾ നേരിട്ട് അനുഭവിക്കുന്ന കുടുംബാംഗങ്ങൾ എന്നിവർക്കായി പ്രത്യേകം രൂപകല്പന ചെയ്ത ഇടപെടലുകൾ നടപ്പിലാക്കും. ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ, മൊബൈൽ ആപ്പുകൾ, 24x7ഹെൽപ്‌ലൈൻ സംവിധാനങ്ങൾ എന്നിവ വഴി വ്യക്തികൾക്ക് തത്സമയം സഹായം ലഭ്യമാക്കുന്നതിനും പിന്തുണ നൽകുന്നതിനും ശ്രമിക്കും.ഇത്തരം വ്യക്തി കേന്ദ്രീകൃത ബോധവൽക്കരണവും ഇടപെടലും സമൂഹത്തിന്റെ എല്ലാ തലങ്ങളിലേക്കും എത്തുമ്പോൾ ലഹരിവിമുക്തമായ ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കപ്പെടും. ഇതിലൂടെ ബോധവൽക്കരണം കേവലം അറിവ് വിതരണം ചെയ്യുന്നതിൽ ഒതുങ്ങാതെ, ജീവിതത്തിൽ പോസിറ്റീവ് ആയ മാറ്റം സൃഷ്ടിക്കുന്ന സമഗ്ര ഇടപെടലായിഉയർത്തിക്കൊണ്ടുവരാൻ കഴിയും.

ii)ലഹരി ഉപയോഗിക്കുന്നവർക്കെതിരെയും കച്ചവടം ചെയ്യുന്നവർക്കെതിരെയും ഒരേ രീതിയിൽ നിയമ നടപടികൾ സ്വീകരിക്കുന്ന രീതി അവസാനിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ലഹരിക്ക് അടിമകളായവർ കുറ്റവാളികളല്ല. അത് ഒരുരോഗാവസ്ഥയായി കാണപ്പെടണം എന്ന ആരോഗ്യകേന്ദ്രിത സമീപനമാണ് ആവശ്യം. ഇതിന്റെ അടിസ്ഥാനത്തിലാണ് എക്സൈസ് വകുപ്പ് പ്രോസിക്യൂഷൻ നടപടികളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നത്.പുതിയ രീതിയിൽ, ലഹരി ഉപയോഗത്തിൽ കുടുങ്ങിയവരെ ശിക്ഷിക്കുന്നതിനു പകരം, പുനരധിവാസത്തിനും സാമൂഹിക പരിവർത്തനത്തിനും അവസരം നൽകുന്ന സംവിധാനങ്ങൾ നടപ്പിലാക്കും. കൗൺസിലിംഗ്, ഡീ-അഡിക്ഷൻ ക്യാമ്പുകൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, മാനസികാരോഗ്യ സേവനങ്ങൾ തുടങ്ങിയവയിലൂടെ അവരെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാനാണ് ശ്രമിക്കുക. നിയമപരമായി ശിക്ഷിക്കപ്പെടുമെന്ന ഭയം മൂലം പലരും ചികിത്സയ്ക്കും സഹായത്തിനും മുന്നോട്ട് വരാൻ തയ്യാറാകുന്നില്ല എന്ന പ്രശ്നം പരിഹരിക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു.

## 4 3.4 കള്ള വ്യവസായത്തിന്റെ നവീകരണം

കള്ള് വ്യവസായത്തിന്റെ നവീകരണം ലക്ഷ്യമിട്ട് ഒട്ടനവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ആയതിൽ ഏറ്റവും പ്രധാനപ്പെട്ട ചുവട് വയ്പ്പാണ് ടോഡി ബോർഡിൻറെ രൂപീകരണം. പരമ്പരാഗത വ്യവസായമെന്ന നിലയിൽ കള്ള് വ്യവസായത്തെ സംരക്ഷിച്ച് കാലോചിതമാക്കുകയും പ്രകൃതിദത്ത പാനീയമായ കള്ളിന് കൂടുതൽ പ്രചാരണം നൽകി, ശുദ്ധമായ കള്ള് ഉപഭോക്താക്കൾക്ക് നൽകുന്നതിൽ വിശ്വാസ്യത നേടിയെടുക്കുകയും ചെയ്യുക എന്നതാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. കള്ള് വ്യവസായം സംബന്ധമായ നയങ്ങൾ കൂടുതൽ ഉദാരമാക്കിയും, കള്ളിന് സ്വദേശത്തും വിദേശത്തും വിപണി കണ്ടെത്തിയും, കേരളത്തിന്റെ തനത് പാനീയം എന്ന നിലയിൽ കള്ളിനെ ബ്രാൻഡ് ചെയ്തും, കള്ളിൽ നിന്നും മൂല്യ വർധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ചും ഈ മേഖലയെ ആധുനികവൽക്കരിക്കുന്നതിനു സർക്കാർ ഉദ്ദേശിക്കുന്നു. ഉൽപ്പാദനം മുതൽ വിപണനം വരെ നിയന്ത്രിക്കുന്ന ഒരു ഏജൻസിയായി ടോഡി ബോർഡിനെ വികസിപ്പിക്കുക, കള്ള് വ്യവസായം FSSAI, ISO തുടങ്ങി ഗുണനിലവാര സർട്ടിഫിക്കേഷനുകൾ നേടുന്ന രീതിയിൽ പരിഷ്കരിക്കുക,

“Kerala Toddy – The Taste of Tradition” പോലുള്ള ബ്രാൻഡിങ്ങ് കാമ്പെയ്നുകൾ ആഗോളതലത്തിൽ നടപ്പിലാക്കുക, ഫുഡ് ഫെസ്റ്റുകളിലും ടൂറിസം വിപണന പരിപാടികളിലും കള്ളിന് സ്ഥാനം നേടുക, കേരളാ ടൂറിസത്തിനൊപ്പം സഹകരിച്ച് ടോഡി ടൂറിസം സർക്യൂട്ടുകൾ വികസിപ്പിക്കുക, ഡ്യൂട്ടി ഫ്രീ ഷോപ്പുകളിലൂടെയും വിമാനത്താവളങ്ങളിലൂടെയും ബോട്ടിൽ ചെയ്ത കള്ള് വിപണനം ആരംഭിക്കുക, കള്ള് ടാപ്പർമാർക്ക് അത്യാധുനിക ഉപകരണങ്ങൾ, സുരക്ഷാ സംവിധാനങ്ങൾ, സാമൂഹ്യ സുരക്ഷ ഉറപ്പ്, നൂതന പരിശീലനം എന്നിവ നൽകുക, യുവജനങ്ങളെ കള്ള് വ്യവസായത്തിലേക്ക് ആകർഷിക്കുന്ന സംരംഭകത്വ പദ്ധതികൾ ആരംഭിക്കുക, കള്ള് ശേഖരണത്തിനും സംഭരണത്തിനും കഴിയുന്ന പുനരുപയോഗശേഷിയുള്ള Eco-Friendly പാക്കേജിംഗ് വികസിപ്പിക്കുക, കള്ള് വ്യവസായ രംഗത്ത്2 ലക്ഷം പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക തുടങ്ങിയ പദ്ധതികളും ലക്ഷ്യമിടുന്നു.

## 5 3.5 തദ്ദേശീയ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കും

കേരളത്തിൽ നിലവിൽ ഒമ്പത് ഡിസ്റ്റിലറികൾ സാങ്കേതികമായി നിലവിലുണ്ടെങ്കിലും, ഇവയൊന്നും ഇപ്പോഴത്തെ ഘട്ടത്തിൽ സ്പിരിറ്റ് ഉത്പാദനം നടത്തുന്നില്ല. സംസ്ഥാനത്തെ മദ്യ നിർമ്മാണത്തിനും വ്യവസായ ആവശ്യങ്ങൾക്കും വേണ്ടിയുള്ള സ്പിരിറ്റ് മറ്റ് സംസ്ഥാനങ്ങളിൽ നിന്നാണ് നിലവിൽ ഇറക്കുമതി ചെയ്യുന്നത്. ഇതിലൂടെ നിരവധി സാമ്പത്തിക നഷ്ടങ്ങൾ സംഭവിക്കുന്നതോടൊപ്പം തന്നെ, നിക്ഷേപം ചെലവഴിക്കപ്പെട്ട ഡിസ്റ്റിലറികൾ ഉപയോഗശൂന്യമായി കിടക്കുന്ന അവസ്ഥയിലായതിനാൽ തൊഴിലവസരങ്ങളും നഷ്ടപ്പെടുന്നുവെന്നതും ഗൗരവമായ വിഷയം തന്നെയാണ്. കേരളത്തിൽ തന്നെ ലഭ്യമായതും ഇവിടെ കൃഷി ചെയ്യാൻ അനുയോജ്യവുമായ കാർഷിക വിളകൾ ഉപയോഗിച്ച് സ്പിരിറ്റ് ഉത്പാദനം ആരംഭിക്കുകയാണെങ്കിൽ, സംസ്ഥാനത്തെ കാർഷിക മേഖലയ്ക്ക് വലിയ ഉണർവുണ്ടാകുന്നതിനോടൊപ്പം, വ്യവസായ മേഖലയിലും തൊഴിലവസരങ്ങളിലും വലിയ പുരോഗതിയും സാധ്യമാണ്.

ഇന്ധന മേഖലയിൽ കേന്ദ്രസർക്കാർ നടപ്പിലാക്കിയിരിക്കുന്ന Ethanol Blended Petrol (EBP) പദ്ധതിയുടെ ഭാഗമായി, പുതിയ ഡിസ്റ്റിലറികൾക്ക് പലിശ ഇളവുകൾ ഉൾപ്പെടെയുള്ള ധനസഹായങ്ങൾ ലഭ്യമാണ്. അതോടൊപ്പം, അസംസ്കൃത വസ്തുവായ കരിമ്പ് പോലെയുള്ള കൃഷികൾക്ക് കേന്ദ്ര സർക്കാർ നേരിട്ടുള്ള പ്രോത്സാഹനങ്ങളും പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സാധ്യതകൾ മുഴുവനായും ഉപയോഗപ്പെടുത്തി, നിലവിലുള്ള ഡിസ്റ്റിലറികളെ നവീകരിക്കുകയും പുതിയ

ഡിസ്റ്റിലറികൾക്ക് അനുമതി നൽകുകയും ചെയ്താൽ, കേരളം സ്വയംപര്യാപ്തമായ സ്പിരിറ്റ് ഉത്പാദനത്തിൽ എത്തിച്ചേരാനും, കാർഷിക-വ്യവസായ സഹവർത്തിത്വം വഴിയുള്ള സമഗ്ര വികസനം ഉറപ്പാക്കാനും കഴിയുമെന്നും വ്യക്തമാണ്. ഇത് മൂലം പ്രത്യക്ഷമായും പരോക്ഷമായും ഒട്ടനവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കും. ഈ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ട നിയമ ഭേദഗതിയും പരിഗണിക്കുന്നതാണ്.


# 6 3.6 നിയമ പരിഷ്കരണം

നിലവിലുള്ള കേരള അബ്കാരി ആക്ട് ഏകദേശം 125 വർഷം പഴക്കമുള്ളതാണ്. ബ്രിട്ടീഷ് ഭരണകാലത്ത് രൂപവത്കരിച്ച ഈ നിയമം പിന്നീട് വിവിധ ഘട്ടങ്ങളിലായി പലതവണ ഭേദഗതികൾക്ക് വിധേയമാകുകയായിരുന്നു. എന്നാൽ ഇതുവരെ ഈ നിയമത്തിൽ ഒരിക്കലുംസമഗ്രവും കാലോചിതവുമായ ഒരു പുനരാലോചനനടത്തിയിട്ടില്ല. കാലം മാറിയിരിക്കുന്നു.സമൂഹത്തിലെ സമീപനങ്ങളും, സാമ്പത്തിക സാഹചര്യങ്ങളും, സാമൂഹ്യാരോഗ്യകാര്യങ്ങളും, വ്യവസായ സാധ്യതകളും വലിയ തോതിൽ മാറിയ സാഹചര്യത്തിലാണ് എക്സൈസ് വകുപ്പിന്റെ പ്രവർത്തനം തുടരുന്നത്. അതിനാൽ തന്നെ, ഇന്ന് നിലവിലുള്ള ആക്ട് നിലവിലെ യാഥാർത്ഥ്യങ്ങൾക്കും ഭാവിയിലേക്ക് രൂപപ്പെടുന്ന ആവശ്യങ്ങൾക്കും ഏറ്റവും അനുയോജ്യമായ രീതിയിൽ പരിഷ്കരിക്കേണ്ടത് അനിവാര്യമാണ്. മദ്യവർജ്ജന ആശയത്തിൽ നിന്നും വ്യതിചലിക്കാതെ എന്നാൽ മാറിയ കാലഘട്ടത്തിലെ വെല്ലുവിളികളും ആവശ്യകതകളും കൂടി ഉൾക്കൊണ്ടു കൊണ്ടും വ്യവസായ സാധ്യതകൾ, തൊഴിൽസാധ്യതകൾ, കയറ്റുമതി സാധ്യതകൾ, കാർഷിക ആശ്രിത മേഖലകളുടെ ഉന്നതിഎന്നിവ കൂടി ലക്ഷ്യം വച്ചും ഉള്ള സമഗ്രമായ ഒരു നിയമ ഭേദഗതി ആണ് ലക്ഷ്യമിടുന്നത്. പുതിയ നയഭാവനകളും സാങ്കേതിക പരിഷ്കാരങ്ങളും ഉൾക്കൊള്ളുന്ന വിധത്തിൽ, എക്സൈസ് വകുപ്പ് പുതിയ തലത്തിലേക്ക് കടക്കുന്നതിന് അടിസ്ഥാനമാവുന്ന വിധത്തിൽ, അബ്കാരി ആക്ടിൽ സമഗ്രവും ദിശാനിർണയാത്മകവുമായ പരിഷ്ക്കാരം നടപ്പിലാക്കും.

# 4. പാനലുകൾ

## വിഷയം

### 4.1 വിനോദ സഞ്ചാരവും വ്യാവസായിക വളർച്ചയും –വ്യാവസായിക സൗഹൃദ മദ്യനയത്തിന്റഅനിവാര്യത.



**വേദി 1 - (11. 00 am - 1. 00 pm)**

**സെഷൻ 1 : വിനോദസഞ്ചാരവും വ്യാവസായിക വളർച്ചയും - വ്യാവസായിക സൗഹൃദ മദ്യനയത്തിന്റെ അനിവാര്യത**

അദ്ധ്യക്ഷ : **ശ്രീമതി. ഹർഷിത അത്തല്ലൂരി ഐ.പി.എസ്**
മാനേജിങ് ഡയറക്ടർ, കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ

പാനലിസ്റ്റുകൾ : **ശ്രീ. എൻ. ജയമുരുഗൻ**
സി.എം.ഡി, ബ്രൂവറീസ്, ചെന്നൈ

: **ശ്രീ. ധനകുമാർ .കെ**
ചെയർമാൻ, ഐ.എം.എഫ്.എൽ., സപ്ലയേഴ്സ് അസോസ്സിയേഷൻ

: **ശ്രീ. അരുൺ ജോസഫ്**
ജനറൽ സെക്രട്ടറി,
ഡിസ്റ്റിലേഴ്സ് ആൻഡ് ഐ.എം.എഫ്.എൽ സപ്ളെയ്സ് അസോസിയേഷൻ

: **ശ്രീ. രാജീവ് ദേവരാജ്**
എക്സിക്യൂട്ടീവ് എഡിറ്റർ, മാതൃഭൂമി ന്യൂസ്

: **ശ്രീ. ആനന്ദ് .എസ്. അയ്യർ**
ഡയറക്ടർ ജനറൽ, കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ആൽക്കഹോളിക് ബീവറേജ്സ് കോൺഫെഡറേഷൻ ഡിസ്ട്രിക് സെന്റർ, ന്യൂഡൽഹി

: **ശ്രീ. കെ. ബി. പദ്മദാസ്**
സ്ക്വാഡ്രൺ ലീഡർ (Rtd), പ്രസിഡന്റ്,
ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽസ് അസോസിയേഷൻ

: **ശ്രീ. ജോസ് പ്രദീപ്**
പ്രസിഡന്റ്, കേരള ട്രാവൽസ് സൊസൈറ്റി

: **ശ്രീ. പി. ഒ. തോമസ്**
ഹോർട്ടി വൈൻസ്

## വിഷയം

# 4.2 മയക്കമരുന്ന് രഹിത നവ കേരളം –പ്രതിരോധവും പ്രതീക്ഷകളും

**വേദി 2 - (11. 00 am - 1. 00 pm)**

**സെഷൻ 2 : മയക്കുമരുന്ന് രഹിത നവ കേരളം - പ്രതിരോധവും പ്രതീക്ഷകളും**

അദ്ധ്യക്ഷൻ : **ശ്രീ. എം. ആർ. അജിത് കുമാർ ഐ.പി.എസ്**
എ.ഡി.ജി.പി. & എക്സൈസ് കമ്മീഷണർ

പാനലിസ്റ്റുകൾ : **ശ്രീ. എസ്. ഹരിശങ്കർ ഐ.പി.എസ്**
ഡി.ഐ.ജി. തൃശൂർ റെയിഞ്ച്

: **ശ്രീ. അജിത്കുമാർ ഐ.പി.എസ്**
ജില്ലാ പോലീസ് മേധാവി, പാലക്കാട്

: **ഡോ. ദയാ പാസ്കൽ**
കൺസൾട്ടന്റ് സൈക്യാട്രിസ്റ്റ് & ഡിസ്ട്രിക്ട് നോഡൽ ഓഫീസർ, മെന്റൽ ഹെൽത്ത് പ്രോഗ്രാം, എറണാകുളം

: **ഡോ. മോഹൻ റോയ്**
പ്രൊഫസർ & എച്ച്. ഒ. ഡി, ഗവൺമെന്റ് മെഡിക്കൽ കോളേജ്, കൊല്ലം

: **ശ്രീ. വേണുഗോപാൽ ജി. കുറുപ്പ്**
സോണൽ ഡയറക്ടർ, നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ, കൊച്ചി

: **അഡ്വ. രാജേഷ്**
ഗവ.പ്ലീഡർ, എൻ.ഡി.പി.എസ് സ്പെഷ്യൽ കോർട്ട്, തൊടുപുഴ

: **ശ്രീ. ജെയ്സൺ ജോയ് .എം.ജെ**
സൈക്കോളജിസ്റ്റ്, ഷാലോം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് റിസർച്ച്, പാലക്കാട്



## വിഷയം

## 4.3 കേരളത്തിലെ കള്ള് വ്യവസായം – നവീകരണവും സുസ്ഥിര വികസനവും

**വേദി 3 - (11. 00 am - 1. 00 pm)**

**സെഷൻ 3 : കേരളത്തിലെ കള്ള് വ്യവസായം – നവീകരണവും സുസ്ഥിരവികസനവും**

അദ്ധ്യക്ഷൻ : **ശ്രീ. യു. പി ജോസഫ്**
ചെയർപേഴ്സൺ, കേരള കള്ള് വ്യവസായ വികസന ബോർഡ്

പാനലിസ്റ്റുകൾ : **ശ്രീ. എൻ. വി. ചന്ദ്രബാബു,**
ചെയർപേഴ്സൺ, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്

: **ശ്രീ. അജിത്ത് ബാബു. വി. കെ**
ജനറൽ സെക്രട്ടറി, കേരള കള്ള് ഷോപ്പ് ലൈസൻസി അസോസിയേഷൻ

: **ഡോ. സജി ഗോമസ്**
പ്രൊഫസർ & ഹെഡ്, പോസ്റ്റ് ഹാർവസ്റ്റ് ടെക്നോളജി ഡിപ്പാർട്ട്മെന്റ്, കേരള കാർഷിക സർവ്വകലാശാല

: **ഡോ. രേഷ്മ . എം. വി**
സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ്, എൻ.ഐ.ഐ.എസ്.റ്റി

: **ശ്രീമതി. ദീപ്തി . ആർ**
ഡെവലപ്മെന്റ് ഓഫീസർ, നാളികേര വികസന ബോർഡ്

**ശ്രീ. കിഷോർ . എൻ. കെ**
വ്ളോഗർ, സിനിമ സീരിയൽ താരം

: **ശ്രീ. ഡി. പി. മധു**
ചെത്ത് തൊഴിലാളി പ്രതിനിധി

: **ശ്രീമതി ഷീജ . സി**
ചെത്ത് തൊഴിലാളി പ്രതിനിധി



വിഷയം

## 4.4എക്സൈസ് നിയമ പരിഷ്കരണവും ലഹരി പ്രതിരോധത്തിലെ പ്രായോഗിക വശങ്ങളും

വേദി 4 - (11. 00 am - 1. 00 pm)

**സെഷൻ 4 : എക്സൈസ് നിയമ പരിഷ്കരണവും ലഹരി പ്രതിരോധത്തിലെ പ്രായോഗിക വശങ്ങളും**

അദ്ധ്യക്ഷൻ : **ജസ്റ്റിസ് അജിത്ത് കുമാർ .പി.വി**
കേരള ഹൈക്കോടതി ജഡ്ജി (Rtd)

പാനലിസ്റ്റുകൾ :

: **അഡ്വ. വി. മനു**
സ്പെഷ്യൽ ഗവ. പ്ലീഡർ ടു എ.ജി., കേരള ഹൈക്കോടതി

: **ശ്രീ. സുലേഷ് കുമാർ .വി.പി**
മുൻ പ്രിൻസിപ്പൽ, കേരള സ്റ്റേറ്റ് എക്സൈസ് അക്കാദമി

: **അഡ്വ. ശ്രീനാഥ് വേണു**
അഡീഷണൽ ഗവ. പ്ലീഡർ., എൻ.ഡി.പി.എസ് കോടതി, പാലക്കാട്

: **ശ്രീ.അനിൽകുമാർ.ജി**
സി.ഇ.ഒ, ടോഡി ബോർഡ്

: **ശ്രീ. ജയചന്ദ്രൻ .ആർ**
ജോയിന്റ് എക്സൈസ് കമ്മീഷണർ ( Rtd )

: **ശ്രീ. അജിത് സി. നായർ**
ജനറൽ സെക്രട്ടറി, ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസ്സോസിയേഷൻ

: **ശ്രീ. ജോസഫ് ബിനോയ്**
വൈസ് പ്രസിഡന്റ്, ഡിസ്റ്റില്ലേഴ്സ് ആൻഡ് ഐ.എം.എഫ്.എൽ സപ്ളെയ്സ് അസോസിയേഷൻ

: **ശ്രീ. ബിജു .ഡി**
ജോയിന്റ് കെമിക്കൽ എക്സാമിനർ

: **ശ്രീ. വിനോദ്കുമാർ .എസ്**
ജോയിന്റ് എക്സൈസ് കമ്മീഷണർ, സംസ്ഥാന വിമുക്തി കോർഡിനേറ്റർ



# 5. മീറ്റിംഗ് മിനിറ്റ്സ്

## സെഷൻ 1 വിനോദസഞ്ചാരവും വ്യാവസായിക വളർച്ചയും– വ്യാവസായിക സൗഹൃദ മദ്യനയത്തിന്റെ അനിവാര്യത

### അധ്യക്ഷ

**ശ്രീമതി. ഹർഷിത അട്ടല്ലൂരി, ഐ.പി.എസ്. മാനേജിംഗ് ഡയറക്ടർ ,കേരള സംസ്ഥാന ബീവറേജസ്കോർപ്പറേഷൻ**




1) **ശ്രീ.അരുൺ ജോസഫ് ,ജനറൽ സെക്രട്ടറി,ഡിസ്റ്റിലേഴ്സ്&ഐ.എം.എഫ്.എൽ സപ്ലൈയ്സ് അസോസിയേഷൻ**:–

കേരളത്തിൽ 19 ഡിസ്റ്റലറികളാണ് നിലവിൽ പ്രവർത്തിച്ച വരുന്നത് .കേരളത്തിന് പുറത്ത് പ്രവർത്തിക്കുന്ന 185ഡിസ്റ്റലറികളിൽ നിന്നും കേരളത്തിലേക്ക് മദ്യം സപ്ലൈ ചെയ്യുന്നുണ്ട്.കേരളത്തിൽ ഉൽപാദിപ്പിക്കുന്ന മദ്യം കേരള വിപണിയുടെ 10% പോലും വരുന്നില്ല. ഇതിനു പ്രധാന കാരണം കേരളത്തിന് പുറത്തുനിന്നുള്ള കമ്പനികളുടെ ഉച്ചമായ തുക മുടക്കി ടൈ അപ്പ് വ്യവസ്ഥയിൽ കേരളത്തിലെ

ഡിസ്റ്റലറികളിൽഅവരുടെ ബ്രാൻഡ് മദ്യം ഉത്പാദിപ്പിച്ച് കേരളത്തിന് പുറത്ത് ചെയ്യുവാനായി സാധിക്കുന്ന എന്നതാണ്. കേരളത്തിലെ നിലവിലുള്ള മിനിമം കൂലി മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. അതുകൊണ്ട് കേരളത്തിൻറെ സ്വന്തം ബ്രാൻഡ് എന്നനിലയിൽ മദ്യം ഉത്പാദിപ്പിച്ച് വിപണനം ചെയ്യുന്നതിന് കേരളത്തിലെ ഡിസ്റ്റലറികൾക്ക് സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. ഇത് തരണം ചെയ്യണമെങ്കിൽ കുറഞ്ഞ വിലയിലുള്ള മദ്യം കേരളത്തിലെ ഡിസ്റ്റലറികളിൽ ഉല്പ്പാദിപ്പിക്കുന്നതിനു പ്രത്യേക ഡ്യൂട്ടി സ്ലാബുകൾ കൊണ്ടുവരണം. കൂടാതെ കേരളത്തിൽ ഉൽപാദിപ്പിക്കുന്ന മദ്യത്തിന് നികുതി ഇളവ് നൽകുന്നത് പരിഗണിക്കണം. അന്യസംസ്ഥാനങ്ങളിലെ ഡിസ്റ്റിലറികൾ കേരളത്തിലേക്ക് മദ്യം സപ്ലൈ ചെയ്യുന്നതിൽ നിർബന്ധമായും അവരിൽനിന്ന് NO DUE സർട്ടിഫിക്കറ്റ് വാങ്ങുന്നത് പരിഗണിക്കണം.

### 2) ശ്രീ.ആനന്ദ്. എസ്അയ്യർ, ഡയറക്ടർ ജനറൽ,കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ആൽക്കഹോളിക് ബീവറേജസ് കോൺഫെഡറേഷൻ ഡിസ്ട്രിക്ട് സെൻറർ ന്യൂഡൽഹി

കേരളത്തിലെ തനത് മദ്യം എന്നത് പ്രായോഗികമല്ല എന്ന് മറ്റ് സംസ്ഥാനങ്ങളിലെ മാതൃക തെളിയിച്ചിട്ടുള്ളതാണ്. അതുകൊണ്ട് കേരളത്തിലെ തദ്ദേശീയമായ മദ്യ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് കേരളത്തിലേക്ക് ആവശ്യമായ മദ്യം കേരളത്തിൽ തന്നെ ഉദ്പാദിപ്പിക്കുന്നതിന് ആവശ്യമായ നിയമ ഭേദഗതികൾ കൊണ്ടുവരണം. ആന്ധ്രപോലുള്ള സംസ്ഥാനങ്ങളിൽ തദ്ദേശീയമായി ഉത്പാദിപ്പിക്കുന്ന മദ്യത്തിന് 30% ശതമാനത്തിലധികം നികുതി ഇളവ് അനുവദിക്കുന്നുണ്ട്. ഇത്തരത്തിലുള്ള നികുതി ഇളവ് അനുവദിക്കുന്നതിന് എഥനോൾ കേരളത്തിൽ തന്നെ ഉല്പ്പാദിപ്പിക്കുന്നതിന് ആവശ്യമായ ഇളവുകൾ നല്കുന്നതിന് നടപടി സ്വീകരിക്കണം.

### 3) ശ്രീ.എൻ.ജയമുരുഗൻ, സി.എം.ഡി ,ബ്രുവറീസ്, ചെന്നൈ:-

കേരളത്തിൽ മദ്യം ഉൽപാദിപ്പിക്കുന്നതിന് ആവശ്യമായ നികുതി ഇളവുകൾ നൽകുകയാണെങ്കിൽ ഒരു ബ്രുവറിയും, ഒരു ENA ഫാക്ടറിയും കേരളത്തിൽ ആരംഭിക്കുന്നതിനു തങ്ങൾ തയ്യാറാണ്.

### 4) ശ്രീ.കെ.ബി.പത്മദാസ്, സ്ക്വാഡ്രൺ ലീഡർ(Rtd),പ്രസിഡൻറ്,ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽസ് അസോസിയേഷൻ:-

ടൂറിസത്തിന്റെ വളർച്ചയ്ക്കനുസരിച്ച് ടൂറിസത്തിന്റെ അവിഭാജ്യഘടകമായ നിലവിലുള്ള എല്ലാ ഹോട്ടലുകളെയും സംരക്ഷിക്കുന്ന നിലപാട് സർക്കാർ സ്വീകരിക്കണം. വരുമാനത്തിലെ കുറവ് കണക്കിലെടുത്ത് ബാർ ലൈസൻസ് ഫീസ് കുറയ്ക്കണം. ടൂറിസത്തിന് വ്യവസായ പദവി നൽകണം.ഹോട്ടലുകളുടെ റീ ക്ലാസിഫിക്കേഷൻ സംസ്ഥാന ടൂറിസം വകുപ്പിനെ ഏൽപ്പിക്കണം.ലഭ്യമാക്കുകയും പുതിയ തലമുറകളെ ആകർഷിക്കുന്ന തരത്തിൽ നല്ല ആംബിയൻസ് ഉള്ള പബ്ബുകൾ പോലെയുള്ള സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് അനുമതി നല്കുകയും

വേണം. മൈക്രോ ബ്രൂവറികൾ തുടങ്ങാൻ നടപടികൾ സ്വീകരിക്കണം.ഉത്സവങ്ങളുടെ പേരിൽ ദിവസങ്ങളോളം ഹോട്ടലുകൾ അടപ്പിക്കുന്നത്
ഒഴിവാക്കണം.

### 5) ശ്രീ. പി.ഒ തോമസ് , ഹോർട്ടി വൈൻസ്:-

22% വീര്യമുള്ള ഫെനി കേരളത്തിൽ ഉൽപാദിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാരിൻറെ ഭാഗത്തുനിന്നും ഉണ്ടാകണം.ബ്രാൻഡ് രജിസ്ട്രേഷൻ ഫീസ് 50,000 ത്തിൽ നിന്നും 5000 ആയി കുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.എക്സൈസ് ഡ്യൂട്ടി 5 രൂപ എന്ന് എന്നുള്ളത് കുറയ്ക്കണം. നിലവിൽ ഈടാക്കുന്ന 25,000 രൂപ എന്ന അഡീഷണൽ ബ്രാൻഡ് പെനാൽറ്റി ഒഴിവാക്കണം. ഞങ്ങളുടെ ഉൽപ്പന്നങ്ങൾ വില്പ്പന നടത്തുന്നതിന് KSBC ഔട്ട് ലെറ്റുകൾ പ്രത്യേക സൗകര്യം ഉണ്ടാക്കണം. ഞങ്ങളുടെ ഉൽപ്പന്നങ്ങൾ മറ്റു സംസ്ഥാനങ്ങളിലും വിൽപ്പന നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. നിലവിൽ IMFL വ്യവസായത്തിന് അനുവദിക്കുന്ന പോലെയുള്ള ടൈ അപ്പ് വ്യവസ്ഥ ഞങ്ങളുടെ ഉത്പന്നങ്ങൾക്കും അനുവദിക്കണം.

### 6) ശ്രീ.രാജീവ് ദേവരാജ്, എക്സിക്യൂട്ടീവ് എഡിറ്റർ, മാതൃഭൂമി ന്യൂസ്:-

ഉപഭോക്താക്കളുടെ താൽപര്യം കൂടി പരിഗണിച്ച് മദ്യ പോളിസി രൂപീകരിക്കണം. ഉത്തരവാദിത്ത മദ്യപാന രീതികൾക്ക് പ്രാമുഖ്യം നൽകുക.

### 7) ശ്രീ.ജോസ് പ്രദീപ്, പ്രസിഡൻറ്, കേരള ട്രാവൽസ് സൊസൈറ്റി:-

ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നിലവിൽ നൽകുന്ന സമയഇളവ് മറ്റു സ്ഥലങ്ങളിലെ ഹോട്ടലുകൾക്കും നൽകണം.മദ്യ ഉപയോഗത്തിനുള്ള പ്രായപരിധി ഇരുപത്തിമൂന്നിൽ നിന്നും 21 ആയി കുറയ്ക്കണം. മൈസ് ഡെസ്റ്റിനേഷൻ,വെഡിങ്ങ് പോലെയുള്ള ടൂറിസം പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിന് ഡ്രൈ ഡെ ഒഴിവാക്കണം. പുതിയ മദ്യനയം രൂപീകരിക്കുന്ന അവസരത്തിൽ വ്യവസായികളുടെ അഭിപ്രായങ്ങൾ കൂടി പരിഗണിക്കണം. ബാർ ഹോട്ടലുകളിൽ നിന്നും അമിതമായി ഈടാക്കുന്ന ഫീസുകൾ കുറയ്ക്കണം.

**സെഷൻ 2**

## മയക്ക് മരുന്ന് രഹിത നവ കേരളം പ്രതിരോധവും പ്രതീക്ഷകളും

### അധ്യക്ഷൻ

**ശ്രീ. എം.ആർ. അജിത് കുമാർ ഐ.പി.എസ് എ.ഡി.ജി.പി. & എക്സൈസ് കമ്മിഷണർ**




### ശ്രീ. M. R അജിത് കുമാർ ഐ.പി.എസ്, എ.ഡി.ജി.പി & എക്സൈസ് കമ്മിഷണർ

കേരളം നേരിടുന്ന പ്രധാന പ്രശ്നമാണ് മയക്ക് മരുന്ന് ദുരുപയോഗം.ഡ്രഗ്ഗിൻറെ ഡിമാൻഡ് റിഡക്ഷൻ, സപ്ലേ റിഡക്ഷൻ എന്നിവയാണ് പ്രധാനം. കഴിഞ്ഞ 4 വർഷ കാലയളവിൽ കേരള പൊലീസ് രജിസ്റ്റർ ചെയ്ത കൊലപാതക കേസ്സ്-കളിൽ ഡ്രഗ്ഗ് ഇഷ്യു ആണ് പ്രധാനം എന്ന് കണ്ടെത്തിയിട്ടുണ്ട്.മയക്ക്മരുന്ന് ദുരുപയോഗം ഒരു സംസ്ഥാനത്തിൻറെ മാത്രം പ്രശ്നമല്ല,കൂടാതെ

താഴ്ന്നകുടുംബങ്ങളിൽ മാത്രമുള്ളവരല്ല വളരെ സാമ്പത്തിക സ്ഥിതിയുള്ള കുടുംബങ്ങളിൽ പോലും ഇത്തരത്തിലുള്ള ഡ്രഗ്ഗ് അഡിക്റ്റ് ആയവർ ഉണ്ട്.മയക്ക്മരുന്ന് ഭീഷണിയെ നേരിടാനും, ലഹരി ആസക്തി തടയാനും പുത്തൻ നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കണം.ലഹരിക്കെതിരെ പ്രതിരോധം തീർക്കാൻ സർക്കാരിൽ നിന്നും എന്താണ് ആവശ്യം എന്നും അടുത്ത 5 വർഷത്തേയ്ക്ക് സർക്കാരിൽ നിന്നും എന്താണ് പ്രതീക്ഷിക്കുന്നതെന്നും , പാനലിസ്റ്റുകളും സദസ്സിൽ പങ്കെടുക്കുന്ന പ്രതിനിധികളും മറ്റും പറയുന്നത് ഉചിതമായിരിക്കും.

### 1.ശ്രീ. അജിത്കുമാർ ഐ.പി.എസ് , ജില്ലാ പോലീസ് മേധാവി, പാലക്കാട്

മയക്ക് മരുന്ന് വ്യാപനത്തിനെതിരെ 5 കാര്യങ്ങൾ ഇവിടെ നിർദ്ദേശിക്കുന്നു.

1. **വിവിധ വകുപ്പുകളുടെ ഏകോപനവും സഹകരണവും:-** പൊലീസ്, എക്സൈസ്, ആർ.പി.എഫ്, എൻ.സി.ബി., റവന്യൂ ഇൻറല്ലിജൻസ്, തുടങ്ങിയ വകുപ്പുകളുടെ എൻഫോഴ്സ്മെൻറ് തല ഏകോപനവും, തദ്ദേശ സ്വയംഭരണം, ആരോഗ്യം, സാമൂഹ്യ നീതി, എന്നീ വകുപ്പുകളുമായി ലഹരി വിരുദ്ധ പ്രവർത്തനങ്ങളിലുള്ള സഹകരണവും ആവശ്യമാണ്.
2. **നിയമ നടപടികളുടെ ശാക്തീകരണം;-** മയക്ക് മരുന്ന് കേസ്സുകളിൽസ്ഥിരമായിഏർപ്പെടുന്ന കുറ്റവാളികൾക്കെതിരെ PIT NDPSനിയമങ്ങൾ പ്രകാരം കർശനമായ നിയമ നടപടികൾക്ക് വിധേയരാക്കണം.
3. **ഡിമാൻഡ് റിഡക്ഷൻ :-** സ്കൂളുകളിൽ പ്രവർത്തിക്കുന്ന സ്റ്റുഡൻസ് പൊലീസ് കേഡറ്റ്സ് (SPC)പ്രൊജക്റ്റുകൾ വഴി സ്കൂളുകളിലെ മയക്ക് മരുന്ന് ഉപയോഗത്തിനെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ സാധിക്കും. കൂടാതെ സ്കൂൾ പരിസരങ്ങളിൽ CCTVക്യാമറകൾ സ്ഥാപിക്കുന്നത് മയക്ക്മരുന്ന് വിൽക്കാൻ വരുന്നവരേയും വാങ്ങുന്നവരേയും കണ്ടെത്താൻ സഹായിക്കും.
4. **സൈബർ വിങ്ങിൻറെ ആവശ്യം :-** മയക്ക് മരുന്ന് കേസ്സുകൾ കണ്ടെത്താനും തുടർ അന്വേഷണം നടത്തുന്നതിനും വിപുലമായ ഒരു സൈബർ വിങ്ങിൻറെ ആവശ്യമുണ്ട്.
5. **കുട്ടികൾക്കായുള്ള റീഹാബിലിറ്റേഷൻ സെൻററുകളുടെ ആവശ്യം:-** ലഹരിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ അകപ്പെട്ട കുട്ടികൾക്കായി **റീഹാബിലിറ്റേഷൻ സെൻററുകൾ** സ്ഥാപിക്കണം. ഇക്കാര്യത്തിൽ സാമൂഹ്യ നീതി വകുപ്പിന് പ്രധാന പങ്ക് വഹിക്കാൻ കഴിയും.

## 2. ശ്രീ. S. ഹരിശങ്കർ ഐ.പി.എസ് , ഡി.ഐ.ജി. തൃശ്ശൂർ റെയിഞ്ച്

- പൊലീസ് വകുപ്പും എക്സൈസ് വകുപ്പും തമ്മിൽ എൻഫോഴ്സ്മെൻറ് പ്രവർത്തനങ്ങളിൽ വളരെ അന്തരമുണ്ട്. പൊലീസ് വകുപ്പ് കേസ്സുകൾ കണ്ടെടുക്കുന്നതിന് Technical Support ഉപയോഗിക്കുന്നുണ്ട്. പക്ഷേ അത്തരം supports എക്സൈസ് വകുപ്പിനില്ല.
- പൊലീസ് വകുപ്പ് സാങ്കേതിക സംവിധാനം കാര്യക്ഷമമായി ഉപയോഗിച്ചാണ് കേസ്സുകളിൽ ഇടപെടുന്നത്. എന്നാൽ എക്സൈസ് വകുപ്പ് മനുഷ്യ വിഭവ ശേഷി മാത്രം ആശ്രയിക്കുന്നു.
- Digitalസംവിധാനങ്ങളിലൂടെ ഓർഡർ ചെയ്യുന്ന മയക്ക് മരുന്നുകൾ, പാഴ്സലുകൾ വഴിയാണു വരുന്നത്. അത് തടയാൻ(പാഴ്സലുകൾ നിരീക്ഷിക്കാൻ) ഒരു സ്റ്റേറ്റ് തല വിംഗ് രൂപീകരിക്കണം.
- വിഷൻ 2031 പ്രകാരം ഡ്രഗ് ഫ്രീ സ്റ്റേറ്റ് എന്ന ലക്ഷ്യം കൈവരിക്കാൻ എക്സൈസ് വകുപ്പിൽ എല്ലാ ജില്ലകളിലും കാര്യക്ഷമമായ ഒരോ സൈബർ വിംഗ് വീതം സ്ഥാപിക്കണം.
- Commercial Quantity NDPS Case കളിൽ ഉൾപ്പെട്ട പ്രതികളുടെ സ്ഥാവര ജംഗമ വസ്തുക്കൾ കണ്ടുകെട്ടുന്ന നടപടി പോലീസ് വകുപ്പിനെ അപേക്ഷിച്ച് എക്സൈസ് വകുപ്പിൽ കുറവായിട്ടാണ് കാണുന്നത്. അത്തരം കേസ്സുകളിലെ പ്രതികളുടെ സ്വത്തുക്കൾ കണ്ടുകെട്ടി നടപടി സ്വീകരിച്ചാൽ ഒരു പരിധിവരെ കുറ്റകൃത്യങ്ങൾ കുറയാൻ കാരണമാകും.
- ഒരു പ്രത്യേകമായ BailLaw ഇൻഡ്യയിലില്ല. മൂന്നോ അതിൽ കൂടുതലോ NDPS കേസ്സുകളിൽ പ്രതികളായവർക്ക് ജാമ്യം അനുവദിക്കുമ്പോൾ കർശന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുള്ളതും ജാമ്യ വ്യവസ്ഥകൾ ലംഘിക്കുന്നത് ക്രിമിനൽ കുറ്റകൃത്യമാക്കിക്കൊണ്ടുള്ളതുമായ ഒരു Bail Law നടപ്പിലാക്കണം.
- അബ്കാരി കോടതികളുടെ പ്രസക്തി കുറഞ്ഞ് വരുന്ന സാഹചര്യത്തിൽ അബ്കാരി കോടതികൾ NDPS സ്പെഷ്യൽ കോടതികൾ ആക്കി മാറ്റിയാൽ വിചാരണ വേഗം പൂർത്തിയാക്കി പ്രതികൾക്ക് തടവിൽ കഴിയുമ്പോൾ തന്നെ ശിഷ വാങ്ങി കൊടുക്കാൻ കഴിയും. ഇത് മേൽതരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ അതിൽ നിന്നും പിന്തിരിപ്പിക്കാൻ ഒരു പരിധി വരെ കഴിയും.

## 3. ഡോ. ദയാ പാസ്കൽ , കൺസൾട്ടന്റ് &ഡിസ്ട്രിക്ട് നോഡൽ ഓഫീസർ മെന്റൽ ഹെൽത്ത് പ്രോഗ്രാം , എറണാകുളം

ലഹരി ഉപയോഗം രോഗമാണെന്നുള്ള സയൻറിഫിക്ക് ടെമ്പർ സമൂഹത്തിൽ ഉയർന്നു വരണം. ഡ്രഗ് അഡിക്ഷൻ ഒരു അസുഖമാണെന്നും അതിൻറെ ചികിത്സ എന്താണെന്നും അത് എങ്ങനെ ചെയ്യണമെന്നും അറിയണം. അതിനുള്ള ചികിത്സാ സംവിധാനം ഡി അഡിക്ഷൻ സെൻററുകളിൽ

ലഭ്യമാകണം. കുട്ടികളെ ലഹരിയിലകപ്പെട്ട ശേഷം ചികിത്സിക്കുന്നതിനേക്കാൾ നല്ലത് അഡിക്ഷൻ സാധ്യത മുന്നിൽ കണ്ട് അത് ഇല്ലാതാക്കാനും അതിൽ കുട്ടികൾ അകപെടാതിരിക്കാനും ഡ്രഗ്ഗ് അഡിക്ഷനെതിരെ പ്രതിരോധം എങ്ങനെ ഉണ്ടാക്കാം എന്നതുമാണ് പ്രധാനമെന്നു കാണുന്നു.സമൂഹവുമായി ചേർന്ന് ലഹരിക്കെതിരെ പോരാട്ടം നടത്തണം. സാമൂഹ്യ പങ്കാളിത്തത്തോടെ സമൂഹത്തിൻറെ മൊത്തത്തിൽ ഉള്ള പ്രയത്നം ആണ് വേണ്ടത്.കുട്ടികൾ ലഹരിയിലേയ്ക്ക് പോകാതിരിക്കാൻ പ്രിവൻഷൻ(prevention) ആവശ്യമാണ്. നിലവിലുള്ള എക്സൈസ് വിമുക്തി ഡി അഡിക്ഷൻ സെൻററുകളുടെ ഘടനാ പരമായ പോരായ്മ പരിഹരിക്കണം. ഡി അഡിക്ഷൻ സെൻററുകളിൽ സൈക്യാട്രിക് വിഭാഗത്തിൽ തസ്തികകൾ സൃഷിക്കണം.മെഡിക്കൽ ട്രീറ്റ്മെന്റിന് ശേഷം റീഹാബിലിറ്റേഷൻ (പുനരധിവാസം) പ്രക്രിയ കൂടി നടപ്പാക്കണം. എല്ലാ വിഭാഗങ്ങളുടെയും പ്രത്യേകിച്ച് NGO കളുടെ സഹകരണം ഇക്കാര്യത്തിൽ ആവശ്യമാണ്. ചികിത്സക്ക് ശേഷം ഡിസ്ചാർജ്ജ് ചെയ്താൽ തിരികെ കുടുംബത്തിലേയ്ക്ക് പോകുന്നതു വരെ കുറച്ച് കൂടി നിരീക്ഷണം നടത്താൻ ഒരു പ്രത്യേക സെൻറർ സ്ഥാപിക്കണം.സ്ത്രീകൾക്കും ഡി അഡിക്ഷൻ ചികിത്സ ആവശ്യമായ സന്ദർഭമാണിത്. സ്ത്രീകൾക്ക് വേണ്ടി പ്രത്യേകം ഡി അഡിക്ഷൻ സെന്ററുകൾ ഉണ്ടാകണം.രണ്ട് ജില്ലകൾക്ക് ഒരെണ്ണം വച്ച് എങ്കിലും സ്ഥാപിക്കണം.ഡി അഡിക്ഷൻ സെൻററുകൾഎല്ലാ ജില്ലാ അസ്ഥാനങ്ങളിലും സ്ഥാപിക്കേണ്ടതാവശ്യമാണ്.കുട്ടികളുടെ ചികിത്സയ്ക്ക് പ്രത്യേക സെന്റർ ആവശ്യമാണ്. ഡി അഡിക്ഷൻ സെന്ററുകൾ വിപുലീകരിക്കണം. സമൂഹം കുറച്ച് കൂടി മാറി ചിന്തിക്കണം. ഡ്രഗ് അഡിക്ട് ആയവർക്ക് ചികിൽസയ്ക്ക് ശേഷം മാന്യമായി തിരിച്ച് വരാനുള്ള അവസരം കൊടുക്കണം. മയക്ക് മരുന്നിനു അടിമപെട്ട ഒരു വ്യക്തി ചികിത്സ കഴിഞ്ഞ് തിരിച്ച് എത്തിയാൽ അഡിക്ഷനു മുൻപ് അയാൾ എന്തായിരുന്നോ അതേ സ്ഥാനത്ത് അയാളെ പ്രതിഷ്ഠിക്കാനും അയാളെ സമൂഹത്തിനൊപ്പം ചേർത്ത് നിർത്താനും നമ്മുടെ സമൂഹത്തിനു കഴിയണം. ആരോഗ്യ വകുപ്പുമായി എക്സൈസ് വകുപ്പ് ഒത്തുചേർന്ന് പ്രവർത്തിക്കണം.

### 4. ഡോ. മോഹൻ റോയ്, പ്രൊഫസർ & ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റ് , മെഡിക്കൽ കോളേജ്, കൊല്ലം

ലഹരി ഉപയോഗം ഒരു രോഗാവസ്ഥയാണെന്ന് നാം മനസിലാക്കാത്തെടുത്താണ് യഥാർത്ഥ പ്രശ്നം.ലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ നാം ഏറ്റവും ശ്രദ്ധിക്കേണ്ടത് കൗമാരക്കാരായ നമ്മുടെ കുട്ടികളെയാണ്.കൗമാര കാലഘട്ടം തലച്ചോറ് വളർന്ന് വികാസം പ്രാപിക്കുന്ന ഒരു കാലഘട്ടമാണ്. കുട്ടിയുടെ ഓർമ്മശക്തിയും, ബുദ്ധിയും, ഏകാഗ്രതയും, പഠനവും, കാര്യഗ്രഹണ ശേഷിയും ചിന്തയുമൊക്കെ തലച്ചോറിനെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന പ്രായമാണത്. ആ പ്രായത്തിൽ നമ്മുടെ തലച്ചോറിലേയ്ക്ക് ലഹരിയുടെ ആദ്യ കണങ്ങൾ കടത്തിവിടുന്നത് മൂലം നികത്താനാവാത്ത കേടുപാടുകൾ ആണ് കുട്ടികളുടെ തലച്ചോറിൽ

ഉണ്ടാകുന്നത്.അത് മനസിലാക്കി ആ ഗൗരവത്തിൽ മറ്റെന്തിനേക്കാൾ ജാഗ്രത കുട്ടിയുടെ സ്വഭാവ വ്യതിയാനത്തിൽ കൊടുത്തുകൊണ്ട് മാത്രമേ നമുക്ക് മുന്നോട്ട് പോകാൻ കഴിയൂ. അത് മാതാപിതാക്കൾ മാത്രം ചെയ്യേണ്ട കാര്യമല്ല. ഇത് പൊതുസമൂഹത്തിൻറേയും അധ്യാപകരുടേയും കൂടി ഉത്തരവാദിത്വമാണ്. സ്കൂൾ തലം മുതൽ ലഹരി വിരുദ്ധ പരിപാടികൾ എക്സൈസ് വകുപ്പ് വിമുക്തി മിഷൻറെ ഭാഗമായി ഒരു കൃത്യമായ മൊഡ്യൂൾ തയ്യാറാക്കി സ്കൂളുകളിൽ നടപ്പാക്കണം.വിദ്യാഭ്യാസ വകുപ്പ്, സാമൂഹ്യ നീതി വകുപ്പ്, ആരോഗ്യ വകുപ്പ്, ശിശുവികസന വകുപ്പ് തുടങ്ങിയ വകുപ്പുകളുടെ ഒരു ഇൻറർ ഡിപ്പാർട്ട്മെൻറൽ കോ-ഓർഡിനേഷൻ ആവശ്യമാണ്.ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ ആദ്യത്തെ ചുവട് കുടുംബങ്ങളിൽ നിന്നും രണ്ടാമത്തെ ചുവട് സ്കൂളുകളിൽ നിന്നും മൂന്നാമത്തെ ചുവട് സമൂഹത്തിൽ നിന്നും തുടങ്ങണം.Attention Deficit Hyperactivity Disorder (ADHD)എന്ന മാനസിക പ്രശ്നമുള്ള കുട്ടികൾക്ക് ലഹരിയിലേയ്ക്ക് പോകാൻ സാധ്യത കൂടുതലാണ്. അതുപോലെതന്നെ രക്ഷിതാക്കൾ ലഹരിയോട് ആഭിമുഖ്യമുള്ളവരാണെങ്കിൽ അവരുടെ കുട്ടികൾക്കും അതിനോടുള്ള ആഭിമുഖ്യം കൂടുതൽ ആകാൻ സാധ്യതയുണ്ട്. ഇത്തരം കുട്ടികളെ സ്കൂളുകളിൽ പ്രത്യേകം അവരുടെ സ്വാഭാവ രീതികൾ മനസിലാക്കി ശ്രദ്ധിക്കേണ്ടതുണ്ട്.സ്കൂളുകളിൽ പ്രവർത്തിക്കുന്ന സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ സക്രിയവും ശക്തവുമാക്കണം. സ്കൂളുകളിൽ പ്രവർത്തിച്ചുവരുന്ന നിരവധി സ്കൂൾ ക്ലബ്ബുകൾ/കമ്മിറ്റികൾ എന്നിവ ഏകീകരിച്ച് ഒരു പൊതു ക്ലബ്ബോ/ കമ്മിറ്റികളോ ആക്കുന്നതിന് ടി കമ്മിറ്റി/ക്ലബ്ബുകളുമായി ബന്ധപ്പെട്ട വകുപ്പുകൾ ശ്രമിക്കേണ്ടതും എല്ലാ വകുപ്പുകളും ചേർന്ന് ലഹരിക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 5. അഡ്വ. രാജേഷ്,ഗവ. പ്ലീഡർ , എൻ.ഡി.പി.എസ് സ്പെഷ്യൽ കോടതി, തൊടുപുഴ , ഇടുക്കി

NDPS കേസ്സുകൾ കണ്ടെടുക്കുന്നതിലും അതിൻറെ അന്വേഷണം നടത്തുമ്പോഴും വളരെ ശ്രദ്ധ ആവശ്യമാണ്.NDPS കേസ്സുകളിൽ പിടിക്കപ്പെടുന്ന തൊണ്ടിയിൽ നിന്നുള്ള സാമ്പിൾ ശേഖരണം, ഡിസ്പോസൽ എന്നിവ കാലതാമസത്തിനടയില്ലാതെയും പ്രൊസീജ്യർ പാലിച്ചും ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കൊമേഷ്യൽ അളവിൽ പിടിക്കുന്ന NDPS കേസ്സുകൾ പ്രതിക്ക് ജാമ്യം ലഭിക്കുന്നതിനുള്ള അവസരം നൽകാതെ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി കമ്പ്ലയിൻറ് റിപ്പോർട്ട് കോടതി മുമ്പാകെ സമർപ്പിച്ച് പ്രതിക്ക് കസ്റ്റഡിയിൽ തന്നെ വിചാരണ നടക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. കേസ്സ് കണ്ടെടുക്കുന്ന സമയം പിടിച്ചെടുക്കുന്ന മയക്കുമരുന്നുകളായ MDMA/Methamphetamine എന്നിവ അത് തന്നെ ആണോ എന്ന് തിർച്ചറിയുന്നതിന് ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ എല്ലാ ഓഫീസുകൾക്കും ലഭ്യമാക്കേണ്ടതും ടി കിറ്റുകൾ കേസ്സ് ഡിറ്റക്ഷൻ സമയത്ത് ഫലപ്രദമായി

ഡിറ്റക്ടിംഗ് ഓഫീസർമാർ ഉപയോഗിക്കേണ്ടതുമാണ്. Medium,Commercial Quantity കേസ്സുകളിൽ ശരിയായ രീതിയിൽ അന്വേഷണം നടക്കാത്തതിനാൽ Conviction Rate കുറവാണ്.അത് പരിഹരിക്കണം. കുറ്റമറ്റരീതിയിൽ അന്വേഷണംനടത്തി മേജർ കേസ്സുകൾ ചാർജ്ജ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.NDPSകേസ്സുകളിൽ പ്രതി കുറ്റക്കാരനാണെന്ന് തെളിയിക്കാൻ പ്രയാസം നേരിടുന്ന കേസ്സുകളിൽ ഒന്നാണ് കഞ്ചാവ് കൾട്ടിവേഷൻ(Cultivation of Ganja) സംബന്ധിച്ച കേസ്സ്. അതിനാൽ ടി കേസ്സുമായി ബന്ധപ്പെട്ട് മഹസ്സർതയ്യാറാക്കുമ്പോൾ പ്രത്യേകം ശ്രദ്ധിച്ച് തയ്യാറാക്കേണ്ടതാണ്.

6. **ശ്രീ. ജെയ്സൺ ജോയി . M.J, സൈക്കോളജിസ്റ്റ് , ശാലോം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് & റിസർച്ച് സെന്റർ , പാലക്കാട്.**

രോഗികൾക്ക് ഡി-അഡിക്ഷന് ആവശ്യമായ ആവാസ വ്യവസ്ഥ നൽകുന്നതാണ് റീഹാബിലിറ്റേഷൻ സെൻററുകൾ. റീഹാബിലിറ്റേഷൻ സെൻററുകളിൽ എല്ലായിടത്തും പരിചയ സമ്പന്നരായ സൈക്യാട്രിസ്റ്റുകളുടെ സേവനം രോഗികൾക്ക് ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്. നിലവിൽ സൈക്യാട്രിക് പ്രശ്നങ്ങൾ ഹെൽത്ത് ഇൻഷുറൻസ് കവറേജിൽ ഉൾപ്പെടുത്തുന്നില്ല. സൈക്യാട്രിക് രോഗങ്ങളുടെ ചികിത്സ കൂടി ഹെൽത്ത് ഇൻഷുറൻസ് കവറേജിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.റീഹാബിലിറ്റേഷൻ സൗകര്യങ്ങൾ ഒരുക്കുന്നതിനൊപ്പം രോഗികൾക്ക് തുടർ നിരീക്ഷണങ്ങൾ നടത്തിവരുന്ന സാഹചര്യത്തിൽ ഈ പ്രക്രിയയുടെ ഘട്ടങ്ങളിൽ രോഗ വിമുക്തരാകുന്ന രോഗികൾക്ക് ആത്മ വിശ്വാസവും ധൈര്യവും പകരുന്നതിന് സർക്കാർ വകുപ്പുകളായ പൊലീസ്, എക്സൈസ്, എന്നിവയുടെ ഇടപെടൽ സഹായകമാകും. മദ്യപാനശീലം ഉപേക്ഷിക്കാൻ സഹായിക്കുന്ന ആഗോള കൂട്ടായ്മയായ ആൽക്കഹോൾ അനോണിമസ് (AA) അസോസിയേഷൻറെ പ്രവർത്തനം ശക്തിപ്പെടുത്തുന്നത് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് ഗുണകരമാകും. ഡി-അഡിക്ഷൻ സെൻററുകൾക്ക് നിശ്ചിത നിലവാരം, മറ്റ് ആവശ്യമായ ക്രമീകരണങ്ങൾ എന്നിവ സംബന്ധിച്ച വ്യവസ്ഥകളൊന്നും രാജ്യത്ത് ഇപ്പോൾ നിലവിലില്ല. ഇത്തരത്തിലുള്ള നിലവാരമില്ലായ്മ, ആവശ്യമായ ക്രമീകരണങ്ങളുടെ അഭാവമെന്നിവ ഒരു പ്രശ്നമാണ്. അത് പരിഹരിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകണം. നിലവാരമുള്ള മികച്ച ഡി അഡിക്ഷൻ സെൻററുകൾ ഈ മേഖലയിലുള്ള പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് അനിവാര്യമാണ്. കൂടാതെ പരിചയ സമ്പന്നരായ സ്റ്റാഫിൻറെ അഭാവവും ഈ മേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. അതിനും

ഒരു പരിഹാരം ആവശ്യമാണ്. സബ്സ്റ്റൻസ് അബ്യൂസ് (Substance abuse) ചികിത്സയ്ക്കൊപ്പം സൈക്കോസിസ് സംബന്ധമായ ചികിത്സകൂടി അനിവാര്യമാക്കണം. ലഹരിക്കെതിരെയുള്ള പാഠ്യപദ്ധതികൾ സ്കൂൾ കരിക്കുലത്തിൻറെ ഭാഗമാക്കണം. ഒന്നാം ക്ലാസ്സ് മുതൽ ഇത് നടപ്പിൽ വരുത്തണം. വിമുക്തി മിഷൻ നടപ്പാക്കുന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്താൻ എക്സൈസ് റേഞ്ച് ഓഫീസുകളിൽ വിദഗ്ധരുടെ അഭാവമുണ്ട്. അത് പരിഹരിക്കണം.

### 7. ശ്രീ. വേണുഗോപാൽ ജി കുറുപ്പ് , സോണൽ ഡയറക്ടർ , നാർക്കോട്ടിക് കണ്ട്രോൾ ബ്യൂറോ , കൊച്ചി

മയക്ക് മരുന്നുമായി ബന്ധപ്പെട്ട പ്രവർത്തങ്ങൾക്ക് സംസ്ഥാനസർക്കാരിന് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകാൻഎൻ. സി. ബി. സദാ സന്നദ്ധമാണ്. എൻ.സി.ബി. പൊലീസ്, എക്സൈസ് എന്നീ വിഭാഗങ്ങൾ കൈകോർത്ത് പ്രവർത്തിച്ചാൽ മാത്രമേ നമ്മുടെസംസ്ഥാനത്തുനിന്നും മയക്കുമരുന്നിനെ പുറത്താക്കാൻ കഴിയൂ. നിരവധി തുടർച്ചയായ നിരീക്ഷണങ്ങൾക്കും അന്വേഷണങ്ങൾക്കും ശേഷമാണ്വല വലിയ കേസ്സുകളും കണ്ടെത്തുന്നത്.വലിയ കാത്തിരിപ്പും ഒരുക്കങ്ങളും ഇതിന് ആവശ്യമാണ്. എൻ.സി. ബി യുടെ ഇതിന്മേലുള്ളപരിജ്ഞാനം പങ്കുവെയ്ക്കാൻതയ്യാറാണ്. നാർക്കോട്ടിക് കടത്തുകളിൽ ആഗോള തലത്തിലുള്ള ശൃംഖലകളും ഡാർക്ക് വെബ്ബ്, ഡിജിറ്റൽ പ്ലാറ്റ്ഫോമുകളും രഹസ്യമായി പ്രവർത്തിക്കുന്നുണ്ട്. ആയതിനാൽ എക്സൈസ് വകുപ്പിന് അതിനെ അതിജീവിക്കാനുള്ള സംവിധാനങ്ങൾ സജ്ജമാക്കണം. മയക്ക് മരുന്ന് സംബന്ധിച്ച പരാതികൾ 1933 എന്ന ടോൾഫ്രീ നമ്പറിൽ വിളിച്ച് എൻ. സി. ബി.യെ അറിയിക്കാവുന്നതാണ്.

## സെഷൻ 3 കേരളത്തിലെ കള്ള് വ്യവസായം – നവീകരണവും സുസ്ഥിരവികസനവും

### അദ്ധ്യക്ഷൻ

**ശ്രീ. യു.പി ജോസഫ്,ചെയർപേർസൺ കേരള കള്ള് വ്യവസായ വികസന ബോർഡ്.**




**ശ്രീ. യു.പി ജോസഫ്, ചെയർപേർസൺ , കേരള കള്ള് വ്യവസായ വികസന ബോർഡ്.**

കള്ളിന് മാത്രമായി ഒരു നിയമം വേണം.കള്ളിലേക്ക് ടൂറിസ്റ്റുകളെ ആകർഷിക്കുക.പരമ്പരാഗതവ്യവസായഇനംഎന്നനിലയിൽ കള്ളിനെസംരക്ഷിക്കുക.ഉത്പാദനക്ഷമത കൂടിയ തെങ്ങുകൾ ഉണ്ടാവണം.വിൽപ്പന അധികംവരുന്ന കള്ള് കുടുംബശ്രീയെ അടക്കം ഉൾപ്പെടുത്തി മറ്റ് ഘടകം ഉൽപ്പന്നങ്ങൾ ആക്കി പ്രാദേശികവിപണിയിൽ

എത്തിക്കണം.കള്ള് വൃത്തിയായുംവെടിപ്പമായ ബോട്ടിലുകളിൽ വിൽപ്പന ചെയ്യണം.കള്ളിലെ കൃത്രിമത്വം ഒഴിവാക്കിശുദ്ധത ഉറപ്പാക്കണം.കള്ളിന്റെഉത്പാദന ചെലവ് കുറയ്ക്കാൻ കഴിയണം.കള്ളിന്റെ വിപണനത്തിന് കെട്ടിടങ്ങൾ ദീർഘ കാലത്തേക്ക് വാടകയ്ക്ക് ലഭ്യമാക്കണം.സാങ്കേതിക വിദ്യയായ AI, ജിപിഎസ് എന്നിവ ഉപയോഗപ്പെടുത്തണം.സ്ത്രീകളെതൊഴിലിലേക്ക് കൊണ്ടു വരനാവണം.സഹകരണസംഘംസാധ്യത പരിശോധിക്കണം.കള്ളിന്റെ അളവ് പരിധിപുന: പരിശോധിക്കണം.

1. **ശ്രീ. എൻ. വി ചന്ദ്രബാബു.(കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് )**

കള്ളുവ്യവസായം പുരാതന തൊഴിലാണ്.മദ്യ നിരോധനം,അത് മാഫിയകളെ സൃഷ്ടിച്ചു.കള്ളുവ്യവസായത്തിലെ പ്രധാന പ്രതിസന്ധി എന്ന് പറയുന്നത് പരമ്പരാഗത വ്യവസായം ആയി തന്നെ നിലനിൽക്കുന്നു.കാലോചിതമായ ടെക്നോളജിയെ കള്ള് വ്യവസായത്തിൽ ഉപയോഗപ്പെടുത്താത്തതാണ് പ്രതിസന്ധിയായി തുടരുന്നത്.ടോഡി ബോർഡിൻറെഫലപ്രദമായ പ്രവർത്തനത്തിന് സർക്കാർ സഹായം ആവശ്യമാണ്.ലൈസൻസ്ഉള്ള പല കള്ള് ഷാപ്പുകളും പ്രവർത്തിക്കുന്നില്ല.പ്രാദേശികകള്ള് ഉത്പാദനം ഇല്ലാത്തതാണ് കാരണം.രണ്ടുജില്ലകൾ ഒഴികെ എല്ലാം എല്ലാ ജില്ലക്കാരും പാലക്കാട് ജില്ലയാണ് കള്ള് വ്യവസായത്തിനായിആശ്രയിക്കുന്നത്.പലസ്ഥലത്തും കള്ള് തോപ്പില്ല എന്നത് ശരിയല്ല. പ്രാദേശികമായി കള്ള് ഉത്പാദിപ്പിക്കാൻ കഴിയണം .1969ൽക്ഷേമനിധി ബോർഡ് ഉണ്ടായി. കള്ള് വ്യവസായത്തിലുള്ള എല്ലാ തൊഴിലാളികളെയും ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്യിക്കണം.ക്ഷേമനിധി ബോർഡിൽ രജിസ്റ്റർചെയ്യവർക്ക് മാത്രമേ കള്ള് വ്യവസായത്തിൽ പ്രവർത്തിക്കാൻ അനുമതി നൽകാവൂ.രജിസ്റ്റർ ചെയ്ത 21000തൊഴിലാളികളിൽ , 30% പേരും ജോലി ചെയ്യുന്നില്ല.ചെത്ത്ജോലി അപകടകരമായതിനാൽ ആയതിനാൽ യുവതലമുറ കടന്നു വരാൻ മടിക്കുന്നു.മരംകയറുന്ന തൊഴിലാളിക്ക് എന്തെല്ലാം സുരക്ഷ എന്നത് നിയമപരമായി ഉറപ്പുനൽകണം. കള്ളിനെ മദ്യത്തിന്റെ പരിഗണയിൽ നിന്നും ഒഴിവാക്കണം.ഉദയഭാനു കമ്മീഷൻ ശിപാർശ ചെയ്ത വീര്യം കുറഞ്ഞ മദ്യത്തിലേക്ക് സമൂഹത്തെ കൊണ്ടുവരണം.

2. **ശ്രീ. അജിത് ബാബു. വി കെ. (കേരള കള്ള് ഷാപ്പ് ലൈസൻസി അസോസിയേഷൻ)**

പുതിയതൊഴിലാളികൾ കള്ള് വ്യവസായത്തിലേക്കുള്ള കടന്ന വരവ് കുറവാണ്.കള്ളിനെകേരളത്തിന്റെ തനത് പാനീയമായി മാറ്റണം.ദൂരപരിധിനിയമം ജനസാന്ദ്രതയുള്ള സംസ്ഥാനത്ത് പ്രായോഗികമല്ല

അത് പരിഷ്കരിക്കണം.നല്ലകള്ള് ഉൽപാദന മേഖലയായ അട്ടപ്പാടി മേഖല കേന്ദ്രീകരിച്ച് കള്ളുൽപാദനം നടപ്പിലാക്കുക.ടീടാക്സ് റൂൾ കാലാനുസൃതമായി പരിഷ്കരിക്കുക.തൊഴിലാളികളുടെലഭ്യതകുറവായതിനാൽചെത്തുകാരുടെഎണ്ണം പരിഷ്കരിക്കുക.പനകളെല്ലാംതന്നെ ചെത്താൻ അനുവദിക്കണം.ടോഡി ബോർഡിൻറെപ്രവർത്തനം കാര്യക്ഷമമാക്കണം.

**3. ശ്രീ. Dr. സജി ഗോമസ്.പ്രൊഫസർ&ഹെഡ് ,പോസ്റ്റ് ഹാർവെസ്റ്റ്,ടെക്ക്നോളജി ഡിപ്പാർട്ട്മെന്റ്,കേരള കാർഷിക സർവ്വകലാശാല**

പഴങ്ങളിൽനിന്നും വൈനുകൾ ഉത്പാദിപ്പിക്കാൻ ഗവേഷണം നടത്തണം.പഴങ്ങളിൽനിന്നും വീര്യം കൂടിയ വൈൻ ഉണ്ടാക്കാൻ സാധിക്കുന്ന അന്തർദേശീയ വിപണിയിൽ സാധ്യത.കള്ളുംവൈനും മദ്യത്തിന്റെ നിർവചത്തിൽ നിന്നും ഒഴിവാക്കണം.കള്ള്എളുപ്പത്തിൽ പുളിക്കുന്നു. ഫെർമന്റേഷൻ നിയന്ത്രിച്ച് കള്ളിന്റെ നിറവും മണവും കൂട്ടണം.കള്ള്ഷാപ്പിന്റെ ഗുണനിലവാരവും കള്ളിൽ മായം ചേർത്തിട്ടില്ല എന്നും ഉറപ്പാക്കാൻ കഴിയണം.ചെത്ത് മുതൽവിപണനം വരെ നിയന്ത്രിത സാഹചര്യങ്ങൾ അവലംബിച്ച് ഗുണ നിലവാരംഉയർത്തണം.വിനാഗിരിഉൽപാദന സാധ്യത പരിശോധിക്കണം.

**4. ഡോ. രേഷ്മ. എം. വി,സീനിയർ പ്രിസിപ്പാൾ,സയന്റിസ്റ്റ്,NIIST**

കള്ളിനെഹെൽത്ത് ഡ്രിങ്ക് ആക്കി കൊച്ചുകുട്ടികൾക്ക് വരെ കൊടുക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം. കള്ളിന്റെസൂക്ഷ്മാണുക്കൾ മനുഷ്യ ശരീരത്തിന് ആവശ്യമായ ബയോട്ടിക്കുകൾ അടക്കം ഉള്ളതിനാൽ വിപണിയിൽ എത്തിക്കാനുള്ളസാധ്യത പരിശോധിക്കണം.കള്ളിനെഒരു പ്രോബയോട്ടിക് ഡ്രിങ്കായി മാറ്റാൻ സാധിക്കുന്നത് പരിശോധിക്കണം.കള്ള് ഉൽപ്പാദിപ്പിക്കാനുള്ളപാത്രങ്ങൾ ,ഫിൽട്രേഷൻണശീതീകര , സംവിധാനങ്ങൾ എന്നിവ അഫോർഡബൾ വിലയിൽ ലഭ്യമാക്കണം.കള്ളിലെവീര്യത്തിന്റെ അടിസ്ഥാനത്തിൽ വിഭജിച്ച് പലവിധ പാനീയമായി വിൽക്കുവാൻ കഴിയും.മിൽമമാതൃകയിൽ സംഭരിക്കുമ്പോൾ തന്നെ കള്ള് ടെസ്റ്റ് ചെയ്യാനുള്ള സൗകര്യം ഉണ്ടാവണം.

**5. ശ്രീമതി. ദീപ്തി. ആർ.(ഡെവലപ്പ്മെന്റ് ഓഫീസർ നാളികേര വികസന ബോർഡ് )**

കേരളത്തിൽതെങ്ങുകളുടെ പ്രായ പരിധി കഴിഞ്ഞുവരുന്നു.തെങ്ങുകളുടെപുനർകൃഷി വ്യാപിപ്പിക്കേണ്ടത് ആവശ്യമാണ്.എക്സൈസ് വകുപ്പ് തെങ്ങ് പുനർ വ്യാപനത്തിനും ശ്രദ്ധിക്കണം.പശ്ചിമതീര മേഖലയിലെ നാടൻ തെങ്ങുകളും ഹൈബ്രിഡ്

തെങ്ങുകളും ആണ് ഏറ്റവും കൂടുതൽ കള്ള് തരുന്നത് .തെങ്ങ് കൃഷി വ്യാവസായിക അടിസ്ഥാനത്തിൽ വ്യാപിപ്പിക്കണം .വ്യവസായത്തിന്റെ പരമ്പരാഗത രീതി മാറ്റണം .ശ്രീലങ്കയിൽ ടിന്നിൽ കള്ള് വിപണം ചെയ്യുന്നുണ്ട്. ഒരു വർഷം വരെ സംരക്ഷിക്കാൻ സാധിക്കുന്ന ടെക്നോളജി ഉപയോഗിക്കമോഎന്ന് പരിശോധിക്കണം .പുതിയ തെങ്ങിനങ്ങൾ ഇന്ത്യയിൽ എവിടെയും ഉൽപാദിപ്പിക്കുന്നതിന് നാളികേര വികസന ബോർഡ് സബ്സിഡി നൽകുന്നുണ്ട്.

### 6. ശ്രീ. കിഷോർ. എൻ.കെ.വ്ലോഗർ,സിനിമ സീരിയൽ താരം

മാധ്യമങ്ങളിൽഷാപ്പിനെ സംബന്ധിച്ച് ഭക്ഷണം പ്രമോട്ട് ചെയ്യുന്ന പരിപാടികൾ ഷാപ്പിലെ കറികളെ പ്രോത്സാഹിപ്പിച്ചതിനാൽ കുറെ കള്ള് ഷാപ്പുകൾ മെച്ചപ്പെട്ടുത്തി.വ്യവസായികമായിഉയർത്തുക അതിനുള്ള ആലോചന ചെയ്യുക , ബ്രാൻഡ് ചെക്ക് ചെയ്ത് ഫുഡ് കൊടുക്കുക , മാർക്കറ്റിംഗ് പ്രയോജനപ്പെടുത്തുക.കള്ള്ഷാപ്പിലെ വൃത്തിയും വെട്ടപ്പം കുറഞ്ഞാലും തെറ്റില്ല എന്ന ധാരണ മാറ്റണം.പരമ്പരാഗതവ്യവസായം എന്ന നിലയിലുള്ള സ്വീകാര്യത മുതലാക്കാൻ സാധിക്കണം.കള്ളിനെക്ലാസിഫിക്കേഷൻ ചെയ്ത പ്രോഡക്റ്റ് വേർതിരിച്ച് മാർക്ക് ചെയ്യണം.ആകർഷകമായ പാത്രങ്ങളിൽ ബോട്ടിലുകളിൽ മുളയിൽ കുടത്തിൽ എന്നിവയിൽ മുന്തിരി കള്ള്,കാന്താരി കള്ള് നൽകാൻ കഴിയണം.കള്ളിന്റെ പുളിപ്പം മധുരവും അനുസരിച്ച ബ്രാൻഡ്നെയിം നൽകുക.ഷാപ്പുകളിൽ വനിതകളെ ജോലിക്ക് എത്തിച്ചാൽ സ്ത്രീകൾഉപഭോക്താക്കളായി വരും.ചെത്തുന്നിടത്ത് കള്ള് വിൽപ്പന നടത്താൻ പാടില്ല എന്ന നിയമം പരിശോധിക്കണം.

### 7. ശ്രീമതി. ഷീജ. സി,ചെത്ത് തൊഴിലാളി പ്രതിനിധി

കള്ള് വിൽപ്പന കുറവാണ്.മേഖലയിലേക്ക് പുതിയ ആളുകൾ വരണം.

### 8. ശ്രീ . ഡി. പി .മധു, ചെത്ത് തൊഴിലാളി പ്രതിനിധി

തെങ്ങ് രോഗങ്ങൾ ഫലപ്രദമായി തടയാൻ കഴിയണം.പ്രവർത്തന രഹിതമായ ഷാപ്പുകളുടെ എല്ലുകകൾ പുനർ നിർണയിക്കണം.വീര്യം കൂടിയ വിദേശ മദ്യത്തിന്റെ ഉൽപ്പാദനവും വിതരണവും കുറക്കണം.കള്ള് ഷാപ്പുകളിൽ 50 തെങ്ങും 5 തൊഴിലാളികളും എന്ന വ്യവസ്ഥ പുനഃപരിശോധിക്കണം.

### 9. ശ്രീ. വേണു.

അബ്കാരി നിയമത്തിൽ കാലാനുസരണമായി മാറ്റം വരുത്തണം.കള്ള് ഷാപ്പ് നേരത്തെ തുറക്കുന്നത് പരിശോധിക്കണം.ദൂരപരിധി ഒഴിവാക്കണം.ഡ്രൈ

ഡേയിൽ നിന്നും ഒഴിവാക്കണം.ഉയരം കുറഞ്ഞ ഉൽപ്പാദന ശേഷിയുള്ള തെങ്ങ് കൃഷി വ്യാപിപ്പിക്കണം .

## സെഷൻ4 എക്സൈസ് നിയമ പരിഷ്കരണവും ലഹരി പ്രതിരോധത്തിലെ പ്രായോഗിക വശങ്ങളും

**അദ്ധ്യക്ഷൻ**

**ബഹു. ജസ്റ്റിസ് അജിത്ത് കുമാർ .പി.വി**
**കേരള ഹൈക്കോടതി ജഡ്ജി (Rtd)**



ഒരുനൂറ്റാണ്ടിലധികം പഴക്കമുള്ള അബ്കാരി ആക്ട് എൻ.ഡി.പി.എസ് ആക്ട് എന്നിവ എങ്ങനെ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ നടപ്പിലാക്കാം എന്നതാണ് പ്രധാന ഉദ്ദേശം എന്ന് അദ്ധ്യക്ഷൻ ആമുഖമായി പറഞ്ഞു. കേരള രൂപീകരണത്തിന് മുമ്പുള്ള മൂന്ന് ആക്ടുകളെക്കുറിച്ചും പരാമർശിച്ചു .ഗവണ്മെന്റിന് കൂടുതൽ വരുമാന സ്രോതസ്സ് എന്ന നിലയിലാണ് അബ്കാരി ആക്ട് കൊണ്ടു വന്നത്.ക്രമീകരണമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുക എന്നതാണ് മേൽനിയമങ്ങളുടെ പ്രധാന ഉദ്ദേശം അബ്കാരി ആക്ടിലെ പ്രധാന വകുപ്പുകളിലും മദ്യനിരോധനമല്ല മദ്യത്തിന്റെ നിയന്ത്രണമാണ് ലക്ഷ്യം.അബ്കാരി ആക്ട് പ്രകാരം കുറ്റകരമായ വകുപ്പുകൾ ധാരാളമുണ്ട്. എന്നാൽ എത്രത്തോളം ഫലപ്രദമായി നടപ്പിലാക്കാൻ കഴിയും എന്നത് ഒരു വെല്ലുവിളിയാണ് .കേസുകളുടെ നടപടി ക്രമങ്ങളിൽ വിശ്വസനീയത പുലർത്തുന്നതിലും വളരെ ശ്രദ്ധിക്കണം. കേസുകൾ കണ്ടെടുക്കുന്നതിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥനല്ല എന്ന ഒറ്റ കാരണത്താൽ പ്രതികളെ വെറുതെ വിടുന്ന സംഭവങ്ങൾ ഗൗരവമായി കാണണം. അബ്കാരി ആക്ട് ഒരു തിരുത്തലുകൾ വേണ്ട നിയമമാണ്. പാനലിസ്റ്റുകളെ ചർച്ചക്ക് വിളിച്ച് അദ്ധ്യക്ഷൻ പ്രസംഗം താൽക്കാലികമായി അവസാനിപ്പിച്ചു.

**അഡ്വ. വി. മനു. സ്പെഷ്യൽ ഗവ. പ്ലീഡർ ടു എ.ജി, കേരള ഹൈക്കോടതി**

**67 (B) കണ്ടുകെട്ടൽ**4 ലിറ്റർ IMFL ആയി ഒരു കാറിലുള്ളവരെ പിടിച്ചാൽ കാറിനെ കണ്ടു കെട്ടുന്ന രീതിയാണ് നിലവിലുള്ളത്.അതിനൊരു തിരുത്തൽ വേണ്ടതാണ്. കണ്ടുകെട്ടലിന് ഒരൊ വിവേചനാധികാരം നിർബന്ധമായും ഉപയോഗിക്കണം .അതിനു മാറ്റം വരണം.

- **67(C)**വകുപ്പ് പ്രകാരം നോട്ടീസ് ആർക്ക് കൊടുക്കണം എന്നുള്ളതാണ്. വണ്ടി ഉപയോഗിച്ച ആൾക്കാണ് നോട്ടീസ് നൽകേണ്ടത്.എന്നാൽ പ്രതിയായിട്ടുള്ള വണ്ടി ഉപയോഗിച്ചവർ ഒളിവിൽ പോകുന്നതിനാൽ നോട്ടീസ് നടത്താൻ കഴിയാത്ത സാഹചര്യമാണ് ഉള്ളത്. ആയതിനാൽ ടി വകുപ്പിൽ കാതലായ മാറ്റം അനിവാര്യമാണ്.വാഹന ഉടമയ്ക്ക് നോട്ടീസ് നൽകുന്ന രീതിയിൽ മാറ്റം വേണ്ടതാണ്. കണ്ടുകെട്ടൽ സംബന്ധിച്ച് വകുപ്പിൽ വളരെ വലിയ രീതിയിൽ അഴിച്ചുപണി വേണ്ടതാണ്.
- **67 Compounding തീർപ്പാക്കൽ**വകുപ്പിലെ ഉദ്യോഗസ്ഥർ കേസുകൾക്കായി കോടതികൾ കയറിയിറങ്ങി വിലപ്പെട്ട സമയം നഷ്ടപ്പെടുന്ന സാഹചര്യങ്ങളുണ്ട്. ഗൗരവം കുറഞ്ഞ ഇത്തരം കേസുകളിൽ ഭേദഗതി കൊണ്ടുവരേണ്ടതാണ്.
- **Seized Articles 4(2)A**ഒരു വണ്ടിപിടിച്ചെടുത്താൽ മെക്കാനിക്കൽ എഞ്ചിനീയർ അതിൻറെ വില തീരുമാനിക്കുകയും ആവശ്യമെങ്കിൽ പ്രതിക്ക് വാഹനം വിട്ടുകൊടുക്കുന്നതാണ് പതിവ് ക്യാഷിനു പകരം ബാങ്ക് ഗ്യാരണ്ടി ഉപയോഗിക്കാവുന്നതാണ്.
- **55(A)1**ഇറക്കുമതി ചെയ്യുന്ന മദ്യത്തിൽ 100 കുപ്പി മദ്യം കൊണ്ടു വന്നാലും ഒരു കുപ്പി കൊണ്ടു വന്നാലും ഒരേ ശിക്ഷയാണ് ഉള്ളത്. അതിൽ ഒരു വിവേചനം ഉപയോഗിച്ച് ഗൗരവത്തിന് അനുസരിച്ച് ശിക്ഷ തീരുമാനിക്കണം.

- സ്ത്രീകളെ അബ്കാരി തൊഴിൽ ശാലയിൽ നിയമിക്കാൻ പാടില്ല എന്ന് നിയമമുണ്ട്.അതിനൊരു പരിഷ്കാരം വേണം. സ്ത്രീകളെ സമയക്രമത്തിനനുസരിച്ച് അവർക്ക് തൊഴിൽ നൽകാമെന്നതാണ് അഭിപ്രായം.
- **Reconstruction of Board ഡിസ്റ്റലറികളിലെ ബോർഡ് പുനഃസംഘടന** ഇതു സംബന്ധിച്ചും കാതലായ മാറ്റം വേണം . കമ്പനീസ് ആക്ട് പ്രകാരം നേരത്തെ തീരുമാനിച്ച് പുനഃസംഘടന നടത്താൻ കഴിയില്ല.കമ്പനിയിലെ ജനറൽ ബോഡി മീറ്റിംഗിനു മാത്രമേ പുനസംഘടന സാധ്യമാകൂ. പുനഃസംഘടന നടത്തി നിശ്ചിത സമയത്തിനുള്ളിൽ എക്സൈസ് കമ്മീഷണറുടെ അനുമതി വാങ്ങണമെന്ന് നിർദ്ദേശിക്കാം.
- **Sec 67 പിഴ ചുമത്താനുള്ള അധികാരം:** ഒരു ലൈസൻസിന്റെ ഉടമ്പടി മാറ്റം വരുത്തിയാൽ പിഴ കൊടുക്കുന്ന സാഹചര്യമാണ് ഉള്ളത്.അതിനു മാറ്റം വരുത്തണം. ലൈസൻസ് സ്ഥാപനങ്ങളിലെ കെട്ടിടങ്ങളും മറ്റും ഘടന മാറ്റം വരുത്തിയാൽ പിഴ ചുമത്തുന്ന സാഹചര്യമാണ് ഉള്ളത്.ഘടനയിൽ മാറ്റം വരുത്തുകയാണെങ്കിൽ നേരത്തെ എക്സൈസ് കമ്മീഷണറെ അറിയിക്കണം എന്നുള്ള വ്യവസ്ഥ നിയമത്തിൽ ഇല്ല.അതും ആലോചിക്കേണ്ടതാണ്.
- **Sampling, Labelling** ഇതു സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ നിയമങ്ങളിൽ ഉൾപ്പെടുത്തിയാൽ നന്നായിരിക്കും.നിലവിൽ കൃത്യമായ നിർദ്ദേശങ്ങളുടെ അഭാവമുണ്ട്

**ശ്രീ. സുലേഷ് കുമാർ . വി.പി മുൻ പ്രിൻസിപ്പൽ, കേരള സ്റ്റേറ്റ് എക്സൈസ് അക്കാദമി**

അബ്കാരി ആക്ട് ഫലപ്രദമായി ഉപയോഗിക്കാൻ കഴിഞ്ഞിട്ടുള്ള ജില്ലയാണ് പാലാക്കാട്.1996 ൽ ചാരായം നിരോധന നിയമമാണ് അബ്കാരി ആക്ടിൽ കാതലായ മാറ്റമുണ്ടായത്.അതിനു മുന്നേ ചാരായ കേസുകളും മറ്റും പിഴ ഒടുക്കി തീർപ്പാക്കാനുന്ന കേസുകളായിരുന്നു. അബ്കാരി ആക്ടിലെ ഭേദഗതികൾ പലതും ഫലപ്രദമായിരുന്നില്ല. ആദ്യത്തെ 30 വകുപ്പുകൾ റെവന്യൂ സംബന്ധിച്ചും ബാക്കി എൻഫോഴ്സ്മെന്റ് സംബന്ധിച്ചും ആണ്.**15A Sale of Liquor to below 18 years:** വിരോധാഭാസമായിട്ടാണ് ഈ വകുപ്പ് തോന്നിയിട്ടുള്ളത്. 23 വയസ്സാണ് പ്രായപരിധി. ചുരുക്കി 20 വയസ്സെങ്കിലും ആക്കണം.**20-23 Farming കരം പിരിച്ചെടുക്കുക:** ഈ വകുപ്പ് ഒഴിവാക്കണം.**Sec 30 മുതൽ 53 വരെയുള്ള വകുപ്പുകളുടെ പേരുമാറ്റം. 55 H പരസ്യംസംബന്ധിച്ച് ഭേദഗതി വേണം . 55 (i)അനധികൃത IMFL വില്പന:** ടി കുറ്റം അടിച്ചമർത്തേണ്ട കുറ്റം തന്നെയാണ്. ടി കുറ്റത്തിന് പിടിക്കപ്പെട്ടയാളെ നിലവിൽ റിമാന്റ് ചെയ്യുന്നതാണ്.ഇതിന്റെ ശിക്ഷ മാറ്റുന്നത് പരിശോധിക്കപ്പെടേണ്ടതാണ്.**TT Rules:** കള്ള് ചെത്തുന്ന സമയം സൂര്യോദയം,സൂര്യാസ്തമയം കാതലായ മാറ്റം ടി സമയങ്ങളിൽ വേണം. കള്ള് വാഹനത്തിൽ നിന്നും ചെത്ത് തോട്ടത്തിൽ നിന്നും സാമ്പിൾ എടുക്കുന്നതിന് നിയമ സാധുതയില്ല.

**അഡ്വ. ശ്രീനാഥ് വേണു.അഡീഷണൽ ഗവ പ്ലീഡർ, എൻ.ഡി.പി.എസ് കോടതി, പാലക്കാട്**

എൻ.ഡി.പി.എസ് ആക്ട് ഉണ്ടാക്കിയത് രണ്ട് ഉദ്ദേശത്തിലാണ്.ഉപയോഗത്തിനും വിപണത്തിനും ആണ്. **സെക്ഷൻ 27** സ്മാൾ ക്വാണ്ടിറ്റി കേസുകളാണ്.കേസുകളിൽ ഒരു വർഷം തടവോ പിഴയോ ആണ്.പല പ്രതികൾക്കും അഞ്ചും പത്തും സ്മാൾ ക്വാണ്ടിറ്റി കേസുകളാണ് ഉള്ളത്. കുറ്റം ആവർത്തിക്കുന്നതിന് ശിക്ഷ കൂടുതൽ കൊടുക്കുന്നത് പരിഗണിക്കണം.**സെക്ഷൻ 31A** ആവർത്തിക്കുന്ന കേസുകളിൽ ശിക്ഷ കൂട്ടി നൽകാമെന്നു പറയുന്നു. അത്തരത്തിൽ മാറ്റം വരുത്തുന്നത് നല്ലതായിരിക്കും.**Sampling:** സാമ്പിളിംഗ് സമയത്ത് പ്രതിയുടെ സാന്നിധ്യം നിലവിൽ ഇല്ല .പ്രതിയുടെ സാന്നിധ്യം കൊണ്ടു വന്നാൽ കുറച്ചുകൂടി നന്നായിരിക്കും.കേസുകളുടെ വിചാരണ വൈകുന്നത് കേസുകളുടെ മെറിറ്റിനെ ബാധിക്കുന്ന സ്ഥിതിയാണ് ഉള്ളത്. എൻ ഡി പി എസ് കെസുകളിൽ സോഴ്സ്കളിലേക്കു എത്തുന്നില്ല. കൊണ്ടു വരുന്നവരെയാണ് പ്രധാനമായും പിടികൂടുന്നത്. ഡിജിറ്റൽ തെളിവുകൾ സോഴ്സ് കണ്ടെത്തുന്നതിനായി ഉപയോഗിക്കുന്നത് നല്ലതായിരിക്കും.എൻ.ഡി.പി.എസ് കേസുകളിൽ വിധികൾ പറയുന്നതിൽ കോടതി എന്തൊക്കെ കണ്ടെത്തിയെന്നത് പഠിക്കുന്നത് വകുപ്പുകൾക്ക് നല്ലതായിരിക്കും. എൻ.ഡി.പി.എസ് ആക്ടിൽ നടപടി ക്രമങ്ങളിൽ ചെറിയ വീഴ്ചകൾ വന്നാൽ പോലും കേസുകൾ വിട്ടു പോകുന്ന സ്ഥിതിയാണ് അതിൽ മാറ്റം വരണം. കോണ്ട്രബാന്റ് സാമ്പിളിംഗ് നടപടികളിൽ വൈകൽ വന്നാലോ കോണ്ട്രബാന്റ് കസ്റ്റഡി സംബന്ധിച്ചും ഒരു ഏകീകരണ നിയമം അനിവാര്യമാണ്. കഞ്ചാവ് കേസിൽ ആദ്യ കേസിൽ ഉൾപ്പെട്ട പ്രതികളെ (പ്രത്യേകിച്ച് 1 കിലോയ്ക്ക് അല്പം കുറവുള്ള ) മാനുഷികമായ സമീപനം വേണമെന്നാണ് അഭിപ്രായം. കുട്ടികൾക്ക് വിപണനം നടത്തുന്ന എൻ ഡി പി എസ് കേസുകളിൽ പെടുന്നവർക്ക് ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരമുള്ള ശിക്ഷകൾ ഉറപ്പ വരുത്തി നിയമ ഭേദഗതികൾ വരുത്തേണ്ടതാണ്.

**അദ്ധ്യക്ഷന്റെ നിർദ്ദേശം:** സുപ്രീം കോടതി, ഹൈക്കോടതിയിൽ നിന്നും വരുന്ന നിയമ വ്യാഖ്യാനങ്ങൾ ഇമ്പ്ലിമെന്റിംഗ് ഏജൻസി സമയാസമയങ്ങളിൽ അറിയിക്കണം.അങ്ങനെ വന്നാൽ സ്റ്റാറ്റ്യൂട്ടറി ഏജൻസി പ്രവർത്തനം ഫലപ്രദമാകും.

**ശ്രീ. അനിൽകുമാർ.ജി,സി.ഇ.ഒ. ടോഡി ബോർഡ്**

Toddy board Act 2021-ലാണ്.Boardവന്നത് 2024 ൽ ആണ്. കേരളത്തിലെ പരമ്പരാഗത വ്യവസായമാണ് കള്ള് വ്യവസായം.നിലവിൽ ടി വ്യവസായം ക്ഷയിച്ചു കൊണ്ടിരിക്കുകയാണ്. കള്ള് വ്യവസായം നവീകരിക്കാനാണ് ടോഡി ബോർഡ് രൂപീകരിച്ചിട്ടുള്ളത്. സ്വീറ്റ് ടോഡി ,നീരആണെങ്കിലും അബ്കാരി

ആക്ടിൽ കള്ള് എന്നാണ് വിവക്ഷ. ടോഡി പ്രകൃതിയിലെ ഏറ്റവും ശുദ്ധമായ പാനീയമാണ് കള്ള്.ടോഡി ബോർഡിന് ചില ചുമതലകൾ ഉണ്ട്. 1 മുതൽ 4,5 ക്ലാസിഫിക്കേഷനുള്ള റെസ്റ്റോറന്റിൽ ടോഡി പാർലർ അനുവദിക്കാവുന്നതാണ്. നിലവിലുള്ള നിയമങ്ങൾ പാലിച്ച് നിലവിലെ കള്ള് ശേഖരിച്ച് ഗ്ലാസ് ബോട്ടിലുകളിലാക്കി സൂപ്പർ മാർക്കറ്റുകളിലും റെസ്റ്റോറന്റുകളിലും ലഭ്യമാക്കേണ്ടതാണ്.കള്ളിൽ നിന്നുള്ള ഒരു മൂല്യവർദ്ധിത ഉല്പന്നമാണ് വിനാഗിരി. അതിന് ഉയർന്ന വില ലഭിക്കുന്ന ഒന്നാണ്. നിലവിൽ ഇതിനൊന്നും നിയമങ്ങൾ അനുകൂലമല്ല.ആയതിന് മാറ്റം വേണം. പരമ്പരാഗത വ്യവസായമാണ് പരിഗണന നൽകി ഒരുപാട് പേർക്ക് തൊഴിൽ കണ്ടെത്താൻ കഴിയുന്ന വ്യവസായത്തെ സംരക്ഷിക്കാൻ കഴിയണമെന്നാണ് അഭിപ്രായം. തൊഴിലാളികളുടെ ലഭ്യത കുറവുണ്ട്. ചെത്തുകാരൻ എന്ന പേരു മാറ്റി ടോഡി ടെക്നീഷ്യൻ എന്നാക്കണം.അവർക്ക് ഇൻഷ്വറൻസ്,ക്ഷേമനിധി എന്നിവ നൽകണം. അബ്കാരി ആക്ടിൽ നിന്നും കള്ള് വ്യവസായത്തെ മാറ്റി ടോഡി ആക്ടിലേക്ക് കൊണ്ടുവരണമെന്നാണ് അഭിപ്രായം.

**ശ്രീ. ജയചന്ദ്രൻ . ആർ ജോയിന്റ് എക്സൈസ് കമ്മീഷണർ (Rtd)**

എൻ.ഡി.പി.എസ് ആക്ട് 97% conviction ഉള്ളപ്പോൾ അബ്കാരി ആക്ടിൽ 50% താഴെയാണ് convictionറേറ്റ്. നവകേരള നിർമ്മിതിക്കായി ഭേദഗതി വരുത്തുമ്പോൾ ഉദ്യോഗസ്ഥ ശാക്തീകരണം,വ്യവസായ സൗഹൃദം എന്നിങ്ങനെ ആയിരിക്കണം മുൻഗണന.**Kerala High Court VsAnilkumar** : Abkari Act ൽ Search,Seizureഎന്നിവയിൽ ജാഗ്രത കുറവ് വരുന്നുണ്ടെന്നുള്ളത് കൃത്യമായി നിയമത്തിന്റെ അഭാവമാണ്.ഉദ്യോഗസ്ഥരുടെ ബുദ്ധിമുട്ട് പ്രായോഗികമായിട്ടുള്ള പരിശോധനാ കിറ്റുകളുടെ അഭാവമാണ്.അത് പൗരാവകാശത്തിനും ഗുണകരമാണ്. മഹാരാജാവിന്റെ കാലത്തെ പെർഫോർമൻസുകളാണുള്ളത്. അതിന് മാറ്റം വരുത്തണം.സൈബർ വിഭാഗത്തിന്റെ ശക്തിപ്പെടുത്തൽ അനിവാര്യമാണ്.**53A**പ്രകാരം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ആണ് ഇൻവെന്ററി തയ്യാറാക്കേണ്ടതാണ്.അതിന് മാറ്റം വരുത്തണം.**53 Aനോട്ടിഫിക്കേഷൻ** ഇതിൽ സമഗ്രമായ നിയമം വേണം. വാഷ് നശിപ്പിക്കാൻ പറ്റാത്തതുള്ള ബുദ്ധിമുട്ടുകൾ ഉദ്യോഗസ്ഥർ അനുഭവിക്കുന്നു.അതിനുള്ള ഭേദഗതി വരുത്തണം.എല്ലാ ലൈസൻസി സ്ഥാപനങ്ങളും റിലേറ്റ് ചെയ്യാൻ ഉദ്യോഗസ്ഥ കുറവ് കാരണം പറ്റുന്നില്ല. CCTV പോലുള്ളവ ഉപയോഗപ്പെടുത്താവുന്നതാണ്. **15(C)**കേസുകളിൽ പരിശോധിക്കപ്പെടേണ്ട ഉപകരണങ്ങൾ ലഭ്യമാക്കണം. എൻ ഡി പി എസ് ചെറിയ കുറ്റകൃത്യത്തിൽ ഡീ അഡിക്ഷൻ പ്രയോഗിച്ച് ശിക്ഷയിളവ് നൽകാവുന്നതാണ്. പുനരധിവാസത്തിന് നിലവിൽ സംവിധാനമില്ല.കേന്ദ്ര സർക്കാർ സഹകരണത്തോടെ പുനരധിവാസ പദ്ധതി നടപ്പാക്കാം.NDPSആക്ട് നോട്ടിഫൈ ചെയ്യാത്ത Drugs Intoxicating Drugs ൽ പെടുത്തി കേരള സർക്കാർ നോട്ടിഫൈ ചെയ്യുന്ന ഭേദഗതി കൊണ്ടുവരണം.പോളിസിയുടെ കാര്യത്തിൽ തുടർച്ച കിട്ടാത്തത് അബ്കാരി മേഖലയെ ബാധിക്കുന്നു. ഒരു സ്റ്റാറ്റ്യൂട്ടറി കമ്മിറ്റി രൂപീകരിച്ചാൽ അബ്കാരി മേഖലയിൽ ഒരു സ്ഥിരം സംവിധാനം നിയമത്തിൽ കൊണ്ടുവരണം.ആയുർവേദ മരുന്നുകളിൽ ജെനുവിൻ കച്ചവടക്കാർക്ക്

അനുകൂലമായ തരത്തിൽ ഭേദഗതി വരുത്തണം.M&TP ആക്ടിൽ കേരള ഗവണ്മെന്റ് ഒരു സമഗ്ര നിയമം കൊണ്ടുവരണം.

**അജിത്ത് സി നായർ,ജനറൽ സെക്രട്ടറി, ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ**

നിയമപ്രകാരം എല്ലാമാസവും ഒന്നാം തീയതി ഏർപ്പെടുത്തിയിരുന്ന ഡ്രൈഡേ നിർത്തലാക്കണം. ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ബാറുകളുടെ ശൈലി ടൂറിസം മേഖലയ്ക്ക് പുറത്തുള്ള ബാറിനും തുല്യമാക്കണം.56 ബി പ്രകാരം ലൈസൻസ് വയലേഷൻ കേസുകൾക്ക് അബ്കാരി ആക്ട് പ്രകാരവും ഫോറിൻ ലിക്കർ റൂൾ പ്രകാരവും രണ്ടുതരത്തിൽ ശിക്ഷ ലഭിക്കുന്നുണ്ട് അത് ഏതെങ്കിലും ഒരു തരത്തിൽ മാത്രം ശിക്ഷിക്കാവുന്ന രീതിയിലേക്ക് നിയമനിർമാണം നടത്തേണ്ടതുണ്ട്.ഫോറിൻ ലിക്കർ റൂൾ4 പ്രകാരം ലൈസൻസിയുടെ പെരുമാറ്റത്തിന് രണ്ടുലക്ഷം രൂപ ഈടാക്കുന്നു എന്നാൽ ഇത് പാർട്ട്നർഷിപ്പ്,കമ്പനി,കോർപ്പറേഷൻ,എൽഎൽപി,സൊസൈറ്റി എന്നിവയ്ക്ക് ഇത് ബാധകമാക്കാൻ പാടില്ല.ബാറുകളിൽ സർവീസ് ഡെസ്ക് അനുവദിക്കുന്നത് ഓരോന്നിനും അമ്പതിനായിരം രൂപ ഫീസ് വാങ്ങിയിട്ടാണ് .എന്നാൽടി സ്ഥലങ്ങളിൽ മദ്യം പ്രദർശിപ്പിക്കാൻ അനുമതി നൽകിയിട്ടില്ല.ഒരു ബാറിൽ ഫാമിലിക്കുംഭക്ഷണ വ്യവസ്ഥ മാത്രം വരുന്ന ആളുകൾക്ക് പ്രത്യേകമായി മദ്യം വിതരണം ഇല്ലാത്ത റസ്റ്റോറൻറ് ഉണ്ടെന്നിരിക്കെ പണമടച്ച് സർവീസുകൾ പ്രവർത്തിക്കുമ്പോൾ അതിൽ മദ്യം പ്രദർശിപ്പിക്കാനുള്ള അനുമതികൂടിനൽകണം.അബ്കാരി ആക്ട് 54(A)പ്രകാരം പൂരങ്ങൾ, ഉത്സവങ്ങൾ എന്നിവയ്ക്ക് ക്രമസമാധാന പ്രശ്നം ഉന്നയിച്ച് സ്ഥാപനങ്ങൾ അടച്ചിടുന്ന പ്രവണത നിലവിലുണ്ട്.ലൈസൻസ് സ്ഥാപനങ്ങൾ അടച്ചിടുമ്പോൾ അനധികൃത മദ്യവില്പനയും മറ്റും കൂടി വരാനുള്ള സാധ്യതയാണ് കാണുന്നത്. ആയതിനാൽ ഇത് അശാസ്ത്രീയമാണ് പൂരങ്ങളും മത്സരങ്ങളും നടക്കുമ്പോൾ ലൈസൻസ് പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കാനുള്ള അനുമതി നൽകണം.

Foreign liquor 33Aപ്രകാരം മദ്യത്തിൻറെ വില നൽകണം എന്നുള്ള നിയമം എടുത്ത് മാറ്റിയിട്ടുണ്ട്.ആയത് പുനസ്ഥാപിക്കണം.നിലവിൽ ആയിരത്തോളം എഫ്എൽ 3 ലൈസൻസ് സ്ഥാപനങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട് ആയതിനാൽ ബാറുകൾ അനുവദിക്കുന്നത് കൂടുതലായതുകൊണ്ട് ബിസിനസ് തകരുന്ന സ്ഥിതി ഉണ്ടാകാതിരിക്കാൻ 2026 മാർച്ച് 31 വരെ മാത്രം പുതിയ ലൈസൻസ് അനുവദിക്കേണ്ടതാണ്. അതിനുശേഷം അനുവദിക്കാതിരിക്കുന്നത് പരിഗണിക്കണം.അനധികൃത മദ്യവിൽപ്പന ഒരു ലക്ഷം രൂപ പിഴയും പത്തുവർഷം

വരെ തടവും ലഭിക്കാം. എങ്കിലും ഇപ്രകാരമുള്ള കേസുകൾ ഫലപ്രദമായി ഉപയോഗിക്കാതിരിക്കുന്നത് ലൈസൻസ് സ്ഥാപനങ്ങൾക്ക് വലിയ നഷ്ടം ഉണ്ടാക്കുന്നുണ്ട്. ആയതിനാൽ മേൽ പ്രകാരമുള്ള കേസുകൾക്ക് ശിക്ഷ കിട്ടാവുന്ന രീതിയിൽ പ്രവർത്തിച്ച് ലൈസൻസ് സ്ഥാപനങ്ങൾക്ക് മാന്യമായി ഒരു ബിസിനസ് നടത്താനുള്ള സാഹചര്യം ഉണ്ടാകണം.എഫ്എൽ 3 ബാറുകൾ, എഫ് എൽ 11, ബിയർ ആൻഡ് വൈൻ പാർലർ എന്നിവയിലേക്ക് മദ്യം വാങ്ങുന്നത് പൂർണമായും പണം അടച്ചാണ് .മദ്യം വാങ്ങാൻ വേണ്ടി മദ്യം ലോഡ് ഇറക്കുന്ന സമയത്ത് എക്സൈസ് ഉദ്യോഗസ്ഥരെ സാന്നിധ്യം നിർബന്ധമാക്കുന്ന നിയമം കാലിക പ്രസക്തമല്ല.സർക്കാരിനു ലഭ്യമാകേണ്ട പണം ലഭ്യമായിരിക്കെ ഇപ്രകാരം എക്സൈസ് ഉദ്യോഗസ്ഥർ വന്ന് തന്നെ ഇറക്കണം എന്നുള്ള നിബന്ധന പ്രസക്തി ഇല്ലാത്തതാണ്. ലിംഗസമത്വം അനുവദിച്ച് വനിതകളെ ബാറിലും കള്ളുഷാപ്പുകളും ജോലി ചെയ്യാൻ നിയമംമൂലം അനുവാദം നൽകേണ്ടതാണ്. കെ എസ് ബി സി വെയർ ഹൗസുകളിൽ നിന്നും പണം നൽകി വാങ്ങുന്ന മദ്യത്തിൽ സെഡിമെന്റേഷൻ കണ്ടു എന്നുള്ള കാരണത്താൽ പലപ്പോഴും പിന്നീട് വിൽപന യോഗ്യമല്ലാത്ത ഈ മദ്യം സൂക്ഷിക്കേണ്ട ആവശ്യം ഉണ്ടാവുന്നുണ്ട്. അപ്രകാരം പണം നൽകി വാങ്ങുന്ന മദ്യം വില്പന നടത്താൻ കഴിയാത്ത ഒരു സാഹചര്യം ഉണ്ടെങ്കിൽ അതിൻറെ പണം മടക്കി നൽകുകയോ,തത്തുല്യമായമദ്യം നൽകുകയോ ചെയ്യാനുള്ള നിയമം വരണം.ബിയറുകളുടെ കാലാവധി സാധാരണയായി 6 മുതൽ 9 മാസം വരെയാണ്. എന്നാൽ ഏതെങ്കിലും ഒരു ബാച്ചിൽ കേരളത്തിൽ എവിടെയെങ്കിലും സെഡിമെന്റേഷൻ കണ്ടു എന്നുള്ള കാരണത്താൽ വില്പന മരവിപ്പിക്കുകയും ശേഷം അതിനെ സാമ്പിളെടുത്ത് അയച്ചതിന്റെ റിസൽറ്റ് സമയത്തിന് വരാത്തതിനാൽ ലൈസൻസിക്ക് വലിയ നഷ്ടം സംഭവിക്കുന്നു. ഇത്തരത്തിൽ വില്പന തടഞ്ഞ കാലാവധി കഴിഞ്ഞ ബിയറിന്റെ പർച്ചേസ് തുക തിരികെ നൽകാൻ നിയമ ഭേദഗതി വരുത്തണം.ചില സാഹചര്യങ്ങളിൽ ബാറുകളിൽ ഗ്രൂപ്പ് ആയിട്ട് മദ്യം കഴിക്കുന്നതിനായി ആളുകൾ വരുന്നത്.ടി സാഹചര്യത്തിൽ പെഗ് കണക്കിന് മദ്യം കൊടുക്കുന്നത് പ്രായോഗികമല്ല.ടി സാഹചര്യത്തിൽ ബോട്ടിൽ ആയി മദ്യം നൽകുന്നതിനുള്ള സാഹചര്യം നിയമം മൂലംനടപ്പാക്കിലാക്കേണ്ടതാണ്.

**ശ്രീ. ജോസഫ് ബിനോയ് ,വൈസ് പ്രസിഡന്റ്, ഡിസ്റ്റില്ലേഴ്സ് ആൻഡ് ഐ.എം.എഫ്.എൽ സപ്ലൈസ് അസോസിയേഷൻ**

**കേരളത്തിൽ 19 ഡിസ്റ്റില്ലറി പ്രവർത്തിക്കുന്നു. 50 ലക്ഷം cases Production ഉണ്ട്.**

കേരളത്തിൽ ഉദ്പാദിപ്പിക്കുന്ന മദ്യം കേരളത്തിലെ പട്ടാളക്കാർക്ക് കൊടുക്കാൻ ഭേദഗതി വേണം.റം ഉദ്പാദിപ്പിക്കുമ്പോൾ വേസ്റ്റേജ് തരുന്നില്ല. അതിന് മാറ്റം വേണം. 51 ലക്ഷത്തോളം ഇതിൽ നഷ്ടം വന്നിട്ടുണ്ട്.ഗുണനിലവാരം സംബന്ധിച്ച് പരാതി വന്നാൽ ആ ബാഗ് മുഴുവൻ ഫ്രീസ് ചെയ്യുന്ന നടപടി പുനഃപരിശോധിക്കണം.ഡിസ്റ്റില്ലറിയിലെ സ്റ്റാഫ് സ്ട്രെങ്ത് കുറയ്ക്കണം.കോസ്റ്റ് ഓഫ് എസ്റ്റാബ്ലിഷ്മെന്റിനു മിനിമം 9% ആക്കണം.പ്രാദേശിക അവധിക്ക് ഓവർ ടൈം പൈസ അടക്കുന്ന പ്രവണത ഒഴിവാക്കണം.പാർട്ടണർഷിപ് ചേർക്കുമ്പോഴുള്ള മാറ്റത്തിനും ഫീസ് അടക്കുന്നത് ഒഴിവാക്കണം.അബ്കാരി ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുന്നത് കൂടുതൽ സുതാര്യമാക്കണം.ചുമട്ട് തൊഴിലാളി സമയം ക്രമീകരിക്കണം.ബിയർ സ്ട്രെങ്ത് 8% ആക്കുന്നത് പരിഗണിക്കണം.ലിക്കർ സാമ്പിൾ എക്സൈസ് ഉദ്യോഗസ്ഥർ കൊണ്ടു പോകുന്ന രീതി ഒഴിവാക്കണം.

## ശ്രീ. ബിജു . ഡി ജോയിന്റ് കെമിക്കൽ എക്സാമിനർ

കഞ്ചാവ് കൊമേഴ്സ്യൽ ക്വാണ്ടിറ്റി,മീഡിയം ക്വാണ്ടിറ്റി,സ്മാൾ ക്വാണ്ടിറ്റി അളവ് കുറയ്ക്കണം. ഹെറോയിൻ മീഡിയം ക്വാണ്ടിറ്റി 5 ഗ്രാം എന്നുള്ളത് കുറയ്ക്കണം.ഹാഷിഷ് ഓയിൽ മീഡിയം ക്വാണ്ടിറ്റി,സ്മാൾ ക്വാണ്ടിറ്റി അളവ് കുറയ്ക്കണം.എക്സൈസ് ഉദ്യോഗസ്ഥർ കേസുകൾ കണ്ടെടുക്കുമ്പോൾ MDMA മെത്താഫിറ്റമിനാകുന്ന പ്രശ്നമുണ്ട്.ആയതു് ഒഴിവാക്കാൻ സ്പോട്ടിൽ വെച്ച് പരിശോധനാകിറ്റ് ഉപയോഗിക്കണം.Magic Mushroom dry ആക്കി ലാബിൽ ഹാജരാക്കുക.

**ഈ ടെസ്റ്റുകളെ സംബന്ധിച്ച് എക്സൈസ് കമ്മീഷണർക്ക് വിശദമായ റിപ്പോർട്ട് സമർപ്പിക്കുമെന്നും പറഞ്ഞു.**

## ശ്രീ. വിനോദ്കുമാർ .എസ്. ജോയിന്റ് എക്സൈസ് കമ്മീഷണർ.

Sec55A,58എന്നിവയുടെ ശിക്ഷ ക്വാണ്ടിറ്റിക്ക് ആനുപാതികമായിരിക്കണം. അബ്കാരി കേസുകൾ തീർപ്പാക്കുന്നതിനു വേണ്ടി ജില്ലാതലത്തിൽ ഡിസ്പോസൽ കമ്മിറ്റി വേണം.വനിത സിവിൽ എക്സൈസ് ഓഫീസർ പോസ്റ്റ് നോട്ടിഫൈ ചെയ്തിട്ടില്ല. ആയതിനാൽ അവരെ അബ്കാരി ഓഫീസറായി പരിഗണിക്കാൻ പറ്റില്ല.ആയതിന് മാറ്റം വരുത്തണം.

# പ്രധാന ആശയങ്ങൾ

## 6.1 വിനോദ സഞ്ചാരവും വ്യാവസായിക വളർച്ചയും – വ്യാവസായിക സൗഹൃദ മദ്യനയത്തിന്റെ അനിവാര്യത.

1. കുറഞ്ഞ വിലക്കുള്ള മദ്യം കേരളത്തിലെ ഡിസ്റ്റിലറികളിൽഉത്പാദിപ്പിക്കുവാൻ നടപടി സ്വീകരിക്കുക. അതിനുള്ള നികുതിയിളവുകൾ നൽകുക .
2. ടൂറിസം വളർച്ചയ്ക്ക് ഉതകുന്ന രീതിയിൽ എക്സൈസ് ലൈസൻസിംഗ് സമ്പ്രദായം പരിഷ്കരിക്കുക .
3. ഫെനി പോലുള്ള പ്രാദേശിക മദ്യങ്ങൾ ഉല്പാദിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുക .
4. ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ മദ്യശാലകൾക്ക് നൽകുന്ന സമയ ഇളവുകൾ മറ്റ് ഇടങ്ങളിലെ ഹോട്ടലുകൾക്കും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
5. റീ ക്ലാസിഫിക്കേഷൻ നടപടികൾ ലളിതമാക്കുക .
6. മദ്യ ഉത്പാദന കമ്പനികൾ ചെയ്യുന്ന പിഴവുകൾ കുറ്റകൃത്യമായി കാണാതെ ഉത്പാദന സമയത്തുള്ള തെറ്റുകളായി പരിഗണിച്ച് പിഴ ലഘൂകരിക്കുക.
7. അബ്കാരി പോളിസി രൂപീകരണ വേളയിൽ മദ്യ വ്യവസായികളുടെ അഭിപ്രായം കൂടി കേട്ട് നടപടികൾ സ്വീകരിക്കുക .
8. ലൈസൻസിംഗ് സംബന്ധമായ ഓരോ കാര്യങ്ങൾക്കും ബാർ ഹോട്ടലുകൾക്ക് പ്രത്യേക ലൈസൻസ് ഫീസ് ഈടാക്കുന്ന സമ്പ്രദായം ഒഴിവാക്കി ഏകീകൃത ഫീസ് ഈടാക്കാന് സംവിധാനം നടപ്പാക്കുക.
9. വീര്യം കുറഞ്ഞ മദ്യത്തെ പ്രോത്സാഹിപ്പിക്കണം.
10. ഡ്രോട്ട് ബിയർ സംസ്ഥാനത്ത് ലഭ്യമാക്കുകയും നല്ല ആംബിയൻസ് ഉള്ള പബ്ബുകൾ പോലെയുള്ള സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് അനുമതി നല്കുകയും വേണം.
11. ടൂറിസം വ്യവസായത്തിന് പ്രത്യേക പരിഗണന നൽകുക .
12. ഉത്തരവാദിത്ത മദ്യപാന രീതിക്ക് പ്രാമുഖ്യം നൽകുക.

# 6.2 മയക്ക് മരുന്ന് രഹിത നവ കേരളം

## പ്രതിരോധവും പ്രതീക്ഷകളും

1. വിവിധ വകുപ്പുകളുടെ ഏകോപനവും സഹകരണവുംഉറപ്പാക്കുകനിയമ . .നടപടികൾ ശക്തിപ്പെടുത്തുക
2. വിദ്യാലയങ്ങളിലെ SPC , ലഹരി വിരുദ്ധ ക്ലബ്ബുകൾ തുടങ്ങിയ പ്രോജക്റ്റുകൾ ശക്തിപ്പെടുത്തി ഡിമാന്റ് റിഡക്ഷൻ സാദ്ധ്യമാക്കുക.
3. മയക്കുമരുന്ന് കേസുകൾക്ക് മാത്രമായി സൈബർ സംവിധാനങ്ങൾ മെച്ചപ്പെടുത്തുക.
4. കുട്ടികൾക്കായുള്ള ഡീ അഡിക്ഷൻ സെനറ്ററുകളുടെയും റീഹാബിലിറ്റേഷൻ സെൻററുകളുടെയും എണ്ണം സൗകര്യം എന്നിവ വർദ്ധിപ്പിക്കുക.
5. പാർസലുകൾ നിരീക്ഷിക്കാൻ സംസ്ഥാനതല വിംഗ് രൂപീകരിക്കണം.
6. Commercial Quantityഎൻ.ഡി.പി.എസ് കേസുകളിൽ ഉൾപ്പെട്ട പ്രതികളുടെ സ്ഥാവര ജംഗമ വസ്തുക്കൾ കണ്ടുകെട്ടുന്ന നടപടികൾ ഊർജ്ജിതപ്പെടുത്തണം.
7. ജാമ്യവ്യവസ്ഥകൾ ലംഘിക്കുന്നത് ക്രിമിനൽ കുറ്റകൃത്യമാക്കിക്കൊണ്ടുള്ള ഒരു Bail Law നടപ്പിലാക്കണം.
8. സമൂഹവുമായി ചേർന്ന് ലഹരിക്കെതിരെ പോരാട്ടം നടത്തണം.
9. നിലവിലുള്ള എക്സൈസ് വിമുക്തി ഡി അഡിക്ഷൻ സെൻററുകളുടെ ഘടനാപരമായ പോരായ്മ പരിഹരിക്കണം.
10. NGO കളുടെ സഹകരണംറീഹാബിലിറ്റേഷൻ രംഗത്ത് ഉറപ്പാക്കണം.
11. സ്ത്രീകൾക്കുള്ള ഡീ അഡിക്ഷൻ ചികിത്സാ കേന്ദ്രങ്ങൾ ജില്ലയിൽ ഒരെണ്ണം വീതം സ്ഥാപിക്കണം.
12. സ്കൂൾ തലം മുതൽ ലഹരി വിരുദ്ധ പരിപാടികൾ എക്സൈസ് വകുപ്പ് വിമുക്തി മിഷൻറെ ഭാഗമായി ഒരു കൃത്യമായ മൊഡ്യൂൾ തയ്യാറാക്കി സ്കൂളുകളിൽ നടപ്പാക്കണം.
13. ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പ്, സാമൂഹ്യ നീതി വകുപ്പ്, ആരോഗ്യ വകുപ്പ, ശിശുവികസന വകുപ്പ് തുടങ്ങിയ വകുപ്പുകളുടെ ഒരു ഇൻറർ ഡിപ്പാർട്ട്മെൻറൽ കോ-ഓർഡിനേഷൻ ആവശ്യമാണ്.
14. സ്കൂളുകളിൽ പ്രവർത്തിക്കുന്ന സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ സക്രീയവും ശക്തവുമാക്കണം.

15. സ്കൂളുകളിൽ പ്രവർത്തിച്ചുവരുന്ന നിരവധി സ്കൂൾ ക്ലബ്ബുകൾ/കമ്മിറ്റികൾ എന്നിവ ഏകീകരിച്ച് ഒരു പൊതു ക്ലബ്ബോ/ കമ്മിറ്റികളോ ആക്കണം.
16. കൊമേഷ്യൽ അളവിൽ പിടിക്കുന്ന NDPS കേസ്സുകൾ പ്രതിക്ക് ജാമ്യം ലഭിക്കുന്നതിനുള്ള അവസരം നൽകാതെ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി കമ്പ്ലയിൻറ് റിപ്പോർട്ട് കോടതി മുമ്പാകെ സമർപ്പിച്ച് പ്രതിക്ക് കസ്റ്റഡിയിൽ തന്നെ വിചാരണ നടക്കുന്നുവെന്ന് ഉറപ്പ് വരുത്തണം.
17. ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ എല്ലാ ഓഫീസുകൾക്കും ലഭ്യമാക്കേണ്ടതും ടി കിറ്റുകൾ കേസ്സ് ഡിറ്റക്ഷൻ സമയത്ത് ഫലപ്രദമായി ഡിറ്റക്റ്റിംഗ് ഓഫീസർമാർ ഉപയോഗിക്കേണ്ടതുമാണ്.
18. സൈക്യാട്രിക് രോഗങ്ങളുടെ ചികിത്സ കൂടി ഹെൽത്ത് ഇൻഷ്വറൻസ് കവറേജിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
19. നിലവാരമുള്ള മികച്ച ഡി അഡിക്ഷൻ സെൻററുകൾ സ്ഥാപിക്കണം.
20. ലഹരിക്കെതിരെയുള്ള പാഠ്യപദ്ധതികൾ സ്കൂൾ കരിക്കുലത്തിൻറെ ഭാഗമാക്കണം.
21. നാർക്കോട്ടിക് കടത്തുകളിൽ ആഗോള തലത്തിലുള്ള ശൃംഖലകളും ഡാർക്ക് വെബ്ബ്, ഡിജിറ്റൽ പ്ലാറ്റ്ഫോമുകളും രഹസ്യമായി പ്രവർത്തിക്കുന്നുണ്ട്. ആയതിനാൽ എക്സൈസ് വകുപ്പിന് അതിനെ അതിജീവിക്കാനുള്ള സംവിധാനങ്ങൾ സജ്ജമാക്കണം.
22. കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിന് പോലീസ് എക്സൈസ് സേനകൾക്ക് എൻ,സി.ബി യുടെ സഹായ സഹകരണങ്ങൾ പ്രയോജനപ്പെടുത്തണം.

# 6.3 കേരളത്തിലെ കള്ള് വ്യവസായം – നവീകരണവും സുസ്ഥിരവികസനവും

1. കള്ളിന് മാത്രമായി ഒരു നിയമം വേണം.
2. പരമ്പരാഗത വ്യവസായ ഇനം എന്ന നിലയിൽ കള്ളിനെ സംരക്ഷിക്കുക.
3. ഉത്പാദനക്ഷമത കൂടിയ തെങ്ങുകൾ ഉണ്ടാവണം.
4. വിൽപ്പന അധികം വരുന്ന കള്ള് കുടുംബശ്രീയെ അടക്കം ഉൾപ്പെടുത്തി മറ്റ ഘടകം ഉൽപ്പന്നങ്ങൾ ആക്കി പ്രാദേശിക വിപണിയിൽ എത്തിക്കണം.
5. കള്ള് വ്യവസായത്തിലുള്ള എല്ലാ തൊഴിലാളികളെയും ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്യിക്കണം.
6. കാലോചിതമായ ടെക്നോളജിയെ കള്ള് വ്യവസായത്തിൽ ഉപയോഗപ്പെടുത്തണം.
7. ഉദയഭാനു കമ്മിഷൻ ശിപാർശ ചെയ്ത വീര്യം കുറഞ്ഞ മദ്യത്തിലേക്ക് സമൂഹത്തെ കൊണ്ടുവരണം.
8. കള്ളിനെ കേരളത്തിന്റെ തനത് പാനീയമായി മാറ്റണം.
9. തൊഴിലാളികളുടെ ലഭ്യത കുറവായതിനാൽ ചെത്തുകാരുടെ എണ്ണം പരിഷ്കരിക്കുക.
10. ടോഡി ബോർഡിൻറെ പ്രവർത്തനം കാര്യക്ഷമമാക്കണം.
11. കള്ള്എളുപ്പത്തിൽ പുളിക്കുന്നു. ഫെർമന്റേഷൻ നിയന്ത്രിച്ച് കള്ളിന്റെ നിറവും മണവും കൂട്ടണം.
12. കള്ള്ഷാപ്പിന്റെ ഗുണനിലവാരവും കള്ളിൽ മായം ചേർത്തിട്ടില്ല എന്നും ഉറപ്പാക്കാൻ കഴിയണം.
13. വിനാഗിരി ഉൽപാദന സാധ്യത പരിശോധിക്കണം.
14. കള്ളിനെ ഹെൽത്ത് ഡ്രിങ്ക് ആക്കി കൊച്ചുകുട്ടികൾക്ക് വരെ കൊടുക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം.
15. കള്ളിന്റെ സൂക്ഷ്മാണുക്കൾ മനുഷ്യ ശരീരത്തിന് ആവശ്യമായ ബയോട്ടിക്കുകൾ അടക്കം ഉള്ളതിനാൽ വിപണിയിൽ എത്തിക്കാനുള്ള സാധ്യത പരിശോധിക്കണം.
16. മിൽമ മാതൃകയിൽ സംഭരിക്കുമ്പോൾ തന്നെ കള്ള് ടെസ്റ്റ് ചെയ്യാനുള്ള സൗകര്യം ഉണ്ടാവണം.
17. തെങ്ങ്കൃഷി വ്യാവസായിക അടിസ്ഥാനത്തിൽ വ്യാപിപ്പിക്കണം.

18. കള്ളിനെ വ്യവസായികമായി ഉയർത്തുക അതിനുള്ള ആലോചന ചെയ്യുക, ബ്രാൻഡ് ചെക്ക് ചെയ്ത് ഫുഡ് കൊടുക്കുക , മാർക്കറ്റിംഗ് പ്രയോജനപ്പെടുത്തുക.
19. കള്ളിന്റെ പുളിപ്പും മധുരവും അനുസരിച്ച ബ്രാൻഡ് നെയിം നൽകുക.
20. കള്ള് ഷാപ്പുകളിൽ 50 തെങ്ങും 5 തൊഴിലാളികളും എന്ന വ്യവസ്ഥ പുന:പരിശോധിക്കണം.
21. കള്ള് ഷാപ്പുകളെ ഡ്രൈ ഡേയിൽ നിന്നും ഒഴിവാക്കണം.

## 6.4 എക്സൈസ് നിയമ പരിഷ്കരണവും ലഹരി പ്രതിരോധത്തിലെ പ്രായോഗിക വശങ്ങളും

1. കേസുകളുടെ നടപടി ക്രമങ്ങളിൽ വിശ്വസനീയതപുലർത്തുന്നതിലും വളരെ ശ്രദ്ധിക്കണം.
2. അബ്കാരി ആക്ട് ഒരു തിരുത്തലുകൾ വേണ്ട നിയമമാണ്.**67 (B) കണ്ടുകെട്ടൽ_** വിവേചനാധികാരം നിർബന്ധമായും ഉപയോഗിക്കണം.
3. **67(C)**വകുപ്പ് പ്രകാരംവാഹന ഉടമയ്ക്ക് നോട്ടീസ് നൽകുന്ന രീതിയിൽ മാറ്റം വേണ്ടതാണ്. കണ്ടുകെട്ടൽ സംബന്ധിച്ച് വകുപ്പിൽ വളരെ വലിയ രീതിയിൽ അഴിച്ചുപണി വേണ്ടതാണ്.
4. **67 Compounding_** ഗൗരവം കുറഞ്ഞ ഇത്തരം കേസുകളിൽ ഭേദഗതി കൊണ്ടുവരേണ്ടതാണ്.
5. **55(A)1**ഇറക്കുമതി ചെയ്യുന്ന മദ്യത്തിൽ 100 കുപ്പി മദ്യം കൊണ്ടു വന്നാലും ഒരു കുപ്പി കൊണ്ടു വന്നാലും ഒരേ ശിക്ഷയാണ് ഉള്ളത്.
6. അതിൽ ഒരു വിവേചനം ഉപയോഗിച്ച് ഗൗരവത്തിന് അനുസരിച്ച് ശിക്ഷ തീരുമാനിക്കണം.
7. സ്ത്രീകളെ സമയ ക്രമത്തിനനുസരിച്ച് അബ്കാരി തൊഴിൽ ശാലയിൽ നിയമിക്കാവുന്നതാണ്.

8. **Sec 67പിഴ ചുമത്താനുള്ള അധികാരം:** ഒരു ലൈസൻസിന്റെ ഉടമ്പടി മാറ്റം വരുത്തിയാൽ പിഴ കൊടുക്കുന്ന സാഹചര്യമാണ് ഉള്ളത്.അതിനു മാറ്റം വരുത്തണം.
9. **Sampling, Labelling** ഇതു സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ നിയമങ്ങളിൽ ഉൾപ്പെടുത്തിയാൽ നന്നായിരിക്കും.
10. **Sec 30 മുതൽ 53 വരെയുള്ള** വകുപ്പുകളുടെ പേരുകളിൽ മാറ്റം ആവശ്യമാണ്.
11. 55 ( H )പരസ്യംസംബന്ധിച്ച് ഭേദഗതി വേണം .
12. **55 (i)അനധികൃത IMFL വില്പന_** പിടിക്കപ്പെട്ടയാളെ നിലവിൽ റിമാന്റ് ചെയ്യുന്നതാണ്.ഇതിന്റെ ശിക്ഷ മാറ്റുന്നത് പരിശോധിക്കപ്പെടേണ്ടതാണ്.
13. **സെക്ഷൻ 27:** സ്മാൾ ക്വാണ്ടിറ്റി കേസുകളിൽ കുറ്റം ആവർത്തിക്കുന്നതിന് ശിക്ഷ കൂടുതൽ കൊടുക്കുന്നത് പരിഗണിക്കണം.
14. ഡിജിറ്റൽ തെളിവുകൾ സോഴ്സ് കണ്ടെത്തുന്നതിനായി ഉപയോഗിക്കുന്നത് നല്ലതായിരിക്കും.
15. എൻ.ഡി.പി.എസ് ആക്ടിൽ നടപടി ക്രമങ്ങളിൽ ചെറിയ വീഴ്ചകൾ വന്നാൽ പോലും കേസുകൾ വിട്ടു പോകുന്ന സ്ഥിതിയാണ് അതിൽ മാറ്റം വരണം.
16. സുപ്രീം കോടതി, ഹൈക്കോടതിയിൽ നിന്നും വരുന്ന നിയമ വ്യാഖ്യാനങ്ങൾ ഇമ്പ്ലിമെന്റിംഗ് ഏജൻസി സമയാസമയങ്ങളിൽ അറിയിക്കണം. അങ്ങനെ വന്നാൽ സ്റ്റാറ്റ്യൂട്ടറി ഏജൻസി പ്രവർത്തനം ഫലപ്രദമാകും.
17. അബ്കാരി ആക്ടിൽ നിന്നും കള്ള് വ്യവസായത്തെ മാറ്റി ടോഡി ആക്ടിലേക്ക് കൊണ്ടുവരണം.
18. 1മുതൽ 4, 5 ക്ലാസിഫിക്കേഷനുള്ള റെസ്റ്റോറന്റിൽ ടോഡി പാർലർ അനുവദിക്കാവുന്നതാണ്.
19. 53A പ്രകാരം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ആണ് ഇൻവെന്ററി തയ്യാറാക്കേണ്ടതാണ്. അതിന് മാറ്റം വരുത്തണം.
20. വാഷ്, നശിപ്പിക്കാൻ പറ്റാത്തതുള്ള ബുദ്ധിമുട്ടുകൾ ഉദ്യോഗസ്ഥർ അനുഭവിക്കുന്നു. അതിനുള്ള ഭേദഗതി വരുത്തണം.
21. NDPSആക്ട് നോട്ടിഫൈ ചെയ്യാത്ത Drugs Intoxicating Drugs ൽ പെടുത്തി കേരള സർക്കാർ നോട്ടിഫൈ ചെയ്യുന്ന ഭേദഗതി കൊണ്ടുവരണം.
22. M&TP ആക്ടിൽ കേരള ഗവണ്മെന്റ് ഒരു സമഗ്ര നിയമം കൊണ്ടുവരണം.
23. നിയമപ്രകാരം എല്ലാമാസവും ഒന്നാം തീയതി ഏർപ്പെടുത്തിയിരുന്ന ഡ്രൈഡേ നിർത്തലാക്കണം. ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ബാറുകളുടെ ശൈലി ടൂറിസം മേഖലയ്ക്ക് പുറത്തുള്ള ബാറിനും തുല്യമാക്കണം.
24. അബ്കാരി ആക്ട് 54 A പ്രകാരം പൂരങ്ങൾ, ഉത്സവങ്ങൾ എന്നിവയ്ക്ക് ക്രമസമാധാന പ്രശ്നം ഉന്നയിച്ച് സ്ഥാപനങ്ങൾ അടച്ചിടുന്ന പ്രവണത

നിലവിലുണ്ട്.ലൈസൻസ് സ്ഥാപനങ്ങൾ അടച്ചിടുമ്പോൾ അനധികൃത മദ്യവില്പനയും മറ്റും കൂടി വരാനുള്ള സാധ്യതയാണ് കാണുന്നത്. ആയതിനാൽ ഇത് അശാസ്ത്രീയമാണ് പൂരങ്ങളും മത്സരങ്ങളും നടക്കുമ്പോൾ ലൈസൻസ് പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കാനുള്ള അനുമതി നൽകണം.

25. ചില സാഹചര്യങ്ങളിൽ ബാറുകളിൽ ഗ്രൂപ്പ് ആയിട്ട് മദ്യം കഴിക്കുന്നതിനായി ആളുകൾ വരുന്നത്.ടി സാഹചര്യത്തിൽ പെഗ് കണക്കിന് മദ്യം കൊടുക്കുന്നത് പ്രായോഗികമല്ല.ടി സാഹചര്യത്തിൽ ബോട്ടിൽ ആയി മദ്യം നൽകുന്നതിനുള്ള സാഹചര്യം നിയമം മൂലംനടപ്പാക്കിലാക്കേണ്ടതാണ്.

26. കേരളത്തിൽ ഉദ്പാദിപ്പിക്കുന്ന മദ്യം കേരളത്തിലെ പട്ടാളക്കാർക്ക് കൊടുക്കാൻ ഭേദഗതി വേണം.

27. അബ്കാരി ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുന്നത് കൂടുതൽ സുതാര്യമാക്കണം.

28. ബിയർ സ്ട്രെങ്ത് 8% ആക്കുന്നത് പരിഗണിക്കണം.

29. ലിക്കർ സാമ്പിൾ എക്സൈസ് ഉദ്യോഗസ്ഥർ കൊണ്ടു പോകുന്ന രീതി ഒഴിവാക്കണം.

30. കഞ്ചാവ് , ഹെറോയിൻ , ഹാഷിഷ് ഓയിൽകൊമേഴ്സ്യൽ ക്വാണ്ടിറ്റി,മീഡിയം ക്വാണ്ടിറ്റി,സ്മാൾ ക്വാണ്ടിറ്റി അളവ് കുറയ്ക്കണം.

31. എക്സൈസ് ഉദ്യോഗസ്ഥർ കേസുകൾ കണ്ടെടുക്കുമ്പോൾMDMA മെത്താഫിറ്റമിനാകുന്ന പ്രശ്നമുണ്ട്.ആയത് ഒഴിവാക്കാൻ സ്പോട്ടിൽ വെച്ച് പരിശോധനാകിറ്റ് ഉപയോഗിക്കണം.

32. Sec 55A,58 എന്നിവയുടെ ശിക്ഷ ക്വാണ്ടിറ്റിക്ക് ആനുപാതികമായിരിക്കണം.

33. വനിത സിവിൽ എക്സൈസ് ഓഫീസർ പോസ്റ്റ് നോട്ടിഫൈ ചെയ്തിട്ടില്ല. ആയതിനാൽ അവരെ അബ്കാരി ഓഫീസറായി പരിഗണിക്കാൻ പറ്റില്ല. ആയതിന് മാറ്റം വരുത്തണം.

34. അബ്കാരി കേസുകൾ തീർപ്പാക്കുന്നതിനു വേണ്ടി ജില്ലാതലത്തിൽ ഡിസ്പോസൽ കമ്മിറ്റി വേണം.

# വിഷൻ 2031 സെമിനാറിൽ പാനൽ ചർച്ചകൾക്ക് ശേഷം ലഭ്യമായ കൂടുതൽ ആശയങ്ങൾ

## ഫീൽഡ് ഓഫീസുകൾ

### ഓഫീസ് കെട്ടിടങ്ങൾ

നിലവിൽ എക്സൈസ് വകുപ്പിൽ നിരവധി ഓഫീസുകൾ വാടക കെട്ടിടങ്ങളിൽ ആണ് പ്രവർത്തിച്ച് വരുന്നത് ആയതിൽ പലതും സ്ഥല പരിമിധിയും കെട്ടിടത്തിന്റെ കേട്ടുപാടുകൾ ഉള്ളതായി കാണുന്നു. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകളും സ്ഥലം കണ്ടെത്തി സ്വന്തമായി കെട്ടിടത്തിലേക്ക് മരുന്ന് കാര്യക്ഷമതയും വകുപ്പിന്റെ പ്രതിശ്ചായയും വർധിപ്പിക്കാൻ ഇടയാക്കും.

### ഓഫീസുകളുടെ വിഭജനം

നിലവിൽ അധികാര പരിധിയിൽ കൂടുതലുള്ള എക്സൈസ് ഓഫീസുകൾ നിലവിലുള്ള ഓഫീസുകളെ വിഭജിച്ച് പുതിയ ഓഫീസുകൾ സ്ഥാപിക്കുന്നതിന് സർക്കാരിലേക്ക് പദ്ധതി രൂപരേഖ നൽകിയിട്ടുള്ളതാണ്. ആയത് നടപ്പാക്കുന്നത് കുറ്റകൃത്യങ്ങൾ അമർച്ച ചെയ്യുന്നതിനും, വിമുക്തി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സഹായകമാകും.

### ക്രൈം ബ്രാഞ്ച്

എക്സൈസ് വകുപ്പ് കണ്ടെടുക്കുന്ന മേജർ അബ്കാരി കേസുകളും കൊമേഴ്സ്യൽ ക്വാണ്ടിറ്റി NDPS കേസുകളും തുടരന്വേഷണം നടത്തുമ്പോൾ പ്ര തികൾ പലപ്പോഴും അന്തർ സംസ്ഥാന, അന്തർ ദേശീയ ബന്ധമുള്ളവരായിരിക്കും. ഇത്തരം കേസു കളുടെ അന്വേഷണം ഓഫീസിന്റെ പരിധിവിട്ട് മറ്റു ജില്ലകളിലേയ്ക്കോ സംസ്ഥാനങ്ങളിലേയ്ക്കോ വ്യാപിപ്പിക്കേണ്ടി വരും ചിലപ്പോൾ രാജ്യത്തിനു പുറത്തേയ്ക്കും അന്വേഷണം നടത്തേണ്ടി വരുന്നുണ്ട്. കേരളത്തിൽ പിടിച്ചെടുക്കുന്ന ഗഞ്ചാവിന്റെ ഉറവിടം അധികവും ആന്ധ്രാപ്രദേശ്, ഒഡീഷ തുടങ്ങിയ സംസ്ഥാനങ്ങളാണ്. അതുപോലെMDMA പോലുള്ള രാസലഹരി വസ്തുക്കൾ ഗോവ, ബാംഗ്ലൂർ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നാണ് ഇവിടെ എത്താറുള്ളത്. സർക്കാർ എക്സൈസ് ക്രൈംബ്രാഞ്ച്എന്ന അന്വേഷണ വിഭാഗം രൂപവൽക്കരിച്ചിരുന്നു.എറണാകുളം ആസ്ഥാനമായുള്ള എക്സൈസ് ക്രൈംബ്രാഞ്ചിഭാഗത്തിന് സംസ്ഥാന തലത്തിൽ ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറും മധ്യ മേഖലയിൽ ഒരു അസി. എക്സൈസ് കമ്മീഷണവും ദക്ഷിണ, ഉത്തര മേഖലകളിലായി രണ്ട് എക്സൈസ് സർക്കിൾ ഇൻസ്പെക്ടറും ദക്ഷിണ, മധ്യ ഉത്തര മേഖലകളിലായി മൂന്ന് പ്രിവന്റീവ് ശാഫീസർമാരും മൂന്ന് സിവിൽ എക്സൈസ് ഓഫീസർമാരും മൂന്ന് സിവിൽ എക്സൈസ് ഓഫീസർ

ഡ്രൈവർമാരും ഉൾപ്പടെ ആകെ 13 തസ്തികകൾ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. നിലവിൽ നൂറിൽപ്പരം കേസുകളാണ് ക്രൈംബ്രാഞ്ച് അന്വേഷിച്ചു കൊണ്ടിരിക്കുന്നത്. കേസന്വേഷണം പൂർത്തിയാക്കുന്നതിന് കാലതാമസം വരുമ്പോൾ തെളിവുകൾ നഷ്ടപ്പെടുന്നതിനും നശിപ്പിക്കപ്പെട്ട അതിനും യഥാർത്ഥ പ്രതികൾ രക്ഷപ്പെടുന്നതിനും സാധ്യത വളരെ കൂടുതലാണ്. അന്വേഷണം വൈകുന്നത് കേസിനെ ദുർബലപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഇതൊഴിവാക്കി ശരിയായ ദിശയിലും സമയബന്ധിതമായും അന്വേഷണം നടത്തുന്നതിന് മേഖലാ തലത്തിൽ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ കീഴിലും ജില്ലാതലത്തിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ കീഴിലും എക്സൈസ് ക്രൈംബ്രാഞ്ച് വിംഗ് രൂപീകരിക്കേണ്ടതുണ്ട്.

## തീരദേശ എക്സൈസ് (Coastal Excise)

കടൽ മാർഗ്ഗം ലഹരിവസ്തുക്കളും, മയക്കുമരുന്നുകളും, വ്യാജമദ്യവും കടത്തുന്നത് തടയാൻ നിലവിലുള്ള സാഹചര്യത്തിൽ എക്സൈസ് വകുപ്പിന് യാതൊരുവിധ സൗകര്യങ്ങളുമില്ലാത്തതിനാൽ ഇത്തരത്തിലുള്ള കടത്തുകൾ വർദ്ധിക്കുന്നതായാണ് ഇന്റലിജൻസ് ഏജൻസികൾ നൽകിവരുന്ന വിവരം ഈ സാഹചര്യത്തിൽ കടലിലും കടലിന്റെ തീരദേശങ്ങളും കേന്ദ്രീകരിച്ച് എൻഫോഴ്സ്മെന്റെ പ്രവർത്തനവും ബോധവൽക്കരണ പ്രവർത്തനവും ശക്തിപ്പെടുത്തി ഇത്തരത്തിലുള്ള കടത്തുകൾ തടയുന്നതിന് തീരദേശ എക്സൈസ് ഓഫീസ് അനുവദിക്കേണ്ടത് വളരെ അത്യന്താപേക്ഷിതമാണ്.

## എക്സൈസ് ചെക്ക് പോസ്റ്റ്

മദ്യവും മയക്ക മരുന്നുകളും ഇതര സംസ്ഥാനങ്ങളിൽ നിന്ന് കടത്തി ക്കൊണ്ടു വരുന്നത് പ്രധാനമായും റോഡുമാർഗ്ഗമാണ്. മറ്റു സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ലകളിൽ പ്രവേശന കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഏക്സൈസ് ചെക്ക്പോസ്റ്റുകളാണ് ഇപ്പോഴുള്ള പ്രധാന പരിശോധനാ സംവിധാനം: സംസ്ഥാനത്താകെ ഇത്തരത്തിൽ അഞ്ച് മേജർ ചെക്ക് പോ സ്റ്റുകളും 36 മൈർ ചെക്ക് പോസ്റ്റുകളുമാണ് നില വിലുള്ളത്. ചെക്ക്പോസ്റ്റ് സ്ഥാപിച്ചിട്ടില്ലാത്ത ചെറുതും വലുതുമായ നിരവധി റോഡുകൾ മറ്റു സംസ്ഥാനങ്ങളെ കേരളവുമായി ബന്ധിപ്പിക്കുന്നുണ്ട് നിലവിലുള്ള ചെക്ക്പോസ്റ്റുകളിൽ അതു വഴി കടന്നുപോകുന്ന വാഹനങ്ങളുടെ ശരാശരി എണ്ണത്തിനനുസരിച്ചല്ല അംഗബലം സൃഷ്ടിച്ചിട്ടുള്ളത്. മൈനർ ചെക്ക്പോസ്റ്റുകളിൽ ഒരു സമയം ഒന്നോ രണ്ടോ ജീവനക്കാർ മാത്രമേ ഡ്യൂട്ടിക്ക് ഉണ്ടാകാറുള്ളൂ. ഒട്ടേറെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണ് ചെക്ക്പോസ്റ്റുകളിൽ ജീവനക്കാർ പ്രവൃത്തിയെടുക്കുന്നത്. ഇത്തരം ഭൗതിക ചുറ്റുപാടുകളിൽ നിന്നുകൊണ്ട് ചെക്ക്പോസ്റ്റുകൾ വഴി കടന്നുപോകുന്ന മുഴുവൻ വാഹനങ്ങളും പിഴവില്ലാത്തവിധം പരിശോധനയ്ക്ക് വിധേയമാക്കുക എന്നുള്ളത് അസാധ്യമാണ്. അപ്പോഴവിടെ തെരഞ്ഞെടുക്കപ്പെട്ട വാഹനങ്ങളോ രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിലുള്ള വാഹനങ്ങളോ മാത്രമാണ് പൂർണ്ണമായി പരിശോധിക്കുവാൻ സാധിക്കുന്നത്. ചെറുതും വലുതുമായ

അനേകം വാഹനങ്ങൾ യാതൊരു പരിശോധനയും കൂടാതെ ചെക്ക്പോസ്റ്റുകൾ ഉള്ളതും ഇല്ലാ ത്തതുമായ റോഡുകളിലൂടെ കേരളത്തിലേയ്ക്ക് കടന്നുവരുന്നുണ്ട്. നിലവിലുള്ള ചെക്ക്പോസ്റ്റുകൾ ശക്തിപ്പെടുത്തുക കൂടുതൽ ജീവനക്കാരെയും ആധുനിക പരിശോധനാ സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നതാണ് പോംവഴി. ചെക്ക് പോസ്റ്റ് കടന്നു വരുന്ന വാഹനത്തിന്റെയും നമ്പർ പ്ലേറ്റുകൾ ക്യാമറ ഉപയോഗിച്ച് ഡിറ്റക്ട് ചെയ്യുകയും രജിസ്റ്റർ നമ്പർ ഒരു സോഫ്റ്റ്വെയർ സഹായത്തോടെ ഡാറ്റ ബേസിലേക്ക് ശേഖരിക്കുകയും വേണം. ഏത് വാഹനം എത്ര മണിക്ക് ഏത് ചെക്ക്പോസ്റ്റ് വഴി കടന്നു വന്നുവെന്ന് ആപ്ലിക്കേഷനിൽ വാഹനത്തിന്റെ രജിസ്റ്റർ നമ്പർ വച്ച് സേർച്ച് ചെയ്ത് കണ്ടെത്താൻ കഴിയണം. ടി ഡാറ്റാബേസ് ഉപയോഗിച്ച് വാഹനങ്ങളുടെ വാഹനങ്ങൾ വരവും തിരികെ പോകുന്നതും മോണിറ്റർ കൂടുതൽ ചെയ്യാൻ സാധിക്കും. കൂടാതെ ചെക്ക് പോസ്റ്റ് ജീവനക്കാർക്ക് കാര്യക്ഷമമായി പരിശോധിക്കുവാനും കഴിയുന്നതാണ്.

## ഹൈവേ പട്രോളിംഗ്.

അതിർത്തികൾക്കും അല്ലാതെയും  പട്രോളിലെ യൂണിറ്റുകളുണ്ടെങ്കിൽ 40% ൽ കുറയാതെ വാഹനങ്ങൾ പരിശോധനയ്ക്കു വിധേയമാക്കാവുന്നതാണ്.  കൂടുതൽ വാഹനങ്ങൾ പട്രോളിംഗ് ഡ്യൂട്ടിയ്ക്കായി അനുവദിക്കണം

## എക്സൈസ് സൈബർ വിഭാഗം

ഒരു കമ്പ്യൂട്ടർ അല്ലെങ്കിൽ കമ്പ്യൂട്ടർ നെറ്റ്വർക്ക് ഉപയോഗിച്ച് നടത്തപ്പെടുന്ന കുറ്റകൃത്യമാണ് സൈബർ ക്രൈം. കുറ്റകൃത്യം ചെയ്യാൻ കമ്പ്യൂട്ടർ ഉപയോഗിച്ചിരിക്കാം, അല്ലെങ്കിൽ അത് ലക്ഷ്യമാകാം. സൈബർ കുറ്റകൃത്യങ്ങൾ ഒരാളുടെ സുഭയെയും, സാമ്പത്തിക സ്ഥിതിയെയും ദോഷകരമായി ബാധിക്കുന്നതാണ്.വിവിധ സ്രോതസ്സുകൾ പ്രകാരം മരുന്നുകളുടെ ഓൺലൈൻ വ്യാപാരം അതിവേഗം വളരുകയാണ്. വെബ് സാങ്കേതികവിദ്യകളിലെ സമീപകാല വികാസങ്ങൾ നിയമവിരുദ്ധമായ പദാർത്ഥങ്ങൾക്കായി ഒരു പുതിയ ആഗോള ഓൺലൈൻ ബ്ലാക്ക് മാർക്കറ്റിനെ സൃഷ്ടിച്ചി ട്ടുണ്ട്. പുതിയ അജ്ഞാത മാർക്കറ്റ് സ്ഥലങ്ങളായ സിൽക്ക് റോഡ്, ബ്ലാക്ക് മാർക്കറ്റ് റിലോഡഡ് എന്നിവ ഇത്തരം മാതൃകാ വ്യതിയാനത്തെ അടയാളപ്പെടുത്തുന്നതാണ്.

സൈക്കോ ആക്റ്റീവ് പദാർത്ഥത്തിന്റെ ഓൺലൈൻ ഇന്ന് അതിവേഗം വളരുന്ന ക്രിമിനൽ രൂപങ്ങളിലൊന്നാണ് സൈബർ കുറ്റകൃത്യം. ആഗോളതലത്തിൽ അതിന്റെ ലാഭം അന്താരാഷ്ട്ര നിയമവിരുദ്ധ മയക്കുമരുന്ന് ബിസിനസ്സിനെയുംവിപണിയുടെ ആകെ വലുപ്പം അജ്ഞാതമാണ്. എന്നാൽ ഇത് വികസിക്കുന്നുവെന്ന് നിരവധി സൂചകങ്ങൾ ചൂണ്ടിക്കാട്ടുന്നു.വിൽപ്പന ആരാണ് നടത്തുന്നതെന്നോ തിരിച്ചറിയാൻ സാധിക്കുന്നില്ല. നിയമവിരുദ്ധമായ വസ്തുക്കളുടെ ഓൺലൈൻ വിപണി മൊത്തം മയക്കുമരുന്ന് വിപണിയുടെ ഒരു ഭാഗമാണെങ്കിലും അതിന്റെ ശ്രുതഗതിയിലുള്ള വളർച്ച പ്രത്യേക ശ്രദ്ധ ആവശ്യപ്പെടുന്നു. അന്തർദേശീയമായി ചാരവൃത്തി, മോഷണം, അതിർത്തി

കടന്നുള്ള കുറ്റകൃത്യങ്ങൾ, ഡാർക്ക്നെറ്റിന്റെ ഇരുണ്ട ഇടനാഴികളിലൂടെയുള്ള ലഹരി വ്യാപാരം എന്നിവയുൾപ്പെടെയുള്ള സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരികയാണ് അന്താരാഷ്ട്ര അതിർത്തികൾ കടക്കുന്ന സൈബർ കുറ്റകൃത്യങ്ങളെ സൈബർ വാർഫെയർ എന്ന് വിളിക്കാറുണ്ട്.

നിലവിൽ ടവർ ലൊക്കേഷൻ, CDR എന്നിവ പോലീസ് വകുപ്പിന് അപേക്ഷ നൽകിയാണ് ലഭ്യമാക്കുന്നത്. ആയത് കേസ് കണ്ടെടുക്കുന്നതിനു കാലതാമസവും, കേസ് അന്വേഷണത്തിൽ വലിയ രീതിയിലുള്ള ബുദ്ധിമുട്ടും ഉണ്ടാക്കും. ആയത് ഒഴിവാക്കുന്നതിന് എക്സൈസ് വകുപ്പിന് സ്വന്തമായി ഒരു സൈബർ വിംഗ് അല്ലെങ്കിൽ പോലീസിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിൽ ഒരു യൂണിറ്റ് സ്ഥാപിക്കാവുന്നതാണ്. ഇപ്രകാരം സൈബർ വിങ്ങിന്റെ രൂപീകരണത്തിലൂടെ അന്തർ സംസ്ഥാന മയക്കുമരുന്ന് കേസുകൾ കണ്ടെടുക്കുവാനും, കേസുകളുടെ അന്വേഷണം സമയ ബന്ധിതമായി തീർപ്പാക്കി കുറ്റപത്രം സമർപ്പിക്കാനും സഹായകരമാകും. കൂടാതെ ഡാർക്ക് വെബ് വഴിയുള്ള മയക്കുമരുന്ന് കടത്തും, സോഷ്യൽ മീഡിയ വഴിയുള്ള മയക്കുമരുന്ന് കച്ചവടത്തിനും തടയിടാൻ സഹായകരമാകും.

## വെഹിക്കിൾയാർഡ്

ഓരോ വർഷവും പിടിച്ചെടുക്കുന്ന വാഹനങ്ങൾ എക്സൈസ് വകുപ്പിന് മറ്റൊരു പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. പിടിച്ചെടുക്കുന്ന വാഹനങ്ങൾ സർക്കാരിലേയ്ക്ക് കണ്ടുകെട്ടി, ലേലം ചെയ്ത്, ലേലത്തിലൂടെ സ്വന്തമാക്കുന്നവർ അവ ഏറ്റെടുക്കുന്നതുവരെ പ്രസ്തുത വാഹനങ്ങൾ സൂക്ഷിക്കുക എന്നുള്ളതാണ് സംസ്ഥാനത്തെ ഭൂരിഭാഗം ഓഫീസുകളും പ്രവർത്തിക്കുന്നത് വാടകക്കെട്ടിടങ്ങളിലാണ്. ഇത്തരം കെട്ടിടങ്ങളുടെ അകത്തും പുറത്തുമുള്ള സ്ഥലപരിമിതി വകുപ്പ് നേരിടുന്ന രൂക്ഷമായ പ്രശ്നമാണ്. തൊണ്ടി വാഹനങ്ങൾ സുരക്ഷിതമായും കേടുപാടുകൾ വരാതെയും സൂക്ഷിക്കുന്നതിനായി ഓരോ ജില്ലയിലും ഓരോ വെഹിക്കിൾയാർഡ് സ്ഥാപിക്കേണ്ടതാണ്. ജില്ലകളിലെ ഒഴിഞ്ഞ ഭാഗങ്ങളിൽ ഇത്തരം യാർഡുകൾ സ്ഥാപിച്ചാൽ പൊതുജനങ്ങളുടെ സ്വതന്ത്ര സഞ്ചാരത്തിന് അസൗകര്യമുണ്ടാക്കുന്ന വിധത്തിലുള്ള പാർക്കിംഗ് ഒഴിവാക്കാവുന്നതാണ്. ആളൊഴിഞ്ഞതും കാടുകയറിക്കിടക്കുന്നതുമായ ഇത്തരം ഒറ്റപ്പെട്ട സ്ഥലങ്ങൾ കുറ്റവാളികളുടെ താവളമാക്കുന്നതും തടയാവുന്നതാണ്. മാത്രമല്ല, ജില്ലയിലെ വിവിധ ഓഫീസുകളിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ പൊതുവായ ഒരു സ്ഥലത്ത് സൂക്ഷി ക്കുമ്പോൾ ലേലത്തിൽ പങ്കെടുക്കുന്നവർക്ക് പ്രസ്തുത വാഹനങ്ങളെ നേരിട്ടുകണ്ട് വിലയിരുത്തുന്ന

## രാസപരിശോധനാ സംവിധാനം (Chemical Lab)

രാസ പരിശോധന ഫലം വൈകുന്നത് കൊണ്ട് മയക്കുമരുന്ന് കേസുകളിലെ പ്രതികൾക്ക് ജാമ്യം ലഭിക്കുകയും കേസുകളിൽ നിന്ന് കുറ്റവാളികൾ രക്ഷപെടുന്ന സാഹചര്യവും നിലവിലുണ്ട്. നിലവിൽ തിരുവനന്തപുരം, എറണാകുളം. കോഴിക്കോട്

എന്നീ ജില്ലകളിൽ മാത്രമാണ് റിജിയണൽ കെമിക്കൽ ലാബുകൾ പ്രവർത്തിച്ചു വരുന്നത്. NDPS Sampling rule 2023 പ്രകാരം ഒരു മയക്കുമരുന്ന് കേസ് കണ്ടെടുത്ത് കഴിഞ്ഞാൽ പരമാവധി 15 ദിവസത്തിനുള്ളിൽ രാസപരിശോധന ഫലം ലഭ്യമാക്കേണ്ടതുണ്ട്. ചുരുങ്ങിയത് രണ്ടു ജില്ലയ്ക്ക് വീതം ഒരു കെമിക്കൽ ലബോറട്ടറി സ്ഥാപിച്ചു കഴിഞ്ഞാൽ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്

## പ്രതികളുടെ Biometric Database

എക്സൈസ് കേസുകളിൽ പിടിക്കപ്പെടുന്ന പ്രതികൾ വിവിധ സംസ്ഥാനങ്ങളിലും മറ്റുള്ള ജില്ലകളിലും സമാനമായ കുറ്റകൃത്യം ആവർത്തിക്കുവാൻ സാധ്യത വളരെയധികമാണ്. ആയതിനാൽ എല്ലാ പ്രതികളുടെയും വിവരങ്ങൾ ശേഖരിച്ച് ഏകീകൃത സ്വഭാവത്തോട് കൂടിയതും, പെട്ടന്ന് പ്രതികളെജിയാന്റെ ബയോമെടിക് വിവരങ്ങൾ വച്ച് സേർച്ച് ചെയ്യുന്നതിലൂടെ പ്രതികളിടെ വിവരങ്ങൾ ലഭിക്കുന്നതാണ്.

## എക്സൈസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്

പാസ്പോർട്ടിന് അപേക്ഷിക്കുമ്പോൾ അപേക്ഷകൻ പോലീസിൽ നിന്ന് ഒരു ക്ലിയറൻസ് സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കേണ്ടതുണ്ട്. ഈ സർട്ടിഫിക്കറ്റ് തുടർന്ന് കൃത്യമായ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ എക്സൈസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് സർട്ടിഫിക്കറ്റ് കൂടി ഏർപ്പെടുത്തുന്നത് ആലോചിക്കാവുന്നതാണ്. അതുപോലെ ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനു ലഹരി കേസുകളിൽ ഉൾപ്പെട്ടിട്ടില്ല എന്ന സർട്ടിഫിക്കറ്റ് കൂടി നിർബന്ധമാക്കണം .

## ബോധവൽക്കരണ വിഭാഗവും വിമുക്തിയും

വിമുക്തി മിഷൻ പ്രവർത്തനങ്ങൾ പ്രധാനമായും 3 ഘട്ടങ്ങൾ ആയാണ് നടപ്പാക്കി വരുന്നത്. ബോധവൽക്കരണം, കൌൺസിലിംഗ്, ലഹരിമുക്ത ചികിത്സ എന്നിങ്ങനെയാണ് വിമുക്തിയുടെ പ്രവർത്തനങ്ങൾ. ഈ മൂന്ന് മേഖലകളിലും നിലവിലുള്ള പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുകയും, പുനരധിവാസത്തിന് സജ്ജീകരങ്ങൾ ഏർപെടുത്തുകയും പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും വേണം. ആയതിന് വിമുക്തിയെ മിഷന് എന്നുള്ള പദ്ധതിയിൽ നിന്നും മാറ്റി എക്സൈസ് വകുപ്പിന്റെ ഭാഗമാക്കുകയും കൂടുതൽ ഫണ്ട് വിമുക്തി പ്രവർത്തനങ്ങൾക്കായി വകയിരുത്തുകയും വേണം.

ഓരോ ജില്ലയിലും വിമുക്തി പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ടി എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ, പ്രിവന്റീവ് ഓഫീസർ, സിവിൽ എക്സൈസ് ഓഫീസർ എന്നിവർ ഉൾപ്പെടുന്ന ഇരുപത് അംഗ vimukthi സ്ക്വാഡ് രൂപീകരിക്കാവുന്നതാണ് .

## വിമുക്തി ബ്രാൻഡ്

ലഹരിമുക്തമായ സമൂഹം എന്ന ലക്ഷ്യത്തോടെ ആരംഭിച്ച വിമുക്തി പദ്ധതി ഇന്ന് കേരളത്തിന്റെ ലഹരിവിരുദ്ധ സാമൂഹിക നവോത്ഥാനത്തിന്റെ പ്രതീകമായി വളർന്നിട്ടുള്ളതാണ്. ലഹരി ഉപയോഗത്തിന്റെ ദോഷങ്ങളെ കുറിച്ചുള്ള ബോധവൽക്കരണത്തിൽ നിന്നും, സാമൂഹിക ഉത്തരവാദിത്വം വളർത്തുന്ന പ്രവർത്തനങ്ങളിലേക്ക് വിപുലീകരിക്കപ്പെട്ട വിമുക്തി പദ്ധതിയെ കൂടുതൽ ശക്തമായ ഒരു സാമൂഹിക-ആത്മീയ പ്രചോദനമായി മാറ്റുന്നതിനും, സമൂഹത്തിന്റെ എല്ലാ തലങ്ങളിലേക്കും എത്തിക്കുന്നതിനുമായി, "വിമുക്തി"യെ ഒരു ബ്രാൻഡ് ആയി രൂപപ്പെടുത്തുന്നത് അനിവാര്യമായി കണക്കാക്കുന്നു.

**ലക്ഷ്യം**

1. **"വിമുക്തി"യെ ഏകീകൃത ദൃശ്യ-ശ്രാവ്യ ഐഡന്റിറ്റിയോടുകൂടിയ ബ്രാൻഡായി വികസിപ്പിക്കുക.**

2. **ലഹരിവിരുദ്ധ ബോധവൽക്കരണത്തെ നൂതനമായ മാർക്കറ്റിംഗ് തന്ത്രങ്ങൾ വഴി ജനങ്ങളിലേക്ക് എത്തിക്കുക.**

3. **യുവതലമുറയെ പ്രചോദിപ്പിക്കുന്ന, അവരുടെ ജീവിതരീതിയിലേക്കു ചേർന്ന ബ്രാൻഡ് പ്രതിച്ഛായ സൃഷ്ടിക്കുക.**

4. **സർക്കാരിന്റെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് ഏകീകൃത മുഖച്ഛായ നൽകുക.**

5. **വിമുക്തി ബ്രാൻഡ് ആയി തൊപ്പി , ടീ ഷർട്ട് , റിസ്റ്റ് ബാൻഡ് , സ്പോർട്സ് ഉപകരണങ്ങൾ എന്നിവ വ്യാവസായിക അടിസ്ഥാനത്തിൽ നേരിട്ടോ അല്ലാതെയോ നിർമ്മിയ്ക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.**

6. **ബ്രാൻഡ് ലോഗോ സ്പോൺസർഷിപ്പുകൾക്ക് നൽകുക.**

## ബാല സൗഹൃദവും ശിശുകേന്ദ്രീകൃതവുമായ പദ്ധതികൾ

### ബാല്യം അമൂല്യം

കുട്ടികളുടെ സ്വഭാവ രൂപീകരണത്തിനും, ജീവിത നൈപുണ്യങ്ങൾ സ്വായത്തമാക്കുന്നതിനും കുട്ടികളെ സഹായിക്കുന്നതിനും പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളുടെ രക്ഷിതാക്കളെയും അദ്ധ്യാപകരെയും ഉൾപ്പെടുത്തി നടപ്പാക്കിയ എക്സൈസ് വകുപ്പ് വിമുക്തി മിഷന്റെ ഭാഗമായി നടപ്പാക്കിയ പദ്ധതിയാണ് ബാല്യം അമൂല്യം. 140 സ്കൂളുകളിൽ മാത്രമേ ഈ പദ്ധതി നടപ്പാക്കാൻ സാധിച്ചിട്ടുള്ളൂ. ചെറിയ പ്രായം മുതൽക്കു തന്നെ കുട്ടികളിൽ ലഹരിവിരുദ്ധ വിദ്യാഭ്യാസം നൽകുന്നതിനും, എന്തൊക്കെ ചെയ്യരുത് എന്നതിന് പകരം എന്താണ് ചെയ്യേണ്ടത് എന്ന ബോധ്യം കുട്ടികൾ ആർജ്ജിക്കുന്നതിനും സഹായകമാകുന്ന ടി പദ്ധതി വിദ്യാഭ്യാസ വകുപ്പിന്റെയും മറ്റ് വകുപ്പുകളുടെയും

സഹകരണത്തോടെ വരുന്ന 5 വർഷത്തിനുള്ളിൽ സംസ്ഥാനത്തെ പ്രൈമറി തലത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപപനങ്ങളിലും നടപ്പാക്കണം. (വിശദമായ പ്രൊപോസൽ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## അനിമേഷൻ / വെബ് സീരീസുകൾ /ഗെയിമുകൾ

ആധുനിക കാലഘട്ടത്തിൽ ഇന്റർനെറ്റും മൊബൈൽ ഫോണും ഒഴിവാക്കാൻ സാധിക്കാത്ത വിവര സാങ്കേതിക ഉപകരണങ്ങൾ ആണ് . പ്രൈമറി കാലഘട്ടത്തിലുള്ള കുട്ടികൾ കൂടുതലായി ഇഷ്ടപ്പെടുന്ന ഒരു വിനോദമാണ് കാർട്ടൂൺ വീഡിയോകൾ . കുട്ടികളുടെ ഇഷ്ട കഥാപാത്രങ്ങളെ ഉപയോഗിച്ച് മൂല്യബോധവും ഗുണപരവുമായ സന്ദേശങ്ങൾ ഉൾപ്പെടുത്തി ഇത്തരം ഇത്തനം അനിമേഷൻ വീഡിയോകൾ തയ്യാറാക്കി വിമുക്തി യൂട്യൂബ് ചാനൽ വഴിയും മറ്റും സംപ്രേക്ഷണം ചെയ്യുന്നത് കുട്ടികളെ ആകർഷിക്കുന്നതിനും കുട്ടികളുടെ സ്വഭാവ രൂപീകരണത്തിൽ മെച്ചപ്പെട്ട ഇടപെടൽ നടത്തുന്നതിനും സാധിക്കും. ഇത്തരം അനിമേഷൻ വീഡിയോകൾ വിമുക്തി മീഡിയ സെല്ലിന്റെയും മറ്റും സഹായത്താൽ ബാല്യം അമൂല്യം പദ്ധതിയുടെ ഭാഗമായി തയ്യാറാക്കാവുന്നതാണ്.വിമുക്തിയുടെ ഭാഗമായി കുട്ടികൾക്കായി ഒരു അനിമേറ്റഡ് സൂപ്പർ ഹീറോ രൂപപ്പെടുത്തുക. ഈ പ്രായത്തിലുള്ള കുട്ടികളുടെ പ്രധാന ആകർഷണമാണ് "സൂപ്പർ ഹീറോസ്". തിന്മകൾക്കെതിരെ പോരാടുകയും നന്മയെ സംരക്ഷിക്കുകയും ചെയ്യുന്ന കഥാപാത്രങ്ങൾ കുട്ടികളുടെ മനസ്സിൽ പെട്ടെന്ന് ഇടം പിടിക്കുന്നു.

"ബാല്യം അമൂല്യം" പദ്ധതിയുടെ ഭാഗമായി കുട്ടികൾക്കായി കുട്ടികളുടെ പ്രായത്തിലുള്ള ഒരു അനിമേറ്റഡ് സൂപ്പർ ഹീറോ ഡിസൈൻ ചെയ്യാവുന്നതാണ്. ഭിക്ഷാടന മാഫിയകൾ , ലഹരി മാഫിയകൾ , ഗുണ്ടാ സംഘങ്ങൾ തുടങ്ങി തിന്മകളെ എതിർത്ത് , കുട്ടികളെ രക്ഷിക്കുകയും ഇത്തരം ദുഷ് പ്രവർത്തികൾ ചെയ്യുന്നവരെ നിയമത്തിന്റെ മുന്നിലും , നേരായ മാർഗ്ഗത്തിലേയ്ക്കും നയിക്കുന്ന ഒരു സൂപ്പർ ഹീറോ .

ഈ കഥാപാത്രത്തെ ഉപയോഗിച്ച് തിന്മകളെ എങ്ങനെ ഒഴിവാക്കാം എന്നതും എങ്ങനെ നന്മകൾ ചെയ്യാം എന്നതും കഥകളിലൂടെ അവതരിപ്പിക്കാവുന്നതാണ്. കാർട്ടൂൺ സീരീസുകൾ ആയും അനിമേഷൻ വീഡിയോകൾ വീഡിയോ ഗെയിമുകൾ ആയും കുട്ടികളുടെ ഇടയിൽ പ്രചരിപ്പിച്ച്, തെറ്റും ശരിയും തിരിച്ചറിയുന്നതിനും തെറ്റ് ചെയ്യുന്നവരെ നേർവഴിക്ക കൊണ്ടുവരുന്നതിനുള്ള ആവശ്യകതകൾ കുട്ടികളെ ബോധ്യപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്. വിമുക്തി മിഷന്റെയും എക്സൈസ് വകുപ്പിന്റെയും ഫെയിസ് ബുക്ക് , യുട്യൂബ് ചാനൽ , ടെലെഗ്രാം അക്കൌണ്ട് അന്നിവയും മുഖ്യധാരയിലുള്ള ചാനലുകളും ആയതിലേയ്ക്കായി പ്രയോജനപ്പെടുത്താവുന്നതാണ്.

## കളിയിടം ശരിയിടം

ലഹരിയിൽ നിന്ന് വിദ്യാർത്ഥികളെയും യുവാക്കളെയും മാറ്റി നിർത്തുന്നതിന് വേണ്ടി സർക്കാർ പുറമ്പോക്കുകളെ വിവിധ കായിക ഇനങ്ങൾ പരിശീലിക്കാവുന്ന മൈതാനങ്ങളാക്കി മാറ്റാവുന്നതാണ്. ലഹരിക്കെതിരെ കായിക ലഹരി എന്ന ആശയം ഉൾക്കൊണ്ട് കൊണ്ട് കായിക വകുപ്പ്, യുവജന വകുപ്പ്, വിമുക്തി മിഷൻ എന്നിവയുമായി ചേർന്ന് കുട്ടികൾക്കും യുവകൾക്കും കായിക പരിശീലനവും നൽകാവുന്നതാണ്. ഓപ്പൺ ജിം ഉൾപ്പെടെയുള്ള സൌകര്യങ്ങൾ ടി സ്ഥലങ്ങളിൽ നടപ്പാക്കാവുന്നതാണ്.

## റിലാക്സ്-RELACS ( Rest& Entertainment in Leisure times At Comfort Zones)

മയക്കുമരുന്നിനെതിരെ ഗെയിംസോണുകൾ പോസിറ്റീവ് സാമൂഹിക ഇടപെടലുകൾ പ്രോത്സാഹിപ്പിക്കാനും ആരോഗ്യകരമായ തിരഞ്ഞെടുപ്പുകൾ നടത്തുന്നതിൽ പരസ്പരം സഹകരിക്കാനും പിന്തുണയ്ക്കാനും കളിക്കാരെ പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിടുന്നു.കളിക്കാർക്ക് ചർച്ചകളിൽ ഏർപ്പെടാനും അനുഭവങ്ങൾ പങ്കിടാനും മയക്കുമരുന്ന് രഹിത ജീവിതശൈലിയോടുള്ള പ്രതിബദ്ധതയിൽ പരസ്പര പിന്തുണ നൽകാനും കഴിയും.

കലാകായിക വിനോദങ്ങൾ എല്ലാ പ്രായത്തിലുമുള്ള വ്യക്തികൾക്ക് വിനോദത്തിന്റെയും ഉന്മേഷത്തിന്റെയും അവസരങ്ങൾ നൽകുന്നു. ദൈനംദിന പ്രവർത്തനങ്ങളിൽ നിന്നുള്ള ഇടവേളകളിൽ ആളുകൾക്ക് വിശ്രമിക്കാനും ആസ്വദിക്കാനും ആസ്വാദ്യകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും ഇത്തരം വിശ്രമ വിനോദ കേന്ദ്രങ്ങൾ സഹായിക്കുന്നു. വ്യക്തികളെ ജീവിതത്തിലെ സമ്മർദ്ദങ്ങളിൽ നിന്ന് മോചിതരാകാനും കളിയുടെയും ആവേശത്തിന്റെയും ലോകത്ത് മുഴുകാനും സാധിക്കുന്നു. ലഹരി ഉൾപ്പെടെയുള്ള മോശപ്പെട്ട മാർഗ്ഗങ്ങളിലേക്ക് തിരിയാതെ ഒഴിവുസമയങ്ങൾ ക്രിയാത്മകമായി വിനിയോഗിക്കാനും ഇത്തരം കൂട്ടായ്മകളിലൂടെ സാധിക്കും .

## SOP (Standard Operating Procedure)

ബഹു.ഹൈക്കോടതി ജഡ്ജിമാരുടെ അധ്യക്ഷതയിൽ ചേർന്ന റീജിയണൽ ജ്യൂഡിഷ്യൽ കൊളോക്യത്തിന്റെ നിർദ്ദേശ പ്രകാരം, കുട്ടികളിലെ ലഹരി ദുരുപയോഗം ഇല്ലാതാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മറ്റ് വകുപ്പുകളുമായി ഏകോപിപ്പിച്ച് നടത്താൻ **ഒരു Standard Operating Procedure (SOP)** തയ്യാറാക്കിയിട്ടുള്ളതാണ്. കുട്ടികളിലെ ലഹരി ഉപയോഗം തിരിച്ചറിയുക, കുട്ടികൾക്കാവശ്യമായ കൌൺസിലിംഗ് നൽകുക, വിദ്യാലയങ്ങളിലും പരിസരത്തും ഉള്ള ലഹരിയുടെ കടന്നു വരവിനെ തടയുക, ലഹരിമുക്ത ചികിത്സ , ലഹരിയിൽ നിന്നും മുക്തരായ കുട്ടികളുടെ സംരക്ഷണം ഉറപ്പാക്കുക, എന്നിവ വിവിധ സർക്കാർ വകുപ്പുകളുടെയും സംവിധാനങ്ങളുടെയും ഏകോപനത്തോടെ നടപ്പാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. അതോടൊപ്പം സ്കൂളുകളിൽ നടപ്പിലാക്കുന്നതിന് വിവിധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഒരു വാർഷിക

പദ്ധതിയും തയ്യാറാക്കിയിട്ടുള്ളതാണ്. ഈ അദ്ധ്യയന വർഷം മുതൽ SOP പ്രകാരമുള്ള പ്രവർത്തനങ്ങളും , വാർഷിക പദ്ധതി പ്രകാരമുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുള്ളതുമാണ്. SOP (Standard Operating Procedure) അടിസ്ഥാനമാക്കി കൌൺസിലിംഗ് ,റിപ്പോർട്ടിംഗ് എന്നിവയിൽ സംസ്ഥാനതലത്തിലെ റിസോഴ്സ് അദ്ധ്യാപകർക്കായി പരിശീലനങ്ങളും നൽകി. പ്രസ്തുത SOP പ്രകാരമുള്ള പ്രവർത്തനങ്ങൾ എല്ലാ വകുപ്പുകളും ആരംഭിക്കുകയും വരുന്ന ഒരു വർഷത്തിനകം ആയത് പൂർണ്ണതോതിൽ സജ്ജമാക്കുകയും ചെയ്യണം .

## "നാശാമുക്ത് ന്യായ അഭിയാൻ"

ലഹരി വസ്തുക്കളെ പ്രതിരോധിക്കുക (Prevention), ലഹരി ഉപയോഗിക്കുന്ന കുട്ടികളെ തിരിച്ചറിഞ്ഞു കണ്ടെത്തുക (Identification), അവരുടെ സംരക്ഷണം ഉറപ്പാക്കുക (Rescue), ആവശ്യമായ പുനരധിവാസ സൗകര്യങ്ങൾ സജ്ജമാക്കുക (Rehabilitation) എന്നിങ്ങനെയുള്ള ഘട്ടങ്ങളിലൂടെയാണ് sop പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. അതിനോടൊപ്പം, വിദ്യാർത്ഥികൾക്കും യുവാക്കൾക്കും ഇടയിൽ ലഹരി സംബന്ധമായ വിഷയങ്ങളിൽ നിയമ അവബോധം, സഹകരണം, ഇടപെടൽ എന്നിവയെക്കുറിച്ച് ബോധാവാന്മാരാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തി ആരംഭിച്ച പദ്ധതിയാണ് **"നാശാമുക്ത് ന്യായ അഭിയാൻ"** എന്ന ബോധവൽക്കരണ ക്യാമ്പയിൻ. NELSA (National legal service authority) KeLSA (Kerala legal service authority) യുടെയും, കേരളസർക്കാരിന്റെയും, സംയുക്തമായ ഈ പരിപാടി , വിമുക്തി മിഷനാണ് സംഘടിപ്പിക്കുന്നത് . NELSA (National legal service authority) എല്ലാ സംസ്ഥാനങ്ങളിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതി ആദ്യമായി ഉദ്ഘാടനം ചെയ്തത് കേരളമാണ്. പ്രസ്തുത പദ്ധതിയ്ക്ക് കൃത്യമായ ഒരു രൂപരേഖ തയ്യാറാക്കുകയും ലഹരിക്കെതിരെയുള്ള നിയമാവബോധം പൌരൻറെഅവകാശമാക്കുകയും ചെയ്യണം .

**ഇത്തരം നേട്ടങ്ങൾക്കൊപ്പം തന്നെ കൂടുതൽ വിപുലമായ പ്രവർത്തനങ്ങൾ ബോധവൽക്കരണ മേഖലയിൽ പ്രാവർത്തികമാക്കേണ്ടതുണ്ട്.**

## സ്കൂൾ തലം

1. മയക്കുമരുന്ന് ഉപയോഗം തടയുന്നതിന് ഊന്നൽ നൽകിക്കൊണ്ട്, അപ്പർ പ്രൈമറി സ്കൂളുകൾ, ഹൈസ്കൂളുകൾ, ഹയർ സെക്കൻഡറി സ്കൂളുകൾ, കോളേജുകൾ എന്നിവയിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് നിലവിലുള്ള ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ വിലയിരുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.

2.സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പ്രായം കണക്കിലെടുത്ത് ബോധവൽക്കരണ പരിപാടികൾക്കായി സ്റ്റാൻഡേർഡ് മെറ്റീരിയലുകൾ സൃഷ്ടിക്കുക.

3. സ്കൂളുകളിലെയും കോളേജുകളിലെയും ക്ലബ്ബ് അധിഷ്ഠിത പ്രവർത്തനങ്ങളിൽ ലഹരി ഉപയോഗ പ്രതിരോധ പരിപാടികൾ സംയോജിപ്പിക്കുക, അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ എന്നിവരുമായി സഹകരിക്കുക.

4. സ്കൂൾ, കോളേജ് പരിസരങ്ങളിൽ നടപ്പാക്കൽ ശ്രമങ്ങൾ വർദ്ധിപ്പിക്കുകയും പട്രോളിംഗ് ശക്തമാക്കുകയും ചെയ്യുക.

5. രക്ഷാകർതൃ-അധ്യാപക സംഘടനകൾ (PTA) വഴി സ്കൂളുകളിലെ ലഹരി വിരുദ്ധ പരിപാടികളിൽ മാതാപിതാക്കളെ ഉൾപ്പെടുത്തുക.

6.മയക്കുമരുന്ന് ഉപയോഗമോ ദുരുപയോഗമോ നേരിടുന്ന കുട്ടികളെയും കൗമാരക്കാരെയും തിരിച്ചറിയാനും അഭിസംബോധന ചെയ്യാനും, മാതാപിതാക്കൾക്ക് മാർഗ്ഗനിർദ്ദേശം നൽകാനും, വ്യക്തികളെ മാനസികാരോഗ്യ വിദഗ്ധരിലേക്ക് റഫർ ചെയ്യാനും അവരെ പ്രാപ്തരാക്കുന്നതിനായി അധ്യാപക പരിശീലന പരിപാടികൾ നടപ്പിലാക്കുക.

7. വിദ്യാഭ്യാസ വകുപ്പിന്റെ പിന്തുണയോടെ സ്കൂൾ പാഠ്യപദ്ധതിയിൽ നിർബന്ധിത സപ്ലിമെന്ററി കോഴ്സായി ജീവിത നൈപുണ്യ വിദ്യാഭ്യാസം സ്ഥാപിക്കുക.

8. അധ്യാപകരുടെ മേൽനോട്ടത്തിൽ, എൻസിസി, സ്കൗട്ട്സ് &ഗൈഡ്സ്, എൻഎസ്എസ്, അല്ലെങ്കിൽ മറ്റ് സ്കൂൾ/കോളേജ് അധിഷ്ഠിത പ്രവർത്തനങ്ങൾ പോലുള്ള ഒരു പാഠ്യേതര പ്രവർത്തനത്തിലെങ്കിലും പങ്കെടുക്കാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക.

9. സ്കൂളുകളിൽ മതിയായ എണ്ണം കൗൺസിലർമാരെ നിയമിക്കുകയും പരിശീലനത്തിലൂടെ അവരുടെ കഴിവുകൾ വർദ്ധിപ്പിക്കുകയും ചെയ്യുക.

10. ഭാവി ജീവിതത്തിൽ പ്രതിരോധശേഷിയുള്ള വ്യക്തികളായി വളരാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന കഴിവുകളും കഴിവുകളും നൽകി പ്രൈമറി സ്കൂളുകളിൽ ഇടപെടൽ ആരംഭിക്കുക.

11. സാമൂഹിക ഉത്തരവാദിത്തവും ധാർമ്മിക പെരുമാറ്റവും പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂളുകളിൽ ജനജാഗ്രത സമതിയുടെ യോഗങ്ങൾ പതിവായി വിളിച്ചുകൂട്ടുക.

12. ഭാവി ജീവിതത്തിൽ ശക്തരായ വ്യക്തികളാകാൻ വിദ്യാർത്ഥികളെ സജ്ജരാക്കുന്ന ജീവിത നൈപുണ്യവും മറ്റ് കഴിവുകളും നൽകി പ്രൈമറി സ്കൂളുകളിൽ ഇടപെടൽ ആരംഭിക്കുക.

## കമ്മ്യൂണിറ്റി ലെവൽ

1. ഗ്രാമതലത്തിൽ ലഹരിവസ്തുക്കളുടെ ഉപയോഗ പ്രതിരോധ പരിപാടികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും പ്രാദേശിക പഞ്ചായത്തുകളെ ഉൾപ്പെടുത്തുക.

2. പഞ്ചായത്ത്, വാർഡ് തലങ്ങളിൽ ജനജാഗ്രത സമിതികളുടെ ശക്തിപ്പെടുത്തുകയും പതിവായി യോഗങ്ങൾ നടത്തുകയും ചെയ്യുക.

3. ഗ്രാമസഭാ യോഗങ്ങളിൽ മയക്കമരുന്ന് ദുരുപയോഗ വിഷയം ഒരു അജണ്ട ഇനമായി ഉൾപ്പെടുത്തുക.

## ആശുപത്രി/പരിചരണ കേന്ദ്ര തലം

1. നിലവിലുള്ള കൗൺസിലിംഗ് സെന്ററുകളിൽ മതിയായ ജീവനക്കാരെയും സൗകര്യങ്ങളെയും ഉറപ്പാക്കിക്കൊണ്ട് അവയെ വിലയിരുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.

2. ജില്ലാ ആശുപത്രികളുമായോ മെഡിക്കൽ കോളേജുകളുമായോ ബന്ധപ്പെട്ട ജില്ലാ മാനസികാരോഗ്യ പരിപാടികളുമായി സഹകരിച്ച്, എല്ലാ ബ്ലോക്കിലും കുട്ടികളെയും കൗമാരക്കാരെയും കേന്ദ്രീകരിച്ചുള്ള ലഹരിവിമുക്ത പരിപാടികൾ സ്ഥാപിക്കുക, ലഹരിവിമുക്ത കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക.

3. എല്ലാ നിയുക്ത ആശുപത്രികളിലും ലഹരിവിമുക്ത കേന്ദ്രങ്ങളിലും സൈക്യാട്രിസ്റ്റുകൾ, സൈക്കോളജിസ്റ്റുകൾ, സാമൂഹിക പ്രവർത്തകർ എന്നിവരെ നിയമിക്കുക, അവരുടെ റോളുകളും ഉത്തരവാദിത്തങ്ങളും വ്യക്തമായി നിർവചിക്കുക.

4. പ്രത്യേക പരിചരണ പരിപാടികൾ ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ, ജില്ലാ മാനസികാരോഗ്യ പരിപാടികൾ വഴിയോ സ്വകാര്യ പ്രാക്ടീസിൽ നിന്നോ കൗൺസിലർമാർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റുകൾ, മനോരോഗ സാമൂഹിക പ്രവർത്തകർ, സാമൂഹിക പ്രവർത്തകർ എന്നിവരെ കണ്ടെത്തി അധിക പിന്തുണ നൽകുക.

5. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിലെ കുട്ടികളുടെ വാർഡിൽ ലഹരിവിമുക്ത ചികിത്സ തേടുന്ന കുട്ടികളെ ഉൾക്കൊള്ളുന്നതിനായി കുറഞ്ഞത് അഞ്ച് കിടക്കകളെങ്കിലും റിസർവ് ചെയ്യുക.

## കുടുംബതലം

**മാതാപിതാക്കളെ ശാക്തീകരിക്കൽ:**

കുടുംബ ജീവിതത്തിന്റെ ഗുണനിലവാരം ഉയർത്തുക, ഫലപ്രദമായ രക്ഷാകർതൃ രീതികൾ പ്രോത്സാഹിപ്പിക്കുക, ദാമ്പത്യ സംഘർഷ മാനേജ്മെന്റ് പഠിപ്പിക്കുക എന്നിവ ലക്ഷ്യമിട്ടുള്ള പരിപാടികൾ നടപ്പിലാക്കുന്നതിലൂടെ വെല്ലുവിളി നിറഞ്ഞ സാഹചര്യങ്ങൾ കൈകാര്യം ചെയ്യാൻ മാതാപിതാക്കളെ സജ്ജരാക്കുക.

## മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള ഭാവി പരിപാടികൾ

- ഓരോ ജില്ലയിലും പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- സ്കൂൾ, കോളേജ് പരിസരങ്ങളിൽ ലഹരിവസ്തുക്കൾ വിൽക്കുന്ന കടകളുടെ ലൈസൻസുകൾ റദ്ദാക്കുക.
- എല്ലാ ജില്ലകളിലെയും കുട്ടികൾക്കായി ലഹരിവിമുക്ത കേന്ദ്രങ്ങളുടെ പ്രവർത്തനക്ഷമത ഉറപ്പാക്കുക.
- ആരോഗ്യം, സാമൂഹിക നീതി, വിദ്യാഭ്യാസ വകുപ്പുകൾ, എൻജിഒകൾ എന്നിവയുമായി സഹകരിച്ച് പ്രതിരോധ നടപടികൾ നടപ്പിലാക്കുക.
- പ്രാഥമിക പ്രതിരോധംഐസിഡിഎസ് :, കുടുംബശ്രീ, ആശ പ്രവർത്തകർ, അധ്യാപകർ തുടങ്ങിയവയിലൂടെ നേരത്തെയുള്ള തിരിച്ചറിയൽ.
- ദ്വിതീയ പ്രതിരോധംകൗൺസിലിംഗും മാനസിക പിന്തുണയും സമാനമായ : .ഇടപെടലുകളും ഉൾപ്പെടുന്ന നേരത്തെയുള്ള ഇടപെടൽ
- തൃതീയ പ്രതിരോധംസർക്കാർ ഏജൻസികൾ :, ആരോഗ്യ വകുപ്പ്, സാമൂഹിക ക്ഷേമ വകുപ്പ്, മറ്റ് പ്രസക്തമായ സ്ഥാപനങ്ങൾ എന്നിവയാൽ സൗകര്യപ്രദമായ പുനരധിവാസവും പുനഃസംയോജനവും.

## സ്ഥാപന സഹകരണങ്ങൾ

1. ഗവേഷണം, ഇടപെടലുകൾ, വൈദഗ്ധ്യം എന്നിവയ്ക്കായി സംസ്ഥാന, ദേശീയ സ്ഥാപനങ്ങളുമായും സർവകലാശാലാ സാമൂഹിക പ്രവർത്തന, മനഃശാസ്ത്ര വകുപ്പുകളുമായും പങ്കാളിത്തം സ്ഥാപിക്കുക.

2. വിവിധ സർക്കാർ വകുപ്പുകളുമായി സംയുക്ത സംരംഭങ്ങൾക്കും അധ്യാപക പരിശീലന സാമഗ്രികളുടെയും ബോധവൽക്കരണ പരിപാടികളുടെയും വികസനത്തിനും സഹകരിക്കുക.

3. ഉപജില്ലാതല അധ്യാപക പരിശീലനം നൽകുന്നതിന് എസ്സിഇആർടി, ഡയറ്റ് എന്നിവയുമായി സഹകരിച്ച് പ്രവർത്തിക്കുക.

4.മയക്കുമരുന്ന് പ്രതിരോധ പരിപാടികളെ പിന്തുണയ്ക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി പ്രവർത്തന ബന്ധങ്ങൾ സ്ഥാപിക്കുക.

5. കമ്മ്യൂണിറ്റി അധിഷ്ഠിത പരിപാടികൾ നൽകുന്നതിന് ഐസിഡിഎസ്, ആശ പ്രവർത്തകർ, കുടുംബശ്രീ, എൻജിഒകൾ എന്നിവയുമായി ഇടപഴകുക.

6. കുട്ടിയുടെ ഏറ്റവും നല്ല താൽപ്പര്യത്തിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിന് എല്ലാ ജില്ലകളിലും ചൈൽഡ് വെൽഫെയർ കമ്മിറ്റികളുമായും ജുവനൈൽ ജസ്റ്റിസ് ബോർഡുകളുമായും സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള ഒരു സംവിധാനം വികസിപ്പിക്കുക.

7. കുടുംബാധിഷ്ഠിത ലഹരിവസ്തുക്കളുടെ പ്രതിരോധ, മാനസികാരോഗ്യ സംരംഭങ്ങളിൽ കുടുംബശ്രീ യൂണിറ്റുകളെ ഉൾപ്പെടുത്തുക.

8.വിലയിരുത്തൽ, സർവേ ഉപകരണങ്ങൾ വികസിപ്പിക്കുന്നതിന് നിംഹാൻസ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് തുടങ്ങിയ സ്ഥാപനങ്ങളുമായി പങ്കാളിത്തം സ്ഥാപിക്കുക.

9.സ്കൂൾ, പഞ്ചായത്ത് കെട്ടിടങ്ങൾ അല്ലെങ്കിൽ പൊതു സ്ഥാപനങ്ങളിൽ അധ്യാപകരുമായും രക്ഷിതാക്കളുമായും പ്രാദേശിക ജന-ജാഗ്രത് സമിതികളുടെ പതിവ് മീറ്റിംഗുകൾ സംഘടിപ്പിക്കാൻ പ്രോത്സാഹിപ്പിക്കുക.

10. തിരഞ്ഞെടുത്ത ആശാ വർക്കർമാർ, ഐസിഡിഎസിലെ (ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സർവീസ്) അംഗൻവാടി അധ്യാപകർ, കുടുംബശ്രീ അംഗങ്ങൾ എന്നിവരുടെ ലഹരിവസ്തുക്കളുടെ പ്രതിരോധ പരിപാടികളിൽ അവരെ ഉൾപ്പെടുത്തുന്നതിന് അവരുടെ ശേഷി വർദ്ധിപ്പിക്കുക.